بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ


# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാള്യം 8

ലക്കം 46

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadr.in

2023 നവംബർ 16/ ഹി.ശം 1402 നുബുവ്വത്ത് 16/ 1445 ജമാദുൽ അവ്വൽ 1


## അല്ലാഹുവിന്റെ വചനം

وَ اَمَّا مَنۡ اٰمَنَ وَ عَمِلَ صَالِحًا فَلَہٗ جَزَآءَ ۨالۡحُسۡنٰی ۚ وَ سَنَقُوۡلُ لَہٗ مِنۡ اَمۡرِنَا یُسۡرًا ﴿ؕ۸۹﴾

എന്നാൽ, വിശ്വസിക്കുകയും സൽക്കർമങ്ങൾ ചെയ്യുകയും ചെയ്യുന്നവനാരോ അവന് നല്ലതായ പ്രതിഫലം ലഭിക്കുന്നതാണ്. നമ്മുടെ കൽപനയിൽനിന്ന് എളുപ്പമായ (വാക്കുകൾ) നാം അവനോടു പറയുകും ചെയ്യും.

.

(വിശുദ്ധ ഖുർആൻ 18:89)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിന സ്വ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽ മുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലുമുണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

## തിരുനബിയുടെ തിരുമൊഴികൾ

### നിഷിദ്ധമാകുന്നതിനുമുമ്പേ മദ്യം കുടിച്ചവൻ

(2464)ഹദ്റത്ത് അനസ്(റ)നിവേദനം. അബൂ ത്വൽഹത്തിന്റെ വീട്ടിൽ ആളുകളെ കള്ളുകുടിപ്പിക്കുന്നവനായിരുന്നു ഞാൻ. അന്ന് അവരുടെ കള്ള് ഈത്തപ്പഴത്തിൽനിന്നാണ്. അപ്പോൾ വിളിച്ചുപറയുന്നവനോടു ഇപ്രകാരം വിളിച്ചു പറയുവാൻ നബി(സ)തിരുമേനി കൽപ്പിച്ചു;അറിയുക! കള്ള് നിഷിദ്ധ മാക്കിയിരിക്കുന്നു. അബൂ ത്വൽഹത്ത് എന്നോടു പറഞ്ഞു, നീ പുറത്തുപോയി മദ്യം മറിച്ചുകളയുക. അങ്ങനെ ഞാൻ പുറപ്പെട്ടു അത് മറിച്ചുകളഞ്ഞു. മദീനയിലെ തെരുവീഥിയിലൂടെ അതൊഴുകാൻ തുടങ്ങി. ചിലർ പറഞ്ഞു: കള്ള് വയറ്റിലാക്കിയവരായി ചിലർ വധിക്കപ്പെട്ടുവല്ലോ. അവരുടെ സ്ഥിതി എന്താണ്? അപ്പോൾ അല്ലാഹു വചനമിറക്കി:വിശ്വസിക്കുകയും പുണ്യകർമം ചെയ്യുകയും ചെയ്തവർ മുമ്പേ കഴിച്ചതിൽ തെറ്റില്ല.

**വിശദീകരണം**:ഹദ്റത്ത് സയ്യിദ് സയ്നുൽആബിദീൻ വലിയ്യുല്ലാഹ് ശാഹ് സാഹിബ്(റ)പറയുന്നു: ഇതൊരു സ്വാഭാവികമായ ചോദ്യമായിരുന്നു. മദ്യം നിഷിദ്ധമാക്കപ്പെട്ടു എന്ന വിളംബരമുണ്ടായപ്പോൾ ചിലയാളുകളുടെ മനസ്സിലുണ്ടായി. ബദ്ർ യുദ്ധത്തിലും ഉഹദു യുദ്ധത്തിലും ചില സ്വഹാബാക്കൾ ശഹീദായിരുന്നു. അവരുടെ വയറ്റിൽ കള്ളുപോലെയുള്ള നിഷിദ്ധ വസ്തുക്കളുണ്ടായിരുന്നു. അല്ലാഹുവിന്റെ വഹ്‌യ് ഈ സംശയം ദൂരീകരിച്ചു. പറഞ്ഞു:വിശ്വസിക്കുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും ചെയ്തവരാരോ അവർ സൂക്ഷ്മതപാലിക്കുകയും വിശ്വസിക്കുകയും സുകൃതങ്ങളനുഷ്ഠക്കുകയും എന്നിട്ട് അവർ സൂക്ഷ്മതയിൽ പുരോഗതിപ്രാപിക്കുകയും വിശ്വസിക്കുകയും പിന്നീട് ഭയഭക്തിയിൽ കൂടുതൽ പുരോഗതി പ്രാപിക്കുകയും സൽക്കാര്യങ്ങൾ ചെയ്യുകയും ചെയ്യുന്നതായാൽ അവർ ഏതൊന്നു ഭക്ഷിക്കുന്നുവോ അതിലവർക്ക് കുറ്റമൊന്നുമില്ല. അല്ലാഹു നന്മ പ്രവർത്തിക്കുന്നവരെ ഇഷ്ടപ്പെടുന്നു.(5:94)

## ഈ ലക്കത്തിൽ


| |
|---|
| ജുമുഅ ഖുത്വ്ബ 2023 ഒക്ടോബർ06 (സമ്പൂർണ തർജമ) |
| ജുമുഅ ഖുത്വ്ബ 2023 ഒക്ടോബർ13 (സമ്പൂർണ തർജമ) |
| മൽഫൂദാത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) |


**ഞാൻ നിങ്ങളെ ഉപദേശിക്കുകയാണ്, അബൂബക്റിന്റേയും സ്വഹാബത്തിന്റേയും(റ) ഈമാനുണ്ടാക്കുക. കാരണം അതിൽ സൽഭാവനയും സഹനവുമുണ്ട്. അത് ധാരാളം അനുഗ്രങ്ങളുടേയും കനികളുടേയും ഫലമാണ്. ദൃഷ്ടാന്തം കണ്ടുകൊണ്ട് അംഗീകരിക്കുകയും വിശ്വസിക്കുകയും ചെയ്യുക എന്നത് തങ്ങളുടെ ഈമാനിന് നിബന്ധനവെക്കലാണ്. ഇതു ബലഹീനമാണ്. പൊതുവെ ഫലം കായ്ക്കുന്നതാകുകയില്ല.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### ഹദ്റത്ത് അബൂബക്ർ(റ)ന്റെ ഈമാൻ.

എഴിതിയിരിക്കുന്നു, അദ്ദേഹം കച്ചവടത്തിൽനിന്ന് തിരിച്ചുവരുമ്പോൾ മക്കയിലെത്തുന്നതിനുമുമ്പേ വഴിയിൽ ഒരാളെ കണ്ടു. എന്തെങ്കിലും പുതിയ വർത്തമാനമുണ്ടോ എന്ന് അവിടന്ന് അയാളോടു ചോദിച്ചു. അയാൾ പറഞ്ഞു:പറയത്തക്ക മറ്റുകാര്യങ്ങളൊന്നുമില്ല, ഒരു കാര്യം തീർച്ചയായുമുണ്ടായിട്ടുണ്ട്. അങ്ങയുടെ സ്നേഹിതൻ നബിയാണെന്ന് വാദിച്ചിരിക്കുന്നു. അബൂബക്ർ അവിടെനിന്നുകൊണ്ട് പറഞ്ഞു, അദ്ദേഹം നബിയാണെന്നു വാദിച്ചിട്ടുണ്ടെങ്കിൽ സത്യവാനാണ്. അങ്ങനെ മക്കയിലെത്തിയപ്പോൾ നബി(സ)തിരുമേനിയെ കണ്ടു. അദ്ദേഹത്തോടു ചോദിച്ചു, അങ്ങ് സത്യത്തിൽ നബിയാണെന്നു വാദിച്ചിട്ടുണ്ടോ? അവിടന്നു പറഞ്ഞു: വാദിച്ചിട്ടുണ്ട്. ഇതു കേട്ടപാടെ അദ്ദേഹം വിശ്വസിച്ചു. ഹദ്റത്ത് അബൂബക്റിന് വിശ്വസിക്കാൻ ഒരു ദിവ്യാത്ഭുതത്തിന്റേയും ആവശ്യം വന്നില്ല. വ്യക്തിപരമായി പരിചയമില്ലാത്തവർക്കാണ് മുഅ്ജിസത്ത് അഥവാ ദിവ്യാത്ഭുതത്തിന്റെ ആവശ്യം വേണ്ടിവരുന്നത്. എന്നാൽ, ആർക്കാണോ വ്യക്തിപരമായ പരിചയമുള്ളത് അവർക്ക് ദിവ്യാത്ഭുതത്തിന്റെ ആവശ്യമില്ല, അവരൊട്ടു ആതാഗ്രഹിക്കുന്നതുമില്ല. ഇക്കാരണത്താലാണ് ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)ദിവ്യാത്ഭുതം ചോദിക്കാതിരുന്നത്. കാരണം നബി(സ)തിരുമേനിയുടെ ജീവിതാവസ്ഥകൾ അദ്ദേഹത്തിന് നല്ലവണ്ണം അറിയാമായിരുന്നു. അദ്ദേഹം സാത്വികനും വിശ്വസ്തനുമാണെന്നും കള്ളനും കെട്ടിച്ചമച്ചു പറയുന്നവനുമല്ലെന്നും! ഏതെങ്കിലും മനുഷ്യനെ കുറിച്ച് കെട്ടിയുണ്ടാക്കി പറയാത്തവൻ അല്ലാഹുവിന്റെ പേരിൽ ഒരിക്കലും കെട്ടിയുണ്ടാക്കി പറയാൻ തന്റേടം കാണിക്കുകയില്ല.

അതിനാൽ ഇക്കാര്യം ഓർമ വെക്കേണ്ടതാണ്. അടയാളം ചോദിക്കുന്നത് കളവു പറഞ്ഞതാകാമെന്ന് സംശയമുണ്ടാകുമ്പോഴാണ്. എന്നാൽ, വാദിച്ചിട്ടുള്ളയാൾ സത്യവാനും വിശ്വസ്തനുമാണെന്ന ദൃഢവിശ്വസം ഉണ്ടായിരിക്കെ പിന്നീട് അടയാളത്തിന്റെ ആവശ്യംതന്നെ വരുന്നില്ല. ഇതും ഓർമവെക്കേണ്ടതാണ്, അടയാളം കാണാനാഗ്രഹിക്കുന്നവരും നിർബന്ധം പിടിക്കുന്നവരും ആഴത്തിലുള്ള വിശ്വാസികളായിരിക്കുകയില്ല. പ്രത്യുത അവരെപ്പോഴും ആശങ്കാവസ്ഥയിലായിരിക്കുമുണ്ടാകുക. അദൃശ്യത്തിലുള്ള വിശ്വാസത്തിന്റെ ഫലങ്ങൾ അവർക്കു കിട്ടുകയില്ല. കാരണം അദൃശ്യത്തിലുള്ള വിശ്വാസത്തിന്റെ ഉള്ളിൽ ഒരു നന്മയുടെ സൽഭാവനയുമുണ്ടാകും. ഇതുകൊണ്ട് എടുത്തു ചാടുന്നവൻ ദൗർഭാഗ്യനായിത്തീരുന്നു. അവൻ അടയാളം കാണുന്നതിന് ധിറുതി കാണിക്കുകയും സമ്മർദം ചെലുത്തുകയും ചെയ്യുന്നു. ഈസാനബിയുടെ ഹവാരീങ്ങൾ ഭക്ഷണത്തളിക ഇറക്കുന്നതിന് സമ്മർദം ചെലുത്തി. അപ്പോൾ അല്ലാഹു തടയുകയും ചെയ്തു. പറഞ്ഞു: നാം നിങ്ങൾക്ക് ഭക്ഷണത്തളിക ഇറക്കിത്തരുന്നതാണ്. പക്ഷേ, ഭക്ഷണത്തളിക ഇറക്കിയതിനുശേഷം ആരാണോ നിഷേധിക്കുന്നത് അവരുടെമേൽ കഠിനശിക്ഷ ഇറങ്ങുന്നതായിരിക്കും. വിശുദ്ധ ഖുർആനിൽ ഇക്കാര്യം പറഞ്ഞതുകൊണ്ടുള്ള നേട്ടം ഏറ്റവും നല്ല ഈമാൻ ഏതാണെന്ന് പറയുക എന്നതാണ്. യാഥാർഥ്യമെന്താണെന്നാൽ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ തെളിവിന്റെയൊന്നും ആവശ്യമില്ലാത്തവിധം വ്യക്തമായിട്ടാണുണ്ടാകുന്നത്. പക്ഷേ, അവയോടൊപ്പം ഒരു ഭാഗത്ത് ന്യായപൂർത്തീകരണമുണ്ടാകുന്നു. മറുഭാഗത്ത് ഉമ്മത്ത് അഥവാ സമുദായത്തിന് പരീക്ഷണവും. അതുകൊണ്ട് അവയിലുണ്ടാകുന്ന ചില കാര്യങ്ങൾ പരീക്ഷണമുൾക്കൊള്ളുന്നതായിരിക്കും. ദൃഷ്ടാന്തങ്ങൾ ആവശ്യപ്പെടുന്നവർ ധ്ധടിതിക്കാരും സൽഭാവനയിൽ ഭാഗഭാക്കാകാത്തവരുമായിരിക്കും. അവരുടെ പ്രകൃതിയിൽ ഒരു സന്ദേഹവും സംശയവുമുണ്ടാക്കാനുള്ള ബീജമുണ്ടാകുന്നു. അപ്പോഴാണവർ ദൃഷ്ടാന്തം ചോദിക്കുന്നത്. അതുകൊണ്ട് അവർ ദൃഷ്ടാന്തം കാണുമ്പേൾ അനാവശ്യമായ നിലയിൽ അതിന് വ്യാഖ്യാനം നല്കാൻ തുടങ്ങുന്നു. അതിനെ ചിലപ്പോൾ ഇന്ദ്രജാലമെന്ന് പറയുന്നു. ചിലപ്പോൾ വേറെന്തെങ്കിലും പേര് വെക്കുന്നു. ചുരുക്കത്തിൽ ആ സംശയമുണ്ടാക്കുന്ന സ്വഭാവം അവരെ സത്യമായ കാര്യത്തിൽനിന്ന് അകറ്റിക്കൊണ്ടുപോകുന്നു. അതുകൊണ്ട് ഞാൻ നിങ്ങളെ ഉപദേശിക്കുകയാണ്, അബൂബക്റിന്റേയും സ്വഹാബത്തിന്റേയും(റ) ഈമാനുണ്ടാക്കുക. കാരണം അതിൽ സൽഭാവനയും സഹനവുമുണ്ട്. അത് ധാരാളം അനുഗ്രങ്ങളുടേയും കനികളുടേയും ഫലമാണ്. ദൃഷ്ടാന്തം കണ്ടുകൊണ്ട് അംഗീകരിക്കുകയും വിശ്വസിക്കുകയും ചെയ്യുക എന്നത് തങ്ങളുടെ ഈമാനിന് നിബന്ധനവെക്കലാണ്. ഇതു ബലഹീനമാണ്. പൊതുവെ ഫലം കായ്ക്കുന്നതാകുകയില്ല. അതേ! മനുഷ്യൻ സൽഭാവനയോടുകൂടി വിശ്വസിക്കുമ്പോൾ അല്ലാഹു അത്തരം മുഅ്മിനീങ്ങളുടെ ഈമാൻ വർധിക്കുന്നതിന് നിമിത്തമാകുന്ന തും മനഃസംതൃപ്തിക്ക് കാരണമാകുന്നതുമായ ദൃഷ്ടാന്തം കാണിക്കുന്നു. അല്ലാഹുതന്നെ അവരെ ദൃഷ്ടാന്തവും അല്ലാഹുവിന്റെ അടയാളവുമാക്കുന്നു. ഇക്കാരണത്താലാണ് ജനങ്ങളുടെ ഇംഗിതമനുസരിച്ചുള്ളദൃഷ്ടാന്തം ഒരു നബിയും കാണിക്കാതിരുന്നത്. സത്യസന്ധനായ മുഅ്മിൻ ചെയ്യേണ്ടത് ഒരിക്കലും തന്റെ ഈമാനിനെ ദൃഷ്ടാന്തത്തിലധിഷ്ഠിതമാക്കാതിരിക്കുക എന്നതാണ്.

(മൽഫൂദാത്ത് വാള്യം 1, പേജ് 496, പ്രസാധനം 2018 ഖാദിയാൻ)

**. നബി(സ)തിരുമേനിയല്ലാതെ ഒരാളും സമ്പൂർണ അബ്ദായിട്ടില്ല. ആ നബി മുഖേന മുമ്പേയുള്ള ആർക്കും നല്കപ്പെട്ടിട്ടില്ലാത്ത അറിവ് നിങ്ങൾക്ക് നല്കപ്പെട്ടിരിക്കുന്നു. നബി(സ)തിരുമേനിക്ക് ദുആ പഠിപ്പിക്കപ്പെട്ടു, ഖുൽർറബ്ബി സിദ്നീ ഇൽമാ(20:115) അതായത് ഏ മുഹമ്മദേ! നീ അല്ലാഹുവിനോടു ദുആ ചെയ്തുകൊണ്ടിരിക്കുക ഇലാഹീ! എന്റെ അറിവ് ഇനിയും വർധിപ്പിച്ചാലും.**

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)സൂറ കഹ്ഫിലെ 66-ാമത്തെ വചനമായ ഫ വജദാ അബ്ദൻമ്മിൻഇബാദിനാ ആത്തയ്നാഹു റഹ്മത്തൻമ്മിൻ ഇൻദിനാ വ അല്ലംനാഹു മിൻല്ലദുന്നാ ഇൽമൻ (അപ്പോൾ നമ്മുടെ(വരിഷ്ഠ)ദാസന്മാരിൽ നിന്നുള്ള ഒരു വിശിഷ്ടദാസനെ അവർ രണ്ടുപേരും കണ്ടെത്തി. അദ്ദേഹത്തിന് നാം നമ്മുടെ പക്കൽനിന്നുള്ള(മഹത്തായ) കാരുണ്യം നല്കുകയും നമ്മുടെയടുക്കൽ നിന്ന് അദ്ദേഹത്തിന് (പ്രത്യേകമായ)ജ്ഞാനം പ്രദാനം ചെയ്യുകയും ചെയ്തിട്ടുണ്ട്.)

(ശേഷം പേജ് 12ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

- ഒന്നാമതായി അസ്മാഇന്റെയും അബൂ അഫക് യഹൂദിയുടെയും വധത്തെ സംബന്ധിച്ച കഥ നിവേദകരുടെയും നിവേദനങ്ങളുടെയും അടിസ്ഥാനത്തിൽ ശരിയാണെന്ന് തെളിയുന്നില്ല. ഇനി അത് സംഭവിച്ചുവെന്നുതന്നെ കരുതിയാൽ പോലും അക്കാലഘട്ടത്തിലെ സാഹചര്യങ്ങൾക്കു കീഴിൽ അത് ആക്ഷേപാർഹമാകുന്നില്ല.
- അസ്മാഇന്റേയും അബൂഅഫക് യഹൂദിയുടേയും വധത്തെ സംബന്ധിച്ച് ഒരു ഹദീഥുഗ്രന്ഥങ്ങളിലും കാണുന്നില്ല. എന്നല്ല ആരംഭകാലത്തെ ചരിത്രകാരന്മാർ ഇതിൽ മൗനം പാലിക്കുന്നതും ഇതു കെട്ടുകഥയാണെന്നാണ് സ്ഥാപിക്കുന്നത്. എങ്ങനെയോ ചില നിവേദനങ്ങളിൽ കയറിക്കൂടി ചരിത്രത്തിന്റെ ഭാഗമായിത്തീർന്നതാണ്.
- ഏതു ഭാഗത്തൂടെ നോക്കുകയാണെങ്കിലും ഈ കഥ ശരിയാണെന്ന് സ്ഥാപിതമാകുന്നില്ല. ഒളിഞ്ഞിരിക്കുന്ന ഏതോ ഇസ്ലാമിന്റെ ശത്രു ഏതോ മുസ്ലിന്റെ പേരിൽ ഈ കഥ വിവരിച്ചതാണ്. പിന്നീട് മുസ്ലിം നിവേദകരിൽ അതു കടന്നുകൂടി. അല്ലെങ്കിൽ ഏതോ ദുർബലനായ മുസ്ലിം തന്റെ ഗോത്രത്തിൽ ഈ വ്യാജമായ അഭിമാനമുണ്ടാക്കുന്നതിന് അതുമായി ബന്ധപ്പെട്ട ആളുകൾ ഉപദ്രവകാരിയായ അവിശ്വാസിയെ കൊന്നിട്ടുണ്ടാകും. അങ്ങനെ ഈ നിവേദനങ്ങൾ ചരിത്രത്തിൽ കടന്നുകൂടിയതുമാകാം. വല്ലഹു അഅ്ലം
- അല്ലാഹു കാലഘട്ടത്തിന്റെ ഇമാമിനെ വിശ്വസിക്കാൻ തൗഫീഖ് നൽകിയത് നമുക്കുമേലുള്ള അവന്റെ വലിയ ഔദാര്യമാകുന്നു. നമ്മളോരോ കാര്യവും  ശരിയായ നിലയിൽ വിശകലനം ചെയ്ത് അതിന്റെ യാഥാർഥ്യം മനസ്സിലാക്കിയശേഷം വിവരിക്കാൻ ശ്രമിക്കുന്നു. നബി(സ)തിരുമേനിയുടെ അസ്തിത്വത്തെ ബാധിക്കുന്ന സകല ആക്ഷേപങ്ങളെയും നമ്മളകറ്റാൻ ശ്രമിക്കുകയും ചെയ്യുന്നു.
- പരിഹാസകവിതകളിലൂടെ നബി(സ)തിരുമേനിയെ വധിക്കുന്നതിന് പ്രേരിപ്പിച്ച ഇസ്ലാമിന്റെ ശത്രുവായ അബൂഅഫക് യഹൂദിയുടെ വധത്തെ സംബന്ധിച്ച സംഭവങ്ങളുടെ പഠനാർഹമായ പരിശോധന.
- പ്രൊഫസർ ഡോക്ടർ നാസിർ അഹ് മദ് ഖാൻ സാഹിബ് പ്രവേസ് പ്രവാസി ഓഫ് കനഡ. ശരീഫ് അഹ് മദ് ഭട്ടി സാഹിബ് ഓഫ് റബ്വ, നവാബ് ശാഹ് മുൻ ജില്ല അമീറായിരുന്ന പ്രൊഫസർ അബ്ദുൽഖാദിർ ഡാഹരി സാഹിബ്, പ്രൊഫസർ ഡോക്ടർ മുഹമ്മദു ശരീഫ് ഖാൻ സാഹിബ് ഓഫ് അമേരിക്ക് എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.

**ഖുത്ബ ജുമുഅ 2023 ഒക്ടോബർ 06/1402 അഖാ 06**
**മസ്ജിദ് മുബാറക്ക്, ഇസ്ലാമാബാദ്,യു.കെ**

ഖുത്വ്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

അസ്മാഇന്റെ വധത്തെ സംബന്ധിച്ച് കഴിഞ്ഞ ഖുത്ബയിൽ വിവരിച്ചിരുന്നു. അതിൽ ഇതുപോലുള്ള മറ്റൊരു സംഭവവുമുണ്ടെന്ന് ഞാൻ പറഞ്ഞിരുന്നു. ഈ സംഭവവും കേവലം ഒരു കെട്ടു കഥയാണ്. ഇത് അബൂഅഫക് യഹൂദിയുടെ വധത്തെ കുറിച്ചുള്ളതാകുന്നു. നബിചരിത പുസ്തകങ്ങളിൽ അബൂ അഫക് യഹൂദിയുടെ വധത്തെ പറ്റിയുള്ള ഒരു കെട്ടുകഥ വിവരിക്കപ്പെട്ടിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ഇപ്രകാരമാകുന്നു; അഥവാ ഇങ്ങനെ പറയപ്പെടുന്നു: ഒരു ദിവസം നബി(സ)തിരുമേനി സ്വഹാബാക്കളോട് പറഞ്ഞു: 'ആർക്കാണ് ഈ ദുഷ്ടനെ അതായത് അബൂ അഫകിനെ ഒതുക്കാൻ കഴിയുക?' അതായത് ആർക്കാണ് അയാളെ വധിക്കാൻ കഴിയുക? അബൂ അഫക്  പടുവൃദ്ധനായിരുന്നു. അയാൾക്ക് 120 വയസ്സുണ്ടായിരുന്നുവെന്നും പറയപ്പെടുന്നു. അയാൾ ജനങ്ങളെ നബി(സ)തിരുമേനിക്കെതിരിൽ ഇളക്കിവിട്ടിരുന്നു. തന്റെ കവിതകളിൽ നബി(സ) തിരുമേനിക്കെതിരിൽ മോശമായും അപമര്യാദയായും പറയുമായിരുന്നു. നബി(സ)തിരുമേനിയുടെ കൽപ്പന കേട്ടപ്പോൾ ഹദ്റത്ത് സാലിം ബിൻ ഉമയ്ർ എഴുന്നേറ്റു. ഇദ്ദേഹം അല്ലാഹുവിനെക്കുറിച്ചുള്ള ഭയത്താൽ വളരെയധികം കരയുന്ന ആളുകളിൽപ്പെട്ടയാളായിരുന്നു. ഇദ്ദേഹം ബദ്ർ യുദ്ധത്തിലും പങ്കെടുത്തിട്ടുണ്ട്. ഏതായാലും ഇദ്ദേഹം പറയുന്നു: ഞാൻ അതിന് നേർച്ചയാക്കിയിരിക്കുന്നു. ഒന്നുകിൽ ഞാൻ അയാളെ അതായത് അബൂ അഫകിനെ വധിക്കും, അല്ലെങ്കിൽ ഈ പരിശ്രമത്തിൽ ഞാൻ എന്റെ ജീവൻ ത്യജിക്കുന്നതാണ്. തുടർന്ന് ഹദ്റത്ത് സാലിം ബിൻ ഉമയ്ർ(റ)തക്കം പാർത്ത് കഴിയുകയായിരുന്നു. ഒരു ദിവസം രാത്രി നല്ല ചൂടുള്ള കാലാവസ്ഥയിൽ അബൂ അഫക് തന്റെ വീടിനുപുറത്ത് ഉറങ്ങുകയായിരുന്നു. ഹദ്റത്ത് സാലിം ഇതറിഞ്ഞപ്പോൾ ഉടനെ പുറപ്പെട്ടു, അവിടെയെത്തി ഹദ്റത്ത് സാലിം തന്റെ വാൾ അയാളുടെ നെഞ്ചിൽ കുത്തിയമർത്തി, എത്രത്തോളമെന്നാൽ അത് അയാളുടെ പുറത്തുകൂടെ കടന്ന് കിടക്കയിൽ അമരുകയുണ്ടായി. അപ്പോൾ അബൂഅഫക് ഭയാനകമായ നിലയിൽ നിലവിളിച്ചു. ഹദ്റത്ത് സാലിം അയാളെ അങ്ങനെതന്നെ വിട്ടുകൊണ്ട് തിരിച്ചുവന്നു. അബൂഅഫകിന്റെ നിലവിളി കേട്ടപ്പോൾ ആളുകൾ ഓടിവന്നു. അയാളുടെ ചില കൂട്ടുകാർ ഉടൻതന്നെ അയാളെ വീട്ടിനുള്ളിൽ കൊണ്ടുപോയി. പക്ഷേ, ആ ദൈവശത്രു മാരകമായി പരിക്കേറ്റതിനാൽ മരണപ്പെട്ടു.(അസ്സീറത്തുൽഹൽബിയ്യ വാള്യം 3, പേജ് 300, ദാറുൽമഅ്രിഫ ബെയ്റുത്ത് 2012)

ഈ സംഭവം ഒരു ചരിത്ര ഗ്രന്ഥത്തിൽ ഇങ്ങനെയാണ്  രേഖപ്പെടുത്തിയിട്ടുള്ളത്. ഈ വിവരണം ഏതെങ്കിലും പ്രാമാണികമായ രീതിയിൽ നിവേദനം ചെയ്യപ്പെട്ടിട്ടില്ല. സ്വിഹാഹുസ്സിത്തയിലും ഇത് വന്നിട്ടില്ല.

സീറത്തുൽ ഹൽബിയ്യ, ശറഹ് സർഖാനി, ത്വബഖാത്തുൽ കുബ്റാ ഇബ്നു സഅ്ദ്, സീറത്തുന്നബ്വിയ്യ ഇബ്നു ഹിശാം, അൽബദായ വന്നഹായ്യ, കിത്താബുൽ മഗാസി അൽവാഖ്ദി, സുബുലുൽ ഹുദാ വർറശാദ് തുടങ്ങിയ ചില നബിചരിത്രങ്ങളിൽ ഈ സംഭവം വന്നിട്ടുണ്ട്. എന്നാൽ, അൽകാമിലു ഫിത്താരീഖ്, താരീഖ് ത്വിബ്രി, താരീഖ് ഇബ്നു ഖൽദൂൻ മുതലായ ചരിത്ര ഗ്രന്ഥങ്ങളിലൊന്നുംതന്നെ ഈ സംഭവം രേഖപ്പെടുത്തിയിട്ടില്ല. പക്ഷേ, നേരത്തെ വിവരിച്ചതുപോലെ ചില ചരിത്രങ്ങളിൽ ഈ സംഭവം കാണുന്നുണ്ട്.

അസ്മായുടെ സംഭവത്തെ, അവൾ ജനങ്ങളെ നബി(സ)തിരുമേനിയോടുള്ള  വിരോധത്തിലും ശത്രുതയിലും ഇളക്കി വിടാറുണ്ടായിരുന്നുവെന്ന് പറഞ്ഞതുപോലെ ഇതിലും ഇത്തരം സാക്ഷ്യങ്ങളാണ് വിവരിക്കപ്പെടുന്നത്. ബദ്ർ യുദ്ധത്തിനുശേഷം ഇയാൾ വെറുപ്പിലും വിദ്വേഷത്തിലും അതിരുകടക്കുകയും പ്രത്യക്ഷ രാജ്യദ്രോഹിയായി മാറുകയും ചെയ്തിരുന്നു.

അബൂ അഫകിന്റെ വധത്തെ സംബന്ധിച്ചുള്ള പരസ്പര വിരുദ്ധങ്ങളായ നിവേദനങ്ങൾ ഈ സംഭവമുണ്ടായെന്ന് പറയുന്നതിനെ  സംശയത്തിലാക്കുന്നു. ഉദാഹരണമായി ഒന്ന്, ഘാതകനെ സംബന്ധിച്ച അഭിപ്രായഭിന്നത. ഇബ്നു സഅ്ദിന്റെയും വാഖ്ദിയുടെയും വീക്ഷണത്തിൽ അബൂഅഫകിന്റെ ഘാതകൻ സാലിം ബിൻ ഉമയ്റായിരുന്നു. എന്നാൽ, മറ്റു ചില നിവേദനങ്ങളിൽ സാലിം ബിൻ ഉമർ എന്ന് പറയുന്നു. പക്ഷേ, ഇബ്നു ഉഖ്ബയുടെ വീക്ഷണത്തിൽ സാലിം ബിൻ അബ്ദുല്ലാഹ് ബിൻ ഥാബിത്ത് അൻസ്വാരിയാണ് അയാളെ വധിച്ചത്. രണ്ടാമത്തെ ഭിന്നത വധിക്കാനുണ്ടായ കാരണത്തെപ്പറ്റിയാകുന്നു. ഇബ്നു ഹിശാമും വാഖ്ദിയും സാലിമും സ്വയം ആവേശത്തിലായി അയാളെ വധിച്ചുവെന്ന് പറയുന്നു. അതേസമയം മറ്റു ചില നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ നബി(സ) തിരുമേനിയുടെ കൽപ്പന പ്രകാരമാണ് വധിച്ചതത്രെ!(ശറഹ് സർഖാനീ, ഭാഗം 2, പേജ് 347, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റുത്ത് 1996)(അസ്സീറത്തുന്നബ്വിയ്യ ലി ഇബ്നി ഹിശാം, പേജ് 887, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റുത്ത് 2001)(കിതാബുൽമഗാസി ലിൽവാഖ്ദി, വാള്യം 1, പേജ് 163, ദാറുൽകുതുബുൽഇൽമിയ്യ, 2013)(സുബുലുൽഹുദാ വർശാദ് ഫീ സീറത്തി ഖയ്രിൽ

ഇബാദ്, വാള്യം 6, പേജ് 23, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത് 1993)

ഇബ്നു ഹിശാം ഇങ്ങനെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മൂന്നാമത്തെ ഭിന്നത അയാളുടെ മതത്തെ സംബന്ധിച്ചുള്ളതാണ്. ഇബ്നു സഅ്ദിന്റെ വീക്ഷണത്തിൽ അയാൾ യഹൂദിയായിരുന്നു. എന്നാൽ, വാഖ്ദിയുടെ അഭിപ്രായത്തിൽ അയാൾ യഹൂദിയല്ല. (അത്ത്വബഖാത്തുൽകുബ്റാ ലി ഇബ്നി സഅ്ദ്, വാള്യം 2, പേജ് 21, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റുത്ത് 1990) (കിതാബുൽമഗാസി ലിൽവാഖ്ദി, വാള്യം 1, പേജ് 163, ദാറുൽകുതുബുൽഇൽമിയ്യ, 2013)

ഇനി വധിച്ച കാലത്തെപ്പറ്റിയും ഭിന്നതയുണ്ട്. വാഖ്ദിയും ഇബ്നു സഅ്ദും ഇത് അസ്മാ ബിൻത് മർവാനിന്റെ വധത്തിനു ശേഷമാണെന്ന് പറയുന്നു. എന്നാൽ, ഇബ്നു ഇസ്ഹാഖും ഇബ്നു ഹിശാമും അസ്മായുടെ വധത്തിനു മുമ്പേയാണെന്ന് എഴുതുന്നു. (അത്ത്വബഖാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ്, വാള്യം 2, പേജ് 20-21, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റുത്ത് 1990)(കിതാബുൽമഗാസി ലിൽവാഖ്ദി, വാള്യം 1, പേജ് 161, 163, ദാറുൽകുതുബുൽഇൽമിയ്യ, 2013) (അസ്സീറത്തുന്നബ്വിയ്യ ലി ഇബ്നി ഹിശാം, പേജ് 886-887, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റുത്ത് 2001)

ഇത്തരം പ്രകടമായ വൈരുദ്ധ്യങ്ങളിൽനിന്ന് ഈ സംഭവം കെട്ടിച്ചമച്ചതും വ്യാജവുമാണെന്നും ഈ കഥയ്ക്ക് ഒരുവിധ അടിസ്ഥാനവുമില്ലെന്നും വ്യക്തമാകുന്നുണ്ട്.

ഇനി അബൂഅഫകിന്റെ വധം ശരിയാണെന്ന് അംഗീകരിക്കുകയാണെങ്കിൽത്തന്നെ രാജ്യത്തലവനെ വധിക്കാൻ ജനങ്ങളെ ഇളക്കിവിടുന്നതും ആക്ഷേപകവിതകളുണ്ടാക്കി ജനങ്ങളെ യുദ്ധത്തിന് പ്രേരിപ്പിക്കുന്നതും പൊതുസമാധാനത്തെ അപകടത്തിലാക്കുന്നതും യുദ്ധാഗ്നിയെ ആളിക്കത്തിക്കുന്നതും അയാളുടെ വധശിക്ഷക്ക് മതിയായ കാരണങ്ങളാകുന്നു. ഇന്നും ഭരണകൂടങ്ങൾ തങ്ങൾക്കെതിരിൽ കലാപം തെളിയിക്കപ്പെട്ടാൽ വധശിക്ഷ നൽകാറുണ്ട്. തെറിപറഞ്ഞു എന്നതുമാത്രം ഈ വധത്തിനു കാരണമാകാൻ നിവൃത്തിയില്ല. അസ്മായുടെ സംഭവത്തെപ്പോലെ അബൂഅഫ്ഖിന്റെ വധത്തിനുശേഷവും യഹൂദികൾ ഒരു വിധത്തിലും പ്രതികരിച്ചതായി കാണുന്നില്ല.

ഇയാളുടെ വധത്തിനുശേഷം യഹൂദികൾ പ്രതികരിക്കേണ്ടതായിരുന്നു. എന്നാൽ, ഒരു പ്രതികരണവും കാണപ്പെടുന്നില്ല. ഇവരുടെ നിശബ്ദത ഇതൊരു കെട്ടുകഥയാണെന്നതിന് ശക്തമായ തെളിവാകുന്നു. മറ്റൊരു കാര്യം ഓർക്കാനുള്ളതെന്തെന്നാൽ ഈ സംഭവങ്ങളുണ്ടായത് ബദ്ർ യുദ്ധത്തിന് തൊട്ടു മുമ്പേയോ തൊട്ടു ശേഷമോ ആണെന്ന് പറയപ്പെടുന്നു. എന്നാൽ, എല്ലാ ചരിത്രകാരന്മാരും യഹൂദികളുമായി മുസ്‌ലിമീങ്ങൾ ഏറ്റവുമാദ്യം ഏറ്റുമുട്ടിയത് ബനൂ ഖയ്നഖാഅ് യുദ്ധത്തിലാണെന്ന കാര്യത്തിൽ ഏകാഭിപ്രായക്കാരാകുന്നു. ബദ്റിനു മുമ്പേയും ഇത്തരം വല്ല സംഭവവും ഉണ്ടായിരുന്നെങ്കിൽ അതിനു വിധേയമായി ഇങ്ങനെയൊരു സംഭവവും ഉണ്ടായിയെന്ന് തീർച്ചയായും രേഖപ്പെടുത്തുമായിരുന്നു. അങ്ങനെ യഹൂദികൾക്ക് അബൂഅഫകിന്റെയും അസ്മാഇന്റേയും വധത്തിന്റെ അടിസ്ഥാനത്തിൽ മുസ്‌ലിമീങ്ങളാണ് പ്രശ്നങ്ങൾക്ക് ആരംഭം കുറിച്ചതെന്ന് യഹൂദികൾ ആക്ഷേപിച്ചാൽ അത് ശരിയാകുമായിരുന്നുതാനും. എന്നാൽ, മദീനയിലുള്ള യഹൂദികൾ ഈ സംഭങ്ങളെ എടുത്തുകൊണ്ട് ഒരിക്കലും അത്തരമൊരു പ്രശ്നം ഉന്നയിച്ചതായിപ്പോലും കാണാൻ സാധ്യമല്ല.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)സീറത്ത് ഖാത്തമുന്നബിയ്യീൻ എന്ന ഗ്രന്ഥത്തിൽ അസ്മാഇന്റേയും അബൂഅഫകിന്റേയും വധത്തെ സംബന്ധിച്ചുളള കെട്ടുകഥയെ പരാമർശിച്ചുകൊണ്ട് പറയുന്നു: വാഖ്ദിയും മറ്റു ചരിത്രകാരന്മാരും രേഖപ്പെടുത്തിയിരിക്കുന്ന ബദ്ർ യുദ്ധത്തിനുശേഷമുള്ള അവസ്ഥകളെ സംബന്ധിച്ചുള്ള പരാമർശത്തിൽ പറയുന്ന രണ്ട് സംഭവങ്ങളെപ്പറ്റി ഹദീഥ് ഗ്രന്ഥങ്ങളിലോ ശരിയായ ചരിത്ര നിവേദനങ്ങളിലോ ഒരുവിധ അടയാളവും കാണപ്പെടുന്നില്ല. നിവേദനത്തിന്റെ അടിസ്ഥനത്തിലും അതു ശരിയാണെന്ന് തെളിയുന്നില്ല. പക്ഷേ, ഇതിൽ നബി(സ)തിരുമേനിക്കെതിരിൽ പ്രത്യക്ഷത്തിൽ ആക്ഷേപമുന്നയിക്കാൻ ഒരു അവസരം കിട്ടുന്നതുകൊണ്ട് ചില ക്രിസ്തീയ ചരിത്രകാരന്മാർ തങ്ങളുടെ പതിവു ശീലമനുസരിച്ച് അനുചിതമായ നിലയിൽ ഇത് വിവരിച്ചിട്ടുണ്ട്. ഈ കെട്ടുകഥകൾ ഇങ്ങനെ രേഖപ്പെടുത്തുന്നു: മദീനയിൽ അസ്മാഅ് എന്ന് പേരുള്ള ഒരു സ്ത്രീ താമസിച്ചിരുന്നു. ഇവിടെ അസ്മാഇന്റെ പരാമർശം വീണ്ടും വരികയാണ്. അവൾ നബി(സ) തിരുമേനിയുടെ കഠിന ശത്രുവായിരുന്നു, മാത്രമല്ല നബി(സ)തിരുമേനിക്കെതിരിൽ വളരെയേറെ വിഷം ചീറ്റുകയും തന്റെ പ്രകോപനപരമായ കവിതകളിലൂടെ നബി(സ)തിരുമേനിക്കെതിരിൽ ജനങ്ങളെ ഇളക്കിവിടുകയും ആ മഹാത്മാവിനെ വധിക്കാൻ പ്രേരിപ്പിക്കുകയും ചെയ്തിരുന്നു. ഒടുവിൽ ഒരു അന്ധനായ സ്വഹാബി ഉമയ്ർ ബിൻ അദിയ്യ് പ്രകോപിതനാകുകയും അവൾ രാത്രി നേരത്ത് തന്റെ വീട്ടിൽ ഉറങ്ങിക്കിടക്കുമ്പോൾ അവളെ കൊല്ലുകയും ചെയ്തു. നബി(സ)തിരുമേനി ഇതേക്കുറിച്ച് അറിഞ്ഞപ്പോൾ ആ സ്വഹാബിയെ കുറ്റപ്പെടുത്തിയില്ലെന്ന് മാത്രമല്ല ഒരു തരത്തിൽ ഈ പ്രവർത്തിയിൽ അദ്ദേഹത്തെ ശ്ലാഘിക്കുകയാണ് ചെയ്തത്. പ്രവർത്തനത്തെ ശ്ലാഘിച്ചു എന്നതിന്റെ അർത്ഥം, അങ്ങനെതന്നെ സംഭവിച്ചു എന്നതല്ല. ഈ കഥതന്നെ വാസ്തവവിരുദ്ധമാണെന്ന് ഞാൻ നേരത്തെതന്നെ തെളിയിച്ചതാണ്. രണ്ടാമത്തെ സംഭവം ഇപ്രകാരമാണ്. അബൂ അഫക് എന്നുപേരുള്ള ഒരു വൃദ്ധനായ യഹൂദി മദീനയിൽ താമസിച്ചിരുന്നു. ഇയാളും നബി(സ)തിരുമേനിക്കെതിരിൽ പ്രകോപനപരമായ കവിതകളെഴുതി അവിശ്വാസികളെ നബി(സ) തിരുമേനിക്കെതിരിൽ ഇളക്കിവിടുകയും ആ പുണ്യാത്മാവിനെ വധിക്കാൻ പ്രേരിപ്പിക്കുകയും ചെയ്തിരുന്നു. അവസാനം ഒരു ദിവസം സാലിം ബിൻ ഉമയ്ർ എന്ന സ്വഹാബി പ്രകോപിതനായി രാത്രി നേരത്ത് അയാളെ അയാളുടെ വീട്ടുമുറ്റത്ത് വധിക്കുകയുണ്ടായി.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)എഴുതുന്നു: വാഖ്ദിയും ഇബ്നു ഹിശാമും നബി(സ)തിരുമേനിക്കെതിരിൽ അസ്മാഇന്റെയും അബൂഅഫകിന്റെയും പ്രകോപനപരമായ കവിതകളും ഉദ്ധരിച്ചിട്ടുണ്ട്. ഈ രണ്ടു കഥകൾ സർ വില്യം മ്യൂറിനെ പോലെയുള്ളവർ അനുചിതമായ നിലയിൽ ചേർത്തുകൊണ്ട് തങ്ങളുടെ പുസ്തകങ്ങൾക്ക് മോടികൂട്ടാൻ ശ്രമിച്ചിട്ടുണ്ട്. എത്രമാത്രം അക്രമമാണ് ഉണ്ടായതെന്ന് പറയാൻ ഈ കഥകൾ ഓറിയന്റലിസ്റ്റുകൾ ഉപയോഗപ്പെടുത്തുന്നു. എന്നാൽ, സൂക്ഷ്മമായ വിശകലനത്തിൽ ഈ കഥകൾ ശരിയാണെന്ന് തെളിയുന്നില്ല.

ആദ്യത്തെ തെളിവ്, ഇവയുടെ യാഥാർഥ്യത്തെ സംബന്ധിച്ച് സംശയങ്ങളുണ്ടെന്നതാണ്. ഹദീഥു ഗ്രന്ഥങ്ങളിൽ ഈ സംഭവത്തെ പറ്റി പരാമർശം തന്നെയില്ല. അതായത് ഏതെങ്കിലും ഹദീഥിൽ ഘാതകന്റെയോ വധിക്കപ്പെട്ട ആളുടെയോ പേരിൽ ഇത്തരത്തിൽ ഒരു സംഭവവും വിവരിച്ചിട്ടില്ല. ഹദീഥുകൾ പോകട്ടെ, ചില ചരിത്രകാരന്മാരും ഇതേപ്പറ്റി പറയുന്നില്ല. വാസ്തവത്തിൽ ഇങ്ങനെയൊരു സംഭവമുണ്ടായിരുന്നുവെങ്കിൽ ഹദീഥു ഗ്രന്ഥങ്ങളും ചില ചരിത്രങ്ങളും അത് ഒഴിവാക്കേണ്ട കാര്യമൊന്നുമില്ലായിരുന്നു. ഇവിടെ നബി(സ)തിരുമേനിക്കും സ്വഹാബാക്കൾക്കുമെതിരിൽ ഒരുതരത്തിൽ ആക്ഷേപമുന്നയിക്കപ്പെടുന്നു എന്നതുകൊണ്ട് ഹദീഥുകാരന്മാരും ചരിത്രകാരന്മാരും ഇതേക്കുറിച്ചുള്ള പരാമർശം ഒഴിവാക്കിയതായിരിക്കാമെന്ന് സംശയിക്കാനും വകയില്ല. കാരണം ഒന്നാമതായി ഈ സംഭവം നടന്നുവെന്ന് പറയപ്പെടുന്ന അവസ്ഥവച്ചു നോക്കുമ്പോൾ പ്രസ്തുത സംഭവം ആക്ഷേപാർഹമല്ല. സർക്കാരിനെതിരിൽ പ്രകോപനമുണ്ടാക്കിയെന്ന കാരണംകൊണ്ടുതന്നെ പ്രസ്തുത കാര്യം സംഭവിച്ചിട്ടുണ്ടെങ്കിൽപോലും അത് ആക്ഷേപത്തിന് അവസരം നൽകുന്നില്ല. അതുകൊണ്ട് നബി(സ) തിരുമേനിക്കുമേൽ ആക്ഷേപമുണ്ടാകുമെന്ന് കരുതി ഹദീഥുകാരന്മാർ ഈ സംഭവങ്ങൾ പരാമർശിച്ചില്ലെന്ന് പറയുന്നത് തെറ്റാകുന്നു. മറ്റൊരുകാര്യം, മുസ്‌ലിം ഹദീഥുകാരന്മാരും ചരിത്രകാരന്മാരും ഇസ്‌ലാമിനും ഇസ്‌ലാം മത സ്ഥാപകർക്കുംമേൽ ആക്ഷേപമുണ്ടാകുമെന്ന പേരിൽ മാത്രം ഒരു നിവേദനവും ഒഴിവാക്കിയിട്ടില്ലെന്ന കാര്യം അൽപമെങ്കിലും ഹദീഥുകളും ചരിത്രവും വായിക്കുന്നവർക്കുപോലും ഗോപ്യമല്ല. അവർ നിവേദനം ശരിയാണെന്ന് കണ്ടാൽ അതിലെ പരാമർശിത വിഷയം കാരണം അത് പകർത്തുന്നതിൽ അമാന്തം കാണിച്ചിരുന്നില്ല. മാത്രമല്ല നബി(സ)തിരുമേനിയേയും സ്വഹാബാക്കളേയും സംബന്ധിച്ച് ലഭ്യമായ കാര്യങ്ങൾ നിവേദനത്തിന്റെയും നിവേദകരുടെയും അടിസ്ഥാനത്തിൽ ദുർബലവും അവിശ്വസനീയവുമാണെങ്കിൽ പോലും അവയ്ക്ക് വിശ്വസ്തതയോടുകൂടി തങ്ങളുടെ ശേഖരത്തിൽ ഇടം നൽകുകയെന്നതായിരുന്നു പല ഹദീഥുകാരന്മാരുടെയും ഭൂരിപക്ഷം ചരിത്രകാരന്മാരുടെയും രീതി. നിവേദകരുടെയും നിവേദനങ്ങളുടെയും അടിസ്ഥാനത്തിൽ അതിലെ ശരിതെറ്റുകളെ പറ്റി തീരുമാനമെടുക്കാൻ ഗവേഷകരായ പണ്ഡിതന്മാർക്ക് വിട്ടുകൊടുക്കുകയാണ് അവർ ചെയ്തിരുന്നത്. നബി(സ)തിരുമേനിയേയും സ്വഹാബാക്കളേയും പറ്റിയുള്ള ഒരു നിവേദനവും അത് ശരിയാണെങ്കിലും തെറ്റാണെങ്കിലും സ്വരൂപിക്കാതെ വിട്ടുകളയരുതെന്നായിരുന്നു അവർ ആഗ്രഹിച്ചത്. ഇക്കാരണംകൊണ്ടുതന്നെയാണ് പ്രാരംഭ ചരിത്രഗ്രന്ഥങ്ങളിൽ എല്ലാത്തരം ശരിതെറ്റുകളും കയറിക്കൂടിയത്. അതിന്റെയർഥം അതെല്ലാം സ്വീകാര്യമാണെന്നല്ല. മറിച്ച് അവയിൽനിന്ന് ദുർബലമായ കാര്യങ്ങളെ ശരിയായ വസ്തുതകളിൽനിന്ന് വേർതിരിക്കേണ്ടത് നമ്മുടെ കടമയാകുന്നു.

എന്തായാലും മുസ്‌ലിം ഹദീഥുകാരന്മാരും ചരിത്രകാരന്മാരും ഒരു നിവേദനത്തേയും അത് നബി(സ)തിരുമേനിയുടേയും സ്വഹാബാക്കളുടേയും സ്ഥാനത്തിന് നിരക്കാത്തതാണെന്നോ അല്ലെങ്കിൽ നബി(സ)തിരുമേനിക്കുമേൽ ആക്ഷേപമുണ്ടാകുമെന്നോ ഉള്ള പേരിൽ മാത്രം ഒരിക്കലും ഒഴിവാക്കിയിട്ടില്ല. കഅ്ബ് ബിൻ അശ്റഫിനേയും അബൂറാഫിഅ് യഹൂദിയേയും വധിച്ച സംഭവങ്ങൾ അസ്മാഇനേയും അബൂഅഫകിനേയും സംബന്ധിച്ച കെട്ടുകഥകളുമായി താദാത്മ്യമുള്ളവയാണ്. അത് ഹദീഥിന്റെയും ചരിത്രത്തിന്റെയും സകല ഗ്രന്ഥങ്ങളിലും വളരെ വിശദമായി വിവരിച്ചിട്ടുമുണ്ട്. മുസ്‌ലിമീങ്ങളായ നിവേദകന്മാരോ ഹദീഥുകാരന്മാരോ ചരിത്രകാരന്മാരോ ആരും തന്നെ അവയുടെ വിവരണം ഒഴിവാക്കിയിട്ടില്ല. അതേസമയം അസ്മാഇന്റെയും അബൂഅഫക്

യഹൂദിയുടെയും വധത്തെക്കുറിച്ച് ഹദീഥു ഗ്രന്ഥങ്ങളിലൊന്നും കാണാത്തതും മാത്രമല്ല ആദ്യകാല ചരിത്രകാരന്മാരിൽ പലരും അതേക്കുറിച്ച് മൗനം ദീക്ഷിക്കുന്നതും ഈ കഥകൾ കെട്ടിച്ചമച്ചതാണെന്നും എങ്ങനെയോ നിവേദനങ്ങളിൽ കയറിക്കൂടി ചരിത്രത്തിന്റെ ഭാഗമായതാണെന്നും വ്യക്തമാക്കുന്നു.

ഇനി ഈ കഥകളുടെ വിശദാംശങ്ങളിലേക്ക് കടന്നാൽ ഇവ കെട്ടുകഥകളാണെന്ന് കുറേക്കൂടി ദൃഢമാകുന്നതാണ്. ഉദാഹരണമായി, അസ്മാഇന്റെ കഥയിൽ ഇബ്നു സഅ്ദും മറ്റും ഘാതകന്റെ പേര് ഉമയ്ർ ബിൻ അദിയ്യ് എന്നാണ് നിവേദനം ചെയ്യുന്നത്. എന്നാൽ, ഇബ്നു ദുറയ്ദിന്റെ നിവേദനത്തിൽ ഘാതകൻ ഉമയ്ർ ബിൻ അദിയ്യ് അല്ല, മറിച്ച് ഗിശ്മീറാകുന്നു. സുഹയ്ലീ ഈ രണ്ട് നാമങ്ങളും തെറ്റാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് വാസ്തവത്തിൽ അസ്മാഇനെ അവളുടെ ഭർത്താവാണ് കൊന്നതെന്ന് പറയുന്നു. നിവേദനങ്ങളിൽ അയാളുടെ പേര് യസീദ് ബിൻ സയ്ദ് എന്നാണ് വന്നിട്ടുള്ളത്. ഇനി ചില നിവേദനങ്ങളിൽ മേൽ പറഞ്ഞ ആരുംതന്നെ അസ്മാഇന്റെ ഘാതകരല്ലെന്നും അവളുടെ ഗോത്രത്തിലെതന്നെ പേരറിയാത്ത ഒരാളാണ് ഘാതകനെന്നും പറയുന്നു. വധിക്കപ്പെട്ട സ്ത്രീയുടെ പേര് ഇബ്നു സഅ്ദും മറ്റും അസ്മാ ബിൻത് മർവാനാനെന്ന് പറയുന്നു. എന്നാൽ, അല്ലാമാ ഇബ്നു അബ്ദുൽ ബിർറിന്റെ അഭിപ്രായത്തിൽ അവൾ അസ്മാ ബിൻത് മർവാനല്ല മറിച്ച് ഉമയ്ർ തന്റെ സഹോദരി ബിൻത് അദിയ്യിയയെയാണ് വധിച്ചത്. വധിച്ച സമയം ഇബ്നു സഅ്ദ് അർധരാത്രിയാണെന്നെഴുതുന്നു. എന്നാൽ, സർഖാനിയുടെ നിവേദനത്തിൽ പകലോ ചുരുങ്ങിയപക്ഷം രാത്രിയുടെ പ്രാരംഭ ഘട്ടത്തിലോ ആണെന്ന് പറയുന്നു. കാരണം ഇതിൽ വധിക്കപ്പെട്ട സ്ത്രീ ആ സമയത്ത് ഈത്തപ്പഴം വിൽക്കുകയായിരുന്നു എന്ന് വന്നിട്ടുണ്ട്. ഈ എല്ലാ വിശദീകരണവും ഞാൻ നേരത്തെയും നൽകിക്കഴിഞ്ഞിട്ടുള്ളതാണ്.

രണ്ടാമത്തെ സംഭവം അബൂ അഫകിന്റെ കൊലപാതകമാണ്. ഇതിൽ ഇബ്നു സഅ്ദും വാഖ്ദിയും മറ്റും ഘാതകന്റെ പേര് സാലിം ബിൻ ഉമയ്റാണെന്ന് പറയുന്നു. എന്നാൽ, ചില നിവേദനങ്ങളിൽ സാലിം ബിൻ അംറ് എന്നാണ് വന്നിട്ടുള്ളത്. ഇബ്നു ഉഖ്ബയാകട്ടെ സാലിം ബിൻ അബ്ദുല്ലാഹ് ആണെന്ന് പറയുന്നു. ഇബ്നു സഅ്ദും വാഖ്ദിയും സാലിമും സ്വയം ആവേശം വന്ന് അബൂ അഫകിനെ വധിച്ചുവെന്ന് എഴുതുന്നു. എന്നാൽ, ഒരു നിവേദനത്തിൽ നബി(സ)തിരുമേനിയുടെ നിർദ്ദേശപ്രകാരമാണ് വധിച്ചതെന്ന് പറയുന്നു. ഇബ്നു സഅ്ദും വാഖ്ദിയും കൊലപാതകം നടന്നത് അസ്മാഇന്റെ വധത്തിന് ശേഷമാണെന്ന് പറയുന്നു. എന്നാൽ, ഇബ്നു ഇസ്ഹാഖും അബൂ റബീഉം അത് അസ്മാഇന്റെ വധത്തിന് മുമ്പേയാണെന്ന് എഴുതിയിരിക്കുന്നു. ഈ എല്ലാ വൈരുധ്യങ്ങളും ഈ കഥ കെട്ടിച്ചമച്ചതാണെന്ന സംശയത്തെ ബലപ്പെടുത്തുന്നു. മേൽ സംഭവങ്ങളിൽ എന്തെങ്കിലും യഥാർഥ്യമുണ്ടെങ്കിൽത്തന്നെ അത് ഗോപ്യമായിരിക്കുന്നു, അതെന്താണെന്നോ ഏത് തരത്തിലുള്ളതാണെന്നോ പറയാൻ സാധ്യമല്ല.

ഈ കഥകൾ തെറ്റാണെന്ന് സ്ഥാപിക്കുന്നതിനുള്ള മറ്റൊരു തെളിവെന്തെന്നാൽ ഈ രണ്ടു കഥകളും നടന്നുവെന്ന് പറയുന്ന കാലഘട്ടംവരെയും യഹൂദികളും മുസ്‌ലിമീങ്ങളും തമ്മിൽ ഒരു വഴക്കും ഉണ്ടായിട്ടില്ലെന്നതിൽ സകല ചരിത്രകാരന്മാരും ഏകാഭിപ്രായക്കാരാണ്. മാത്രമല്ല ബനൂഖയ്നഖാഅ് യുദ്ധത്തെ സംബന്ധിച്ച് അത് മുസ്‌ലിമീങ്ങൾക്കും യഹൂദികൾക്കുമിടയിലുണ്ടായ ആദ്യയുദ്ധമാണെന്ന കാര്യം സർവാംഗീകൃതമാകുന്നു. ഇസ്‌ലാമിന്റെ ശത്രുതയിൽ ആദ്യമായി നീക്കം നടത്തിയ യഹൂദികൾ ബനൂഖയ്നഖാഅ് ആയിരുന്നു. എന്നിരിക്കെ ഈ യുദ്ധത്തിനു മുമ്പേ യഹൂദികൾക്കും മുസ്‌ലിമീങ്ങൾക്കുമിടയിൽ ഏതെങ്കിലും തരത്തിലുള്ള രക്തച്ചൊരിച്ചൽ ഉണ്ടായെന്നെങ്ങനെ അംഗീകരിക്കാൻ കഴിയും? ബനൂ ഖയ്നഖാഅ് യുദ്ധത്തിനുമുമ്പേ ഇത്തരം കാര്യങ്ങൾ സംഭവിച്ചിട്ടുണ്ടായിരുന്നുവെങ്കിൽ ഈ യുദ്ധത്തിന്റെ കാരണങ്ങളിൽ അവയേയും പരാമർശിക്കാതിരിക്കാൻ സാധ്യമല്ലായിരുന്നു. എന്നാൽ, യുദ്ധത്തിന്റെ കാരണങ്ങളിൽ ഈ സംഭവങ്ങൾ വന്നിട്ടില്ല. വാസ്തവത്തിൽ ഇങ്ങനെ തങ്ങളുടെ രണ്ടു സംഭവങ്ങൾ കൂടിയുണ്ടെന്ന് എഴുതണമായിരുന്നു. ചുരുങ്ങിയപക്ഷം യഹൂദികൾക്ക് ഈ രണ്ടുസംഭവങ്ങളുടെയും അടിസ്ഥാനത്തിൽ പ്രത്യക്ഷത്തിൽത്തന്നെ മുസ്‌ലിമീങ്ങൾക്കെതിരിൽ അവരാണ് പ്രകോപനത്തിന് തുടക്കംകുറിച്ചതെന്ന് ആക്ഷേപമുന്നയിക്കാനും അതിന്റെപേരിൽ ബഹളമുണ്ടാക്കാനും കഴിയുമായിരുന്നു. എന്നാൽ, ചരിത്രത്തിലെവിടെയും എന്തിനധികം ഈ കഥകൾ വിവരിക്കുന്ന ചരിത്രകാരന്മാരുടെ ഗ്രന്ഥങ്ങളും മദീനയിൽ യഹൂദികൾ ഇതേക്കുറിച്ച് എപ്പോഴെങ്കിലും എന്തെങ്കിലും ആക്ഷേപമുന്നയിച്ചതായി പരാമർശിക്കുന്നതു പോലുമില്ല. ഇനി അവർ ആക്ഷേപങ്ങൾ ഉന്നയിച്ചെങ്കിലും മുസ്‌ലിം ചരിത്രകാരന്മാർ അത് രേഖപ്പെടുത്തിയിട്ടില്ലെ ന്നാണ് ആരെങ്കിലും കരുതുന്നതെങ്കിൽ അത് അടിസ്ഥാനരഹിതമായ ഒരു ധാരണയായിരിക്കും. കാരണം നേരത്തെ പറഞ്ഞതുപോലെ മുസ്‌ലിമായ ഒരു ഹദീഥുകാരനും ചരിത്രകാരനും എതിരാളികളുടെ ആരോപണങ്ങളെ മൂടിവെച്ചിട്ടില്ല. ഉദാഹരണമായി, നഖ്ല യുദ്ധത്തിന്റെ വിവരണത്തിൽ മക്കാ മുശ്‌രിക്കീങ്ങൾ മുസ്‌ലിമീങ്ങൾക്കെതിരിൽ പരിശുദ്ധ മാസങ്ങളെ അപമാനിച്ചുവെന്ന് ആരോപിച്ചത് മുസ്‌ലിം ചരിത്രകാരന്മാർ തികഞ്ഞ വിശ്വസ്തതയോടുകൂടി അവരുടെ ഈ ആരോപണങ്ങളെ തങ്ങളുടെ ഗ്രന്ഥങ്ങളിൽ ചേർക്കുകയുണ്ടായി. ചുരുക്കത്തിൽ ഈ സന്ദർഭങ്ങളിലും എന്തെങ്കിലും ആക്ഷേപമുണ്ടായിരുന്നെങ്കിൽ ചരിത്രത്തിൽനിന്ന് അത്തരം പരാമർശം പോകുമായിരുന്നില്ല. ആയതിനാൽ ഏതുതലത്തിൽ നോക്കിയാലും ഈ കഥകൾ ശരിയാണെന്ന് സ്ഥാപിതമാകുന്നില്ല. മാത്രമല്ല ഇതിൽ നിന്നെല്ലാം മനസ്സിലാകുന്നതെന്തെന്നാൽ, ഏതെങ്കിലും രഹസ്യശത്രു ഏതെങ്കിലും മുസ്‌ലിമിലേക്ക് ചേർത്ത് കഥമെനയുകയും അതു പിന്നീട് മുസ്‌ലിം നിവേദനങ്ങളിൽ കയറിക്കൂടിയതുമായിരിക്കാം. അതല്ലെങ്കിൽ ഏതെങ്കിലും ദുർബല വിശ്വാസിയായ മുസ്‌ലിം തന്റെ ഗോത്രത്തിന്റെ മിഥ്യാഭിമാനം പ്രകടമാക്കാൻ തന്റെ ആളുകൾ ചില ദ്രോഹികളായ അവിശ്വാസികളെ കൊന്നിട്ടുണ്ടെന്ന നിവേദനങ്ങൾ ചരിത്രത്തിൽ കയറ്റിവിട്ടതാകാം. വല്ലാഹു അഅ്‌ലം.

ഇതൊക്കെയാണ് ഈ കഥകളുടെ യാഥാർഥ്യമായി മനസ്സിലാകുന്നത്. എങ്കിലും ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഈ സംഭവങ്ങൾ ശരിയാണെന്ന് വന്നാൽത്തന്നെയും അത് ഉണ്ടാകാനിടയായ അവസ്ഥകൾവച്ചു നോക്കുമ്പോൾ അതൊരിക്കലും ആക്ഷേപാർഹമായി കരുതാൻ നിവൃത്തിയില്ല. അന്നത്തെ മുസ്‌ലിമീങ്ങളുടെ സങ്കീർണാവസ്ഥയെ കുറിച്ച് പറഞ്ഞു കഴിഞ്ഞതാണ്. അവരുടെ അവസ്ഥ, നാലുപാടും ഉയരത്തിൽ ആളിക്കത്തുന്ന ഭയാനകമായ തീജ്വാലകൾക്കിടയിൽപ്പെട്ട വ്യക്തിയെപ്പോലെയായിരുന്നു. അയാൾക്ക് പുറത്തുകടക്കാൻ മാർഗമില്ലെന്നു മാത്രമല്ല, അയാളുടെ അടുത്ത് ആജന്മശത്രുക്കൾ നിൽക്കുകയും ചെയ്യുന്ന പ്രതീതിയായിരുന്നു. മുസ്‌ലിമീങ്ങളുടെ ഇത്രയും ദുർബലാവസ്ഥയിൽ ഏതെങ്കിലും ദ്രോഹിയും കുഴപ്പമുണ്ടാക്കുന്നവനുമായ ഒരാൾ തങ്ങളുടെ നേതാവിന്നെതിരിൽ പ്രകോപനപരമായ കവിതകളിലൂടെ ജനങ്ങളെ ഇളക്കി വിടുകയും അദ്ദേഹത്തെ വധിക്കാൻ ശത്രുക്കളെ പ്രേരിപ്പിക്കുകയും ചെയ്യുകയാണെങ്കിൽ അന്നത്തെ സാഹചര്യത്തിൽ അയാൾക്കുള്ള ചികിത്സാവിധി അയാളെ കാലപുരിക്കയക്കുക എന്നതു തന്നെയായിരുന്നു. പിന്നെ ഈ വധം മുസ്‌ലിമീങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ അങ്ങേയറ്റം പ്രകോപിതരായതുകൊണ്ടായിരിക്കും ചെയ്തിട്ടുണ്ടാകുക. അത്തരമൊരു സാഹചര്യത്തിൽ സാധാരണ വധംപോലും പ്രതികാരാർഹമാണെന്ന് കരുതപ്പെടുന്നതല്ല. ഓറിയന്റലിസ്റ്റായ മിസ്റ്റർ മാർഗോലീസ് പൊതുവിൽ എല്ലാ കാര്യത്തിലും എതിർപ്പു പ്രകടിപ്പിക്കാറുണ്ടെങ്കിലും ഈ സംഭവങ്ങളെ സംബന്ധിച്ച് മുസ്‌ലിമീങ്ങൾക്കുമേൽ കുറ്റമാരോപിക്കുന്നില്ല. മർഗോലീസ് എഴുതുന്നു: 'അസ്മാഇന്റെ കവിതകൾ, അത് അവളുടേതുതന്നെയാണെങ്കിൽ അതിൽ അവൾ നബി(സ)തിരുമേനിയെ വധിക്കാൻ ശത്രുക്കളെ ബോധപൂർവം പ്രേരിപ്പിച്ചിരുന്നു. അതുകൊണ്ട് അവളെ വധിച്ചത് ലോകത്തുള്ള ഏതു മാനദണ്ഡമനുസരിച്ച് വിധിച്ചാലും അടിസ്ഥാനരഹിതമോ അക്രമപരമോ ആയ പ്രവർത്തിയായി ഗണിക്കാൻ കഴിയില്ല. മറ്റൊരു കാര്യം ഓർക്കേണ്ടതെന്തന്നാൽ, പ്രകോപിപ്പിക്കുന്നതിന് മോശം ഭാഷയിൽ കവിതയുടെ മാർഗമവലംബിച്ചത് അറേബ്യരാജ്യം പോലെയുള്ള രാജ്യങ്ങളിൽ വളരെ ഭയാനകമായ ഭവിഷത്തുണ്ടാക്കാൻ പോരുന്നതാണ്. ഇവിടെ കുറ്റക്കാരെ മാത്രം വധിച്ചുവെന്നത് അറേബ്യയിൽ നിലവിലുണ്ടായിരുന്ന രീതിയിൽ ഒരു വലിയ മാറ്റമായിരുന്നു. കുറ്റവാളിയെ മാത്രമാണ് വധിച്ചത്, മറ്റാരേയും വധിച്ചില്ല. കാരണം അറേബ്യയിൽ പ്രകോപനപരമായ കവിതകളുടെ പ്രശ്നം വ്യക്തികളിൽ മാത്രം ഒതുങ്ങിയിരുന്നില്ല. മറിച്ച് സാലിമിന്റെ ഗോത്രത്തിൽ ഭയാനകമായ യുദ്ധാഗ്നിക്ക് അത് കാരണമാകുമായിരുന്നു. ഇവിടെ ഇസ്‌ലാം ശരിയായ നിയമം നടപ്പിലാക്കുകയാണുണ്ടായത്. അതായത് കുറ്റത്തിനുള്ള ശിക്ഷ കുറ്റവാളിക്ക്

## • അമീറുൽ മുഅ്മിനീന്റെ ഉപദേശം •

**ഏതുകാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക**
**(സന്ദേശം ജൽസാസാലാന ഡന്മാർക്ക് 2019)**

ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

## • കലാമുൽ ഇമാം •

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാല്യം 1, പേജ് 64)**

ത്വാലിബെ ദുആ:
P.Abdul Ameer
Ahmadiyya Jama-ath Pathapiriyam, Kerala

മാത്രമാണ് കിട്ടേണ്ടത്. അല്ലാതെ അയാളുടെ സ്വന്തക്കാർക്കും ബന്ധുക്കൾക്കുമല്ല.'

ഇനി മർഗോലീസിന് ഇതിൽ ആക്ഷേപമെന്തെങ്കിലുമുണ്ടെങ്കിൽ അതു ശിക്ഷ നടപ്പാക്കാൻ അവലംബിച്ച മാർഗത്തെ കുറിച്ച് മാത്രമാകുന്നു. അതായത് എന്തുകൊണ്ടാണ് അയാളുടെ കുറ്റത്തെ സംബന്ധിച്ച് വിളംബരപ്പെടുത്തിക്കൊണ്ട് അയാൾക്ക് വധശിക്ഷ നൽകിയില്ല? ഈ സംഭവങ്ങൾ ശരിയാണെന്ന് ഗണിക്കുകയാണെങ്കിൽ മേൽ ചോദ്യത്തിനുള്ള മറുപടി ഇതാകുന്നു, അത് മുസ്‌ലിമീങ്ങൾ അങ്ങേയറ്റം പ്രകോപിതരായതുകൊണ്ട് വ്യക്തിപരമായി ചെയ്ത പ്രവർത്തിയായിരുന്നു. ഇബ്നു സഅ്ദിന്റെ നിവേദത്തിൽനിന്ന് സ്പഷ്ടമാകുന്നതുപോലെ അതിന് നബി(സ) തിരുമേനി കൽപ്പന നൽകിയിരുന്നില്ല. ഇനി അത് നബി(സ)തിരുമേനിയുടെ കൽപ്പനയായാണെന്ന് കരുതുകയാണെങ്കിൽ അന്നത്തെ സാഹചര്യത്തിൽ അസ്മാഇന്റെയും അബൂഅഫകിന്റെയും വധത്തെ സംബന്ധിച്ച് നിയമപരമായ നടപടികൾ സ്വീകരിക്കുകയും വധിക്കപ്പെടാനുള്ളവരുടെ ബന്ധുക്കൾക്ക് നേരത്തെ അറിയിപ്പു നൽകുകയും ചെയ്തിരുന്നുവെങ്കിൽ അതിന്റെ ഭവിഷത്ത് ഭയാനകമാകുമായിരുന്നു. ഈ സംഭവങ്ങൾ മുസ്‌ലിമീങ്ങൾക്കും യഹൂദികൾക്കുമിടയിലും മുസ്‌ലിമീങ്ങൾക്കും മദീനയിലെ മുശ്രികീങ്ങൾക്കുമിടയിലും വലിയൊരു യുദ്ധാഗ്നി ആളിക്കത്തിക്കാൻ ഇടവരുത്തുമെന്ന ആശങ്കയുമുണ്ടായിരുന്നു. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)എഴുതുന്നു: 'വധിച്ചുവെന്നതിനെ മാത്രം അറേബ്യയുടെ പ്രത്യേക സാഹചര്യത്തിൽ അനുവദനീയമാണെന്ന് മിസ്റ്റർ മാർഗോലീസ് പറയുന്നു. അതേസമയം വധിച്ച രീതിയെ സംബന്ധിച്ച് അക്കാലഘട്ടത്തിലെ പ്രത്യേക അവസ്ഥയിലേക്ക് അയാളുടെ ദൃഷ്ടി എത്തുന്നില്ല. ഈ നിലക്കുകൂടി അക്കാലഘട്ടത്തിലെ അവസ്ഥയെ പരിഗണിക്കുകയാണെങ്കിൽ വധിച്ചതു മാത്രമല്ല വധിക്കാനെടുത്ത രീതിയും ശരിയാണെന്ന് ബോധ്യപ്പെടുന്നതാണ്. അതു തന്നെയാണ് അന്നത്തെ അവസ്ഥക്കും പൊതു സമാധാനത്തിനും അനുയോജ്യവും അനിവാര്യവുമായ കാര്യം. പക്ഷേ, വധംതന്നെ ഉണ്ടായിട്ടില്ലെന്നതാണ് വസ്തുത.'

ചുരുക്കത്തിൽ അസ്മാഇന്റെയും അബൂ അഫക് യഹൂദിയുടെയും വധത്തെ സംബന്ധിച്ച കഥ നിവേദകരുടെയും നിവേദനങ്ങളുടെയും അടിസ്ഥാനത്തിൽ ശരിയാണെന്ന് തെളിയുന്നില്ല. ഇനി അത് സംഭവിച്ചുവെന്നുതന്നെ കരുതിയാൽ പോലും അക്കാലഘട്ടത്തിലെ സാഹചര്യങ്ങൾക്കു കീഴിൽ അത് ആക്ഷേപാർഹമാകുന്നില്ല. ഇനി അത് ഏതു അവസ്ഥയിലാണെങ്കിലും വധിച്ചത് മുസ്‌ലിമീങ്ങളുടെ വ്യക്തിപരമായ കർമ്മമായി ഗണിക്കേണ്ടതാണ്. അത് അവർ പ്രകോപിതരായി ചെയ്തതായിരിക്കാം. നബി(സ)തിരുമേനി ഇതു സംബന്ധിച്ച് ഒരു കൽപ്പനയും നൽകിയിട്ടില്ല. നബി(സ)തിരുമേനി അവരെ വധിക്കാൻ കൽപ്പിച്ചുവെന്ന ആരോപണംതന്നെ തെറ്റാകുന്നു. ഇതെല്ലാം നബി(സ)തിരുമേനിയെ സംബന്ധിച്ച് പറയുന്ന കെട്ടുകഥകളാകുന്നു. ചരിത്രകാരന്മാർ തങ്ങളെഴുതിയതിനെ പറ്റി ശരിയായ അവലോകനവും നടത്തേണ്ടിയിരുന്നു.

അല്ലാഹു കാലഘട്ടത്തിന്റെ ഇമാമിനെ വിശ്വസിക്കാൻ തൗഫീഖ് നൽകിയത് നമുക്കുമേലുള്ള അവന്റെ വലിയ ഔദാര്യമാകുന്നു. നമ്മളോരോ കാര്യവും ശരിയായ നിലയിൽ വിശകലനം ചെയ്ത് അതിന്റെ യാഥാർഥ്യം മനസ്സിലാക്കിയശേഷം വിവരിക്കാൻ ശ്രമിക്കുന്നു. നബി(സ)തിരുമേനിയുടെ അസ്തിത്വത്തെ ബാധിക്കുന്ന സകല ആക്ഷേപങ്ങളെയും നമ്മളകറ്റാൻ ശ്രമിക്കുകയും ചെയ്യുന്നു. ഇത്തരം കാര്യങ്ങൾ വിവരിച്ചുകൊണ്ട് സ്വാർഥലാഭത്തിനും ഇസ്‌ലാമിന് ദുഷ്പേരുണ്ടാക്കാനും ശ്രമിക്കുന്ന പണ്ഡിതന്മാർക്കും അല്ലാഹു സൽബുദ്ധി നൽകുമാറാകട്ടെ. അവരുടെ അഭിപ്രായത്തിൽ അവർ ഇസ്‌ലാമിക സേവനമാണ് ചെയ്യുന്നത്. എന്നാൽ, യഥാർഥത്തിൽ അവരുടെ കർമങ്ങൾത്തന്നെയാണ് തീവ്രവാദമുണ്ടാക്കുന്നത്. അല്ലാഹു അവർക്കും ബുദ്ധി നൽകുമാറാകട്ടെ.

ഇനി ഞാൻ ചില പരേതാത്മാക്കളെ അനുസ്മരിക്കുന്നതാണ്. ഇതിൽ ആദ്യത്തേത് പ്രൊഫ. ഡോ. നാസിർ അഹ്മദ് സാഹിബിന്റേതാണ്. അദ്ദേഹം പർവേസ് പർവാസി എന്ന പേരിൽ പ്രസിദ്ധനാണ്. കഴിഞ്ഞ ദിവസം കനഡയിൽ 87-ാമത്തെ വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ

അദ്ദേഹം ഖാദിയാനിലാണ് ജനിച്ചത്. അദ്ദേഹത്തിന്റെ പിതാവ് മൗലാനാ അഹ്മദ് ഖാൻ സാഹിബ് മുബല്ലിഗായിരുന്നു. തുടർന്ന് നാസിർ ഇസ്‌ലാഹ് വ ഇർശാദ് മഖാമിയായി ദീർഘകാലം സേവനമനുഷ്ഠിച്ചു. അദ്ദേഹം നല്ല കഴിവുള്ളയാളായിരുന്നു. ജമാഅത്തുകളെ അദ്ദേഹം നല്ലപോലെ ഓർഗനൈസ് ചെയ്തു. പരേതന്റെ മാതാവ് റഹ്മത്ത് ബീബി സാഹിബയാകുന്നു.

പർവാസി സാഹിബ് പ്രാരംഭ വിദ്യാഭ്യാസം ഖാദിയാനിൽ നിന്നാണ് കരസ്ഥമാക്കിയത്. പിന്നെ മെട്രിക്കിനുശേഷം ഉടൻതന്നെ കോളേജിൽ പ്രവേശനമെടുത്തില്ല. കാരണം തഅ്‌ലീമുൽ ഇസ്‌ലാം കോളേജ് അന്ന് ലാഹോറിലായിരുന്നു. പിന്നെ റബ്‌വയിൽ കോളേജ് ഷിഫ്റ്റായപ്പോൾ അദ്ദേഹം അതിൽ പ്രവേശനം നേടി. 1958-ൽ ബി.എ ഓണേഴ്സ് ഡിഗ്രി കരസ്ഥമാക്കി. 1960-ൽ യൂണിവേർസിറ്റി ഓറിയന്റൽ കോളേജിൽനിന്ന് എം.എ കരസ്ഥമാക്കി. പ്രൊഫ. നാസിർ പർവാസി സാഹിബ് 1960-ൽ ഉർദുവിൽ എം.എ ചെയ്തതിനുശേഷം ലക്ചനയി നിയമിക്കപ്പെട്ടു. മുസഫർഗഡിലുള്ള സർക്കാർ കോളേജിൽ നിന്നാണ് അദ്ദേഹം അധ്യാപനവൃത്തി ആരംഭിച്ചത്. തുടർന്ന് സാഹിത്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു തുടങ്ങി. അൽഫള്ൽ, മിസ്ബാഹ് മാസിക, ഖാലിദ് തുടങ്ങിയ പ്രസിദ്ധീകരണങ്ങളിൽ അദ്ദേഹത്തിന്റെ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതുപോലെ കവിതാ രചനയിലും പ്രത്യേകം വ്യുൽപ്പത്തിയുണ്ടായിരുന്നു. നല്ല കവിതകൾ രചിക്കുമായിരുന്നു. റബ്‌വയിൽ തഅ്‌ലീമുൽ ഇസ്‌ലാം കോളേജ് നിലവിൽ വന്നപ്പോൾ അദ്ദേഹം 1961-ൽ അവിടെ വഖ്ഫുചെയ്ത് വരികയുണ്ടായി. 1969-വരെ അവിടെ ലക്ചറർ ആയിരുന്നു. 1969-മുതൽ 75-വരെ തഅ്‌ലീമുൽ ഇസ്‌ലാം കോളേജ് റബ്‌വയിൽ ഉർദു ഡിപ്പാർട്ടുമെന്റിന്റെ ഹെഡ്ഡായി നിയമിക്കപ്പെട്ടു. 1975-മുതൽ 79-വരെ ജപ്പാനിലെ ഔസാക്കാ യൂണിവേർസിറ്റി ഓഫ് ഫോറിൻ സ്റ്റഡീസിൽ വിസിറ്റിംഗ് പ്രൊഫസറായി നിയമിതനായി. അവിടെ സേവനമനുഷ്ഠിക്കുമ്പോൾ പാക്കിസ്താനും ജപ്പാനും തമ്മിൽ നല്ല ബന്ധമുണ്ടാക്കാൻ ശ്രമിച്ചിരുന്നു. ടോക്കിയോയിൽ ജമാഅത്ത് സ്ഥാപിക്കുന്നതിൽ അദ്ദേഹം സഹായിച്ചിട്ടുണ്ട്. 1979-ൽ കാമിയാ കോളേജിൽനിന്ന് തിരിച്ചു വന്നതിനുശേഷം പാക്കിസ്താനിലെ വിവിധ കോളേജുകളിൽ അസി. പ്രൊഫസർ എന്ന നിലയിൽ പഠിപ്പിച്ചുകൊണ്ടിരുന്നു. 86-മുതൽ 90-വരെ ഫയ്സ്വസലാബാദിലെ ഗവ. കോളേജിൽ അസി. പ്രൊഫസറായിരുന്നു. അഹ്മദിയായിരുന്നതുകൊണ്ട് അക്കാലഘട്ടത്തിൽ ഒരുപാട് പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടി വന്നിരുന്നു. അവസാനം അത് അറസ്റ്റിലേക്ക് നീങ്ങിത്തുടങ്ങിയപ്പോൾ എല്ലാം ഒഴിവാക്കി ഇവിടെ യു.കെ.യിൽ വന്നു ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ സവിധത്തിൽ ഹാജരായി. പിന്നെ അദ്ദേഹത്തിന്റെ നിർദ്ദേശമനുസരിച്ച് സ്വീഡനിലേക്ക് ഹിജ്റത്ത് ചെയ്തു. 1991-മുതൽ 2001- വരെ സ്വീഡനിലെ ഉപ്സാല യൂണിവേർസിറ്റിയിൽ പ്രൊഫസറായി സേവനം ചെയ്തുകൊണ്ടിരുന്നു. സ്വീഡനിൽ താമസിക്കുമ്പോൾ സാഹിത്യത്തിനുള്ള നോബൽ സമ്മാന നിർണയ സമിതിയിൽ അംഗമായി. 16 വർഷം ഈ സേവനം ചെയ്യാൻ അവസരം ലഭിച്ചിട്ടുണ്ട്. 2003-ൽ കനഡയിലേക്ക് ഹിജ്റത്ത് ചെയ്യുകയുണ്ടായി. സാഹിത്യ ലോകത്ത് അദ്ദേഹത്തിന്റെ നാമം ഏറെ പ്രസിദ്ധമാണ്.

അദ്ദേഹത്തിന്റെ ഭാര്യ അമത്തുൽ മജീദ് സാഹിബ മൗലവി മുഹമ്മദ് അഹ്മദ് സാഹിബ് ജലീലിന്റെ മകളാണ്. അല്ലാഹു ഇവർക്ക് രണ്ട് ആൺമക്കളേയും മൂന്ന് പെൺമക്കളേയും നൽകിയനുഗ്രഹിച്ചിട്ടുണ്ട്.

അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു: 'അദ്ദേഹം 63 വർഷം ഞങ്ങളുടെ കൂടെയുണ്ടായിരുന്നു. എല്ലാ വലുപ്പചെറുപ്പങ്ങളിലും സന്തോഷ-സന്താപ വേളകളിലും നല്ലനിലയിൽ കൂടെനിന്നു. ഞാനെന്റെ മാതാപിതാക്കളുടെ മൂത്തമകളായിരുന്നു. റബ്‌വയിലാണ് താമസിച്ചിരുന്നത്. പ്രൊഫ. പർവാസി സാഹിബ് ഒരിക്കലും അവരുടെ സേവനത്തിൽനിന്ന് എന്നെ വിലക്കിയിട്ടില്ല. മറിച്ച് എന്നേക്കാളധികം അവരുടെ കാര്യങ്ങൾ ശ്രദ്ധിച്ചിരുന്നു.' ഭാര്യ പറയുന്നു: ഭാര്യയുടെ കുടുംബബന്ധുക്കളോടുള്ള അദ്ദേഹത്തിന്റെ പെരുമാറ്റവും മാതൃകാപരമായിരുന്നു. അത് ഈത്താഇതിൽ ഖുർബായുടെ ഉന്നതമായ മാതൃകയായിരുന്നു. വളരെ സ്നേഹത്തോടെയും ആത്മാർഥമായും പെരുമാറിയിരുന്നു. അവരുടെ എല്ലാ സുഖദു:ഖങ്ങളിലും ഭാഗഭാക്കായിരുന്നു. എല്ലാ സാഹചര്യത്തിലും മുഖത്ത് പുഞ്ചിരി ഉണ്ടാകുമായിരുന്നു. ഖിലാഫത്തിനോടു മരണംവരെയും അകൈതവമായ സ്നേഹം പുലർത്തിയിരുന്നു.

എന്നോട് അദ്ദേഹം ബന്ധപ്പെട്ടിരുന്നു. ദു:ആക്ക് അപേക്ഷിക്കുകയും ചെയ്തുകൊണ്ടിരുന്നു. കഠിനമായ രോഗാവസ്ഥയിൽ, കഴിഞ്ഞ ദിവസം ഡോക്ടർമാർ അദ്ദേഹത്തെ കൈയൊഴിഞ്ഞിരുന്നു. അദ്ദേഹത്തിന് സ്വന്തം കൈകൊണ്ട് എഴുതാൻ പ്രയാസമുണ്ടായിരുന്നു. ആദ്യം അദ്ദേഹം സന്ദേശം അയച്ചുകൊണ്ടിരുന്നു. പിന്നെ ചില സന്ദർഭങ്ങളിൽ വിറയാർന്ന കൈകൊണ്ട് തന്റെ കിടക്കയിൽ കിടന്നുകൊണ്ടുതന്നെ എനിക്ക് ദു:ആക്കുള്ള കത്തയച്ചിരുന്നു. വളരെ ആത്മാർഥതയും കൂറുമുള്ള ബന്ധമായിരുന്നു.

അദ്ദേഹത്തിന്റെ മകനെഴുതുന്നു: ജപ്പാനിൽ താമസിക്കുമ്പോൾ അദ്ദേഹത്തിന് എൻസൈക്ലോപീഡിയ സമ്മാനമായി ലഭിച്ചിരുന്നു. അത് അക്കാലത്ത് വലിയ സമ്മാനമായാണ് ഗണിച്ചിരുന്നത്. അത് അദ്ദേഹം ഖിലാഫത്ത് ലൈബ്രറിയിലേക്ക് സംഭാവന ചെയ്യുകയുണ്ടായി. 1980-ൽ സാഹിത്യത്തിനുള്ള അല്ലാമാ ഇഖ്ബാൽ ഗോൾഡ് മെഡൽ ലഭിക്കുകയുണ്ടായി. അഹ്മദിയായതുകൊണ്ട് അദ്ദേഹത്തെ സമ്മാനം വാങ്ങാൻ വിളിച്ചില്ല. അദ്ദേഹത്തിനുള്ള മെഡൽ വീട്ടിലേക്കെത്തിച്ചുകൊടുക്കുകയാണുണ്ടായത്.

മകൾ അമത്തുൽ വുദൂദ് പറയുന്നു: എന്റെ പിതാവിന് വിശുദ്ധ ഖുർആനോട് പ്രത്യേക അനുരക്തിയായിരുന്നു. എല്ലാ ദിവസവും മൂന്ന് ജുസുഅ് ഒരു ഉപേക്ഷയും കൂടാതെ പാരായണം ചെയ്യുമായിരുന്നു. എനിക്കെന്തെങ്കിലും പ്രബന്ധത്തിനോ പ്രസംഗത്തിനോ ഏതെങ്കിലും ആയത്ത് ആവശ്യമായി വന്നാൽ ഒരു മിനിറ്റിനുള്ളിൽത്തന്നെ ഇന്ന സൂറത്തിൽ ഇന്ന ആയത്തിൽ നോക്കുക എന്ന് പറയുമായിരുന്നു. ഞങ്ങളുടെ പിതാവ് ഞങ്ങൾക്ക് ഖിലാഫത്തുമായിട്ടുള്ള സ്നേഹം പ

റിപ്പിച്ചു തരികയുണ്ടായി. മനസ്സിലുള്ള കാര്യങ്ങൾ വിവരിക്കാനും കാലത്തിന്റെ ഖലീഫയുമായുള്ള ബന്ധം സ്ഥാപിക്കാനും ഞങ്ങൾക്ക് ആത്മവിശ്വാസം പകർന്നു തരികയുമുണ്ടായി.

അദ്ദേഹത്തിന്റെ രണ്ടാമത്തെ മകൾ സഅ്ദിയ പറയുന്നു: എന്റെ പിതാവ് ഖിലാഫത്തിൽ അനുരക്തനായിരുന്നു. എപ്പോഴും അദ്ദേഹത്തിന്റെ സംസാരത്തിലും പെരുമാറ്റത്തിലും അഹ്മദിയ്യാ ഖിലാഫത്തിനോടുള്ള സ്നേഹവും ആദരവുമാണ് കാണാൻ കഴിഞ്ഞിരുന്നത്. ഞങ്ങളുടെ പിതാവ് ഏതു പ്രവർത്തനത്തിൽ ഏർപ്പെടുന്നതിനു മുമ്പേയും കാലത്തിന്റെ ഖലീഫയുടെ സവിധത്തിൽ കത്തയച്ചുകൊണ്ട് ദുആക്ക് അപേക്ഷിച്ചിരുന്നു. രോഗത്തിന്റെ അവസാനഘട്ടത്തിൽ ഡോക്ടർ വന്ന് സ്ഥിതി ആശങ്കാജനകമാണെന്നും പ്രതീക്ഷക്ക് വകയില്ലെന്നും പറഞ്ഞപ്പോൾ ഡോക്ടറുടെ മുറിയിൽ നിന്ന് പുറത്തു വന്നുടനെ എന്നോടു പേനയും കടലാസുമെടുക്കാൻ പറയുകയും പിന്നെ കടലാസിൽ വിറയാർന്ന കൈകളോടെ ദുആക്കു കത്തെഴുതുകയും ചെയ്തു. ഞാൻ നേരത്തെ പറഞ്ഞതുപോലെ അദ്ദേഹം എനിക്ക് കത്തയച്ചിരുന്നു. നല്ലപോലെ സ്വദഖ കൊടുക്കുമായിരുന്നു. ഉണ്ടായിരുന്ന പൈസയൊക്കെ സ്വദഖ കൊടുത്തിരുന്നു.

നായില മഹ്മൂദ് ദൗഹിത്രിയാണ്. സഫ്ർ മഹ്മൂദ് അവരുടെ പിതാവാണ്. അവർ പറയുന്നു: ഞാനെന്റെ മാതാമഹൻ മുഖേന, ഈമാനെന്താണെന്ന് കാണുകയും പഠിക്കുകയും ചെയ്തു. ദൗഹിത്രിയാണ്. അല്ലാഹുവുമായുള്ള സത്യസന്ധമായ സ്നേഹം എങ്ങനെയാണ് കാണാൻ കഴിയുക? പറയുന്നു: അദ്ദേഹത്തിന്റെ അവസാന ശ്വാസത്തിന്റെ വേളയിലും ശഹാദത്തിന്റെ വിരൽ ഉയർത്തിക്കൊണ്ട് കൂടെക്കൂടെ അൽഹംദുലില്ലാഹ് എന്ന് പറയുന്നതു കണ്ടപ്പോൾ ഞാൻ അത്ഭുതപ്പെട്ടുപോയി. അവസാന സമയത്തും അൽഹംദുലില്ലാഹ് എന്ന് പറഞ്ഞിരുന്നു. അദ്ദേഹത്തിന്റെ ഈ ദൈവികസ്നേഹം കണ്ടപ്പോൾ എന്റെയുള്ളിൽ ഒരു മിന്നലുണ്ടായി. അല്ലാഹുവേ, അദ്ദേഹത്തിനു ഖുർആനോടും ഖിലാഫത്തിനോടുമുണ്ടായിരുന്നതുപോലുള്ള സ്നേഹം എനിക്കും നൽകേണമേ!

അല്ലാഹു അദ്ദേഹത്തോടു പൊറുമയോടും കരുണയോടും വർത്തിക്കുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും തലമുറക്കും അദ്ദേഹത്തിന്റെ നന്മകൾ നിലനിറുത്താൻ തൗഫീഖ് നൽകുമാറാകട്ടെ.

രണ്ടാമത്തെ ജനാസ റബ്വയിലെ അമീർ ഖാൻ ഭട്ടി സാഹിബിന്റെ മകൻ ശരീഫ് അഹ്മദ് ഭട്ടി സാഹിബിന്റേതാണ്. കുറച്ചുദിവസം മുമ്പേ അദ്ദേഹം 88-ാമത്തെ വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അദ്ദേഹം മൂസിയായിരുന്നു. അദ്ദേഹത്തിന്റെ സന്തപ്ത കുടുംബത്തിൽ ഭാര്യയും രണ്ടു ആൺമക്കളും രണ്ടു പെൺമക്കളുമുണ്ട്. ഒരു മകൻ മർക്കസിന്റെ സുരക്ഷാ വിഭാഗത്തിൽ ജോലി ചെയ്യുകയാണ്. രണ്ടാമത്തെ മകൻ മുറബ്ബി സിൽസിലയും സിയറലിയോണിൽ സേവനം ചെയ്തു കൊണ്ടിരിക്കുകയും ചെയ്യുന്നു. മുറബ്ബിയായ അദ്ദേഹത്തിന്റെ മകൻ ത്വാഹിർ അഹ്മദ് ഭട്ടി സാഹിബ് എഴുതുന്നു: എന്റെ പിതാവ് ഇങ്ങനെ പറയുമായിരുന്നു: ലേഖ്റാമിനെ കുറിച്ചുള്ള പ്രവചനം പൂർത്തിയായപ്പോൾ എന്റെ പിതാവ് ബഹുമാന്യ അമീർ ഖാൻ സാഹിബ് ഭട്ടിക്ക് ചെറിയ പ്രായമായിരുന്നു. അദ്ദേഹം പറഞ്ഞിരുന്നതെന്തെന്നാൽ, ഈ പ്രവചനം പൂർത്തിയായപ്പോൾ എന്റെ മനസ്സിൽ അഹ്മദിയ്യത്തിന്റെ സത്യസാക്ഷ്യത്തെ കുറിച്ചുള്ള വിശ്വാസം ദൃഢമായി. എന്നാൽ, ചെറിയ പ്രായമായിരുന്നതിനാൽ ഖാദിയാനിൽപോയി ബയ്അത്ത് ചെയ്യാൻ കഴിഞ്ഞില്ല. പക്ഷേ, പിന്നീട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ കൈയിൽ ബയ്അത്ത് ചെയ്ത് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചു.

1974-ൽ പൊട്ടിപ്പുറപ്പെട്ട കലാപത്തിന്റെ സമയത്ത് ഇദ്ദേഹം ലാലിയയിലാണ് താമസിച്ചിരുന്നത്. കലാപം കാരണം അവിടെനിന്ന് റബ്വയിൽവന്ന് താമസിക്കുകയും ഇവിടെത്തന്നെ സ്ഥിരമാവുകയും ചെയ്തു. ഇദ്ദേഹം ടെക്സ്റ്റൈൽമില്ലിലാണ് ജോലി ചെയ്തിരുന്നത്. ഒരിക്കലും താൻ അഹ്മദിയാണെന്ന കാര്യം മറച്ചു വെച്ചിരുന്നില്ല. എവിടെ പോവുകയാണെങ്കിലും അദ്ദേഹം ഇപ്രകാരം പറയുമായിരുന്നു: 'ഞാൻ അഹ്മദിയാണ്. എന്നോടു ബന്ധം വെക്കാമെങ്കിൽ വെക്കാം. ഞാൻ എന്നെ അഹ്മദി എന്ന നിലയിൽത്തന്നെയാണ് പരിചയപ്പെടുത്തുക.'

ജർമനിയിലുള്ള അദ്ദേഹത്തിന്റെ സഹോദരൻ ലത്വീഫ് അഹ്മദ് പറയുന്നു: ടെക്സ്റ്റൈൽ മില്ലിലാണ് അദ്ദേഹം ജോലി നോക്കിയിരുന്നത്. ജമാഅത്തിന്റെ ഒരു ശത്രു അദ്ദേഹത്തിന്റെ ഡിപ്പാർട്ടുമെന്റിൽ വരികയും താങ്കൾ അഹ്മദിയാണെന്ന് തനിക്കറിയാൻ കഴിഞ്ഞുവെന്ന് അദ്ദേഹത്തോടു പറയുകയും ചെയ്തു. അദ്ദേഹം പറഞ്ഞു, അതെ ഞാൻ അഹ്മദിയാണ്. അപ്പോൾ അയാൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വളരെ മോശമായ രീതിയിൽ ചീത്ത വിളിക്കാൻ തുടങ്ങി. അദ്ദേഹം പറഞ്ഞു, ഇനി മില്ലിൽ നമ്മൾ രണ്ടുപേരിലൊരാൾ മാത്രമേ ഉണ്ടാകുകയുള്ളൂ. അയാൾ മില്ലിന്റെ ഉടമകളെയും കുഴപ്പമുണ്ടാക്കാൻ എല്ലാ വിധത്തിലും പ്രേരിപ്പിച്ചു. ആ സമയത്ത് ഇദ്ദേഹം ദുആയിൽ മുഴുകി. അല്ലാഹുവേ നിന്റെ മസീഹ് മൗഊദിനുവേണ്ടി ഈ ദുഷ്ടപ്രവൃത്തിയെ പരാജയപ്പെടുത്തേണമേ. പറയുന്നു: കുറച്ച് സമയം കഴിഞ്ഞപ്പോൾ ഒരു ജോലിക്കാരൻ വന്ന് അദ്ദേഹത്തോട് പറഞ്ഞു, താങ്കളെ അപമാനിച്ചുകൊണ്ടിരുന്ന ആ വ്യക്തി മില്ലിന് വെളിയിൽ വിഷമിച്ചിരിക്കുന്നുണ്ട്. ഒരു കച്ചവടത്തിൽ അയാളുടെ ഒരു വലിയ കളവ് ഉടമസ്ഥർ കണ്ടുപിടിക്കുകയും അയാളെ മില്ലിൽനിന്ന് പുറത്താക്കുകയും ചെയ്തിരിക്കുന്നു.

ഇദ്ദേഹം തഹജ്ജുദ് നമസ്കരിക്കുകയും അഞ്ചുനേരനമസ്കാരങ്ങൾ കൃത്യമായി അനുഷ്ഠിക്കുകയും ദുആയിൽ മുഴുകുകയും ചെയ്തിരുന്നു. ജമാഅത്തിന്റെ പുസ്തകങ്ങൾ ധാരാളം വായിക്കുമായിരുന്നു. റിട്ടയർമെന്റിനുശേഷം കൂടുതൽ വായിക്കാൻ തുടങ്ങിയിരുന്നു. ജമാഅത്തിന്റെ ഏതെങ്കിലും പുസ്തകം അദ്ദേഹത്തിന്റെ തലയണക്കരികിലുണ്ടാകുകയും അതിന്റെ പാരായണത്തിൽ മുഴുകുകയും ചെയ്യുമായിരുന്നു. ഖുലഫായെ അഹ്മദിയ്യത്തിന്റെ ഭാഗത്തുനിന്ന് എന്തെങ്കിലും ദുആയുടെ നിർദേശമുണ്ടാകുകയാണെങ്കിൽ ഉടൻതന്നെ അതിൽ മുഴുകിയിരുന്നു. സ്വലാത്ത് വളരെയധികം ചൊല്ലുമായിരുന്നു. ഇദ്ദേഹത്തിന്റെ മുറബ്ബിയായ മകൻ പറയുന്നു: ഞാൻ ആറാം ക്ലാസിൽ പഠിക്കുമ്പോൾ സ്കൂളിൽ പോകുമ്പോഴും തിരിച്ചു വരുമ്പോഴും സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കാൻ എന്നോട് പറഞ്ഞിരുന്നു; ഭട്ടി സാഹിബ് തന്നെക്കുറിച്ച് പറയുന്നു: ഞാൻ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആയിരത്തിലധികം തവണ സ്വലാത്ത് ചൊല്ലാറുണ്ട്. അല്ലാഹു ഇദ്ദേഹത്തിന് പൊറുത്തുനൽകുകയും കരുണയോടെ പെരുമാറുകയും ചെയ്യുമാറാകട്ടെ. അദ്ദേഹത്തിന്റെ നന്മകൾ അദ്ദേഹത്തിന്റെ സന്താനങ്ങൾക്കും തുടർന്ന് കൊണ്ടുപോകാനുള്ള തൗഫീഖ് ലഭിക്കുമാറാകട്ടെ.

അടുത്ത അനുസ്മരണം പ്രൊഫസ്സർ അബ്ദുൽ ഖാദിർ ഡാഹരി സാഹിബിന്റേതാണ്. അദ്ദേഹം അഹ്മദിയ്യാ ജമാഅത്ത് നവാബ്ശാഹ് ജില്ലയുടെ മുൻ അമീറായിരുന്നു. ഇദ്ദേഹം 92-ാമത്തെ വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ. ഇദ്ദേഹത്തിന് ഒരു മകനും അഞ്ചു പെൺകുട്ടികളുമുണ്ട്. ഇദ്ദേഹത്തിന്റെ മകൻ ഥമർ അഹ്മദ് എഴുതുന്നു: ഇവരുടെ കുടുംബത്തിൽ ഇദ്ദേഹത്തിന്റെ പിതാവ് റഈസ് മുഹമ്മദ് മുഖീംഖാൻ ഡാഹരി സാഹിബ് വഴിയാണ് അഹ്മദിയ്യത്ത് വന്നത്. അബ്ദുൽ ഖാദിർ സാഹിബ് ധീരനും സത്യസന്ധനുമായിരുന്നു. അദ്ദേഹത്തിന്റെ മകൻ എഴുതുന്നു: സമൂഹത്തിലെ താഴെക്കിടയിലുള്ള വ്യക്തികളുമായുള്ള സഹവാസത്തിൽ അദ്ദേഹമൊരിക്കലും മടി കാണിക്കാറില്ലായിരുന്നു. അവിടെയുള്ള രീതിയനുസരിച്ച് ഏതെങ്കിലും ദരിദ്രനെ കൂടെയിരുത്തുന്നത് മോശമായി ഗണിക്കപ്പെട്ടിരുന്നു. യൂണിവേഴ്സിറ്റിയിൽനിന്ന് സിന്ധി സാഹിത്യത്തിൽ മാസ്റ്റർ ഡിഗ്രി നേടിയിട്ടുണ്ട്. അക്കാലത്ത് സിന്ധിഭാഷയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കുറവായിരുന്നു. വിദ്യാഭ്യാസത്തിനോടുള്ള പ്രിയം കാരണം അദ്ദേഹം ഹൈദരാബാദിലെ ഒരു കോളേജിൽ ലെക്ച്ചറർ ആയി ജോലി ആരംഭിച്ചു. അദ്ദേഹത്തിന്റെ താൽപര്യം കണ്ട് അവിടെയുണ്ടായിരുന്ന പ്രിൻസിപ്പാൾ നവാബ്ശാഹിലും ഒരു വിദ്യാഭ്യാസ സ്ഥാപനം ആരംഭിച്ച് സായാഹ്ന ക്ലാസുകൾ ആരംഭിക്കാൻ അഭിപ്രായപ്പെട്ടു. അങ്ങനെ ആ ക്ലാസുകൾ ആരംഭിക്കുകയും അത് വളരെയധികം പുരോഗതി പ്രാപിക്കുകയും പിന്നീട് ഇദ്ദേഹത്തിന്റെ പ്രയത്നം കാരണം അത് കോളേജായി മാറുകയും സിന്ധിലെ പ്രശസ്ത കോളേജുകളിലൊന്നായിത്തീരുകയും ചെയ്തു. സിന്ധിലെ എല്ലാ രാഷ്ട്രീയ കുടുംബങ്ങളുമായും വളരെ നല്ല ബന്ധമുണ്ടായിരുന്നു. അവരോടെല്ലാം താൻ അഹ്മദിയാണെന്നു തുറന്നു പറയുകയും ചെയ്യുമായിരുന്നു. ഒരിക്കലും അഹ്മദിയാണെന്ന് പറയാൻ ഭയക്കരുതെന്ന് കുട്ടികളോട് പറയുമായിരുന്നു. നമ്മൾ അഹ്മദിയ്യത്തിന്റെ ആഭരണങ്ങൾ അണിഞ്ഞിരിക്കുകയാണ്, ഇതൊരു അഭിമാനമാണെന്ന് സിന്ധി ഭാഷയിൽ പറയുമായിരുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥിന്റെ (റഹ്) നിർദേശ പ്രകാരം അദ്ദേഹത്തിന്

**• കലാമുൽ ഇമാം •**

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാല്യം 3, പേജ് 38)**


SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)

**• കലാമുൽ ഇമാം •**

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാല്യം 1, പേജ് 64)**

ത്വാലിബെ ദുആ: ANWAR SADAT & FAMILY
JAMA-ATH AHMADIYYA,PATHAPIRIYAM

സിന്ധി ഭാഷയിൽ വിശുദ്ധ ഖുർആൻ തർജമ ചെയ്യാനുള്ള സൗഭാഗ്യവും തഫ്സീർ സഗീർ രണ്ടു വാള്യങ്ങളിലായി സിന്ധിലേക്ക് തർജമ ചെയ്യാനും സാധിച്ചു. വിശുദ്ധ ഖുർആനിന്റെ തർജമയും ചില ആയത്തുകളും അടങ്ങുന്ന ഒരു നോട്ടീസ് പ്രസിദ്ധീകരിച്ചതിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്നെക്കൂടാതെ നാലുപേരുടെ മേൽ 295 സി വകുപ്പ് ചുമത്തി കേസെടുത്തിരുന്നു. അതിൽ ഇദ്ദേഹത്തിന്റെ പേരുമുണ്ടായിരുന്നു. സിന്ധി ഭാഷയെ കൂടാതെ ഉർദു ഭാഷയിലും ഇദ്ദേഹത്തിനു പ്രാവീണ്യമുണ്ടായിരുന്നു. ആരെ അഭിസംബോധന ചെയ്തു കത്തെഴുതിയാലും അയാൾ സ്വാധീനിക്കപ്പെടുമായിരുന്നു. ഫള്‌ലെ ഉമർ ഫൗണ്ടേഷന്റെ മെമ്പറായിരുന്നു. യൂണിവേഴ്സിറ്റിയിലെ പി.എച്.ഡി വിദ്യാർഥികളും മാർഗനിർദേശം തേടി അദ്ദേഹത്തിന്റെയടുക്കൽ വരുമായിരുന്നു. അദ്ദേഹത്തിന്റെ സുഹൃത്ത്‌വലയം വളരെ വിശാലമാണ്. വിദ്യാഭ്യാസ വിദഗ്ധർക്കും വിദ്യാർഥികൾക്കും പ്രാധാന്യമുള്ള ഒരു പുസ്തകം അദ്ദേഹം സിന്ധി ഭാഷയിലെഴുതിയിരുന്നു. നിഘണ്ടുവിൽ സിന്ധിലെ ഡാഹരി ഗോത്രത്തെക്കുറിച്ച് എഴുതപ്പെട്ട ചില കാര്യങ്ങളിൽ പരിഹാസചുവയുള്ള ഭാഷ ഉപയോഗിക്കപ്പെട്ടിരുന്നു. ഇദ്ദേഹം വിശുദ്ധ ഖുർആനിലെ കൽപനയുടെ വെളിച്ചത്തിൽ പല ഭരണാധികാരികൾക്കും തെളിവുകൾ സമർപിച്ച് ബോധ്യപ്പെടുത്തുകയും നിഘണ്ടുവിൽനിന്ന് അത്തരം പരിഹാസച്ചുവയുള്ള വാക്കുകൾ നീക്കം ചെയ്യുകയും ചെയ്തു. അല്ലാഹു അദ്ദേഹത്തിന് പൊറുത്തുനൽകുമാറാകട്ടെ. അദ്ദേഹത്തോട് കാരുണ്യത്തോടെ പെരുമാറട്ടെ. അദ്ദേഹത്തിന്റെ സന്താനങ്ങൾക്കും നന്മകൾ തുടർന്നുകൊണ്ടുപോകാനുള്ള തൗഫീഖ് ലഭിക്കുമാറാകട്ടെ.

അടുത്ത അനുസ്മരണം ഇപ്പോൾ അമേരിക്കയിലുള്ള പ്രൊഫസ്സർ ഡോക്ടർ മുഹമ്മദ് ശരീഫ് ഖാൻ സാഹിബിന്റേതാണ്. ഇദ്ദേഹം 84-ാമത്തെ വയസിൽ വഫാത്തായി. ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇദ്ദേഹം മൂസ്വിയായിരുന്നു. 1939-ൽ ടൻസാനിയയിൽ ജനിച്ചു. ടൻസാനിയയിൽവച്ച് അഹ്മദിയ്യത്ത് സ്വീകരിച്ച ഇദ്ദേഹത്തിന്റെ പിതാവ് ഹബീബുല്ലാഹ് ഖാൻ സാഹിബ് വഴിയാണ് ഇദ്ദേഹത്തിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് വന്നത്. ശരീഫ് ഖാൻ സാഹിബ് തന്റെ പ്രാരംഭ വിദ്യാഭ്യാസം ഖാദിയാനിൽ നിന്നാണ് നേടിയത്. 1954-55 ലെ ഹദ്റത്ത് മുസ്‌ലിഹ് മൗഊദി(റ)ന്റെ ഖുത്ബകൾ കാരണം എട്ടാം തരത്തിൽത്തന്നെ ജീവിതം വഖ്ഫു ചെയ്തു. പിന്നീട് 1963-ൽ പഞ്ചാബ് യൂണിവേഴ്സിറ്റിയിൽനിന്ന് ഗോൾഡ് മെഡലോടുകൂടി എം.എസ് .സി സുവോളജി പാസ്സായി. 96-ൽ പഞ്ചാബ് യൂണിവേഴ്സിറ്റിയിൽനിന്ന് സുവോളജിയിൽ പി.എച്ച്.ഡി.യും ചെയ്തു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്)ന്റെ നിർദേശപ്രകാരം 63-ൽ തഅ്ലീമുൽ ഇസ്‌ലാം കോളേജിൽ സേവനം ചെയ്യാനാരംഭിച്ചു. 98-ൽ അദ്ദേഹം റിട്ടയറാകുന്നതുവരെ 35 വർഷം അദ്ദേഹത്തിന് ഖിദ്മത്ത് ചെയ്യാനുള്ള തൗഫീഖ് ലഭിച്ചു. ലോകത്തിലെ പല പ്രസിദ്ധീകരണങ്ങളിലും പ്രൊഫസ്സർ സാഹിബിന്റെ 250 റിസർച്ച് പേപ്പറുകൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. 1972-ൽ അദ്ദേഹത്തിന്റെ ആദ്യത്തെ ഗവേഷണ ലേഖനം പ്രസിദ്ധീകരിക്കപ്പെട്ടു. ഉരഗങ്ങളെ കുറിച്ചുള്ള ഇദ്ദേഹത്തിന്റെ ഉപന്യാസമായിരുന്നു അത്. പാമ്പുകളെ കുറിച്ചും പല്ലികളെക്കുറിച്ചും ഭൂമിയിലെ പ്രാണികളെ കുറിച്ചും വളരെയധികം ഗവേഷണം നടത്തിയിരുന്നു. ഞാനും ഇദ്ദേഹത്തിന്റെ വിദ്യാർഥിയായിരുന്നു. ഞങ്ങളെ ക്ലാസിൽനിന്ന് പുറത്തു കൊണ്ടുപോയി പ്രകൃതിയിലെ പല വസ്തുക്കളും പല തരത്തിലുള്ള പ്രാണികളും കാണിച്ച് പറഞ്ഞുതരുമായിരുന്നു. 2002-ൽ അദ്ദേഹത്തിന് പാകിസ്താനിൽ സുവോളജിസ്റ്റ് ഓഫ് ദി ഇയർ എന്ന പുരസ്കാരം ലഭിച്ചു. മുജീബുല്ലാഹ് ചൗധരി സാഹിബ് അമേരിക്ക എഴുതുന്നു: 2008-ൽ മസ്ജിദിനുവേണ്ടി ചന്ദ പിരിക്കുന്നതിനെസംബന്ധിച്ച് അദ്ദേഹത്തോടു സംസാരിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: 'നൽകാൻ നമ്മുടെ കൈയിലൊന്നുംതന്നെ ഇല്ല.' അദ്ദേഹം പറഞ്ഞു, 'എന്നാലും നിങ്ങൾ വീട്ടിൽ വരൂ.' വീട്ടിൽ പോയപ്പോൾ അദ്ദേഹത്തിന്റെ ഭാര്യയും വന്നു. എന്നിട്ട് ഒരു പൊതി ഞങ്ങളുടെ മുന്നിൽ വെച്ചു. അവരുടെ മാതാപിതാക്കൾ നൽകിയ ആഭരണങ്ങളും ഭർതൃവീട്ടിൽനിന്നു ലഭിച്ച ആഭരണങ്ങളുമെല്ലാം അതിലുണ്ടായിരുന്നു. എല്ലാം ഞങ്ങളുടെ മുന്നിൽവച്ചുകൊണ്ടു പറഞ്ഞു, 'ഞങ്ങളുടെ പക്കൽ ഇതു മാത്രമാണുള്ളത്. ഇതുകൊണ്ടുപോയിക്കൊള്ളുക.' വളരെ സാത്വികനും വിനയനുമായ വ്യക്തിയായിരുന്നു. വിദ്യാർഥികളോട് വളരെയധികം സൗഹൃദത്തോടെ സുഹൃത്തുക്കളെപ്പോലെ പെരുമാറിയിരുന്നു. അല്ലാഹു അദ്ദേഹത്തോടു പൊറുമയോടെയും കരുണയുടെയും വർത്തിക്കുമാറാകട്ടെ.

ഇദ്ദേഹത്തെ കുറിച്ച് പിന്നീട് വന്ന കാര്യങ്ങളാണ് ഇനി പറയുന്നത്. ഇദ്ദേഹത്തിന്റെ മൂത്ത സഹോദരൻ സഫ്റുല്ലാഹ് സാഹിബ് എഴുതുന്നു: അമേരിക്കയിൽനിന്നും കാനഡയിൽനിന്നും കുറച്ച് ശാസ്ത്രജ്ഞന്മാർ പ്രൊഫസ്സർ ഡോക്ടർ ശരീഫ് ഖാൻ സാഹിബിനെ കാണാൻ വന്നു. ആ ശാസ്ത്രജ്ഞന്മാർ പറയുന്നതെന്തെന്നാൽ ഉരഗങ്ങളെ കുറിച്ചുള്ള പഠനത്തിൽ ശരീഫ് ഖാൻ സാഹിബിനെക്കാളും കൂടുതൽ നൈപുണ്യമുള്ള മറ്റൊരു വ്യക്തി പാകിസ്താനിലില്ല. ഈ വിഷയത്തിൽ ഇദ്ദേഹം വലിയ വിദഗ്ധനായിരുന്നു.

ഇദ്ദേഹത്തിന്റെ മകൻ റാശിദ് സുബയ്ർ പറയുന്നു, യൗവനത്തിൽത്തന്നെ അദ്ദേഹം തഹജ്ജുദ് നമസ്കാര ശീലമുള്ളയാളും വ്രതവും നമസ്കാരവും കൃത്യമായി അനുഷ്ഠിക്കുന്ന വ്യക്തിയുമായിരുന്നു. മസ്ജിദ് ഖമറിൽ നമസ്കാരത്തിന് ഇമാമും നിൽക്കുമായിരുന്നു. ജമാഅത്തായുള്ള നമസ്കാരം കൂടാതെ വിശുദ്ധ ഖുർആൻ പാരായണവും തഫ്സീർ വായനയിലും പ്രത്യേക താൽപര്യമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ വായനയും വളരെ വിശാലമായിരുന്നു.

ഇദ്ദേഹത്തിന്റെ പേരക്കുട്ടി മശ്ഹൂദ് അഹ്മദ് ഖാൻ സാഹിബ് പറയുന്നു, വലിയ ആത്മീയ വ്യക്തിത്വവും ആഴത്തിലുള്ള ശാസ്ത്രജ്ഞാനവുമുണ്ടായിരുന്ന ഞങ്ങളുടെ പിതാമഹൻ ദൈവാസ്തികൃത്തിനുള്ള തെളിവ് പ്രകൃതിയിൽത്തന്നെ ഉണ്ടെന്ന് പറയുമായിരുന്നു. സമയത്ത് നമസ്കരിക്കുന്നതിനും വിശുദ്ധ ഖുർആൻ ധാരാളം പാരായണം ചെയ്യുന്നതിനും അദ്ദേഹം പ്രത്യേകം ഊന്നൽ നൽകുമായിരുന്നു. അഹ്മദിയ്യാ ഖിലാഫത്തുമായി അദ്ദേഹത്തിന് വളരെ സ്നേഹമുണ്ടായിരുന്നു. എപ്പോഴും ഖലീഫയ്ക്ക് കത്തെഴുമായിരുന്നു. ഖുത്ബകൾ കേൾക്കാൻ ശ്രദ്ധിക്കുമായിരുന്നു. വീട്ടുകാരെയും ഈ കാര്യത്തിൽ ഉപദേശിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുമായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ സന്താനങ്ങൾക്കും അദ്ദേഹത്തിന്റെ നന്മകൾ തുടരാനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

(വിവർത്തനം: എച്ച്. ശംസുദ്ദീൻ കാവശ്ശേരി, ഡി.ടി.പി: പി.എം. വസീം അഹ്മദ് ചേലക്കര)

---

**128-ാമത് ഖാദിയാൻ ജൽസസാലാന 2023 ഡിസംബർ 29,30,31 (വെള്ളി, ശനി, ഞായർ)തീയതികളിൽ സംഘടിപ്പിക്കുന്നതാണ്.**

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് 128-ാമത് ഖാദിയാൻ ജൽസസാലാന 2023 ഡിസംബർ 29,30,31 (വെള്ളി, ശനി, ഞായർ)തിയതികളിൽ സംഘടിപ്പിക്കുന്നതിന് അനുവാദം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾ മുതൽത്തന്നെ ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കുന്നതിന് ദുആയോടുകൂടി നിയ്യത്ത് വെച്ച് തയ്യാറെടുപ്പുകൾ നടത്തുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽ പങ്കെടുക്കാൻ തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ. ഈ ജൽസസാലാന എല്ലാ വിധത്തിലും വിജയപ്രദവും അനുഗൃഹീതവുമാകുന്നതിനും ഭാഗ്യാത്മാക്കൾക്ക് സന്മാർഗത്തിന് നിമിത്തമാകുന്നതിനും ദുആ തുടർന്നുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹു അഹ്സനൽ ജസാഉ(നാള്വിർ ഇസ്‌ലാഹ് വ ഇർശാദ് മർക്കസിയ ഖാദിയാൻ)

## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:


**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**അല്ലാഹുവിനുവേണ്ടി പസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവർ ആണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ.**
**(ജുമുഅ ഖുത്ബ 4-10-2019)**

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**ദൈവം വൻനിധിയാകുന്നു. അവനെ പ്രാപിക്കാൻ, നിർഭാഗ്യങ്ങളെ നേരിടാൻ നിങ്ങൾ തയ്യാറാകണം.(ഇസാലെ ഔഹാം പേ.445)**



ത്വാലിബെ ദുആ:
NEWTECH. INTERNATIONAL(P)LTD, SRINGILS & GLASS WORK ,ERNAKULAM. CONT: 79025 95215


ത്വാലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA
CONT: 80752 22792

# ഖുത്ബ ജുമുഅ

- നമ്മുടെ പക്കൽ ദുആയുടെ ആയുധം മാത്രമാണുള്ളത്. എല്ലാ അഹ്മദികളും മുമ്പത്തെക്കാൾ കൂടുതൽ അതുപയോഗിക്കേണ്ടതാണ്.
- ഹദ്റത്ത് ആഇശ(റ)വിവരിച്ചിരിക്കുന്നു: 'നബി(സ)തിരുമേനി വിവാഹശേഷം എന്നോടു പറഞ്ഞു: ഞാൻ രണ്ടു തവണ വിവാഹത്തിനുമുമ്പേ നിന്നെ സ്വപ്നത്തിൽ കണ്ടിട്ടുണ്ട്. ഒരു മലക്ക് നിന്നെ പട്ടുതുണിയുടെ കഷണത്തിൽ എടുത്തിരിക്കുന്നതായി ഞാൻ കാണുകയുണ്ടായി.'
- പൊതുവിൽ നോക്കിയാൽ ഹദ്റത്ത് ആഇശ(റ)യുടെ വിവാഹ സമയത്തുള്ള പ്രായത്തെ സംബന്ധിച്ച് അവിടെയുള്ള ആളുകൾക്കിടയിൽ പ്രശ്നമോ ആക്ഷേപമോ ഉണ്ടാകാനിടയുള്ള ഒരു പുതുമയുമില്ലായിരുന്നു
- 'ഹദ്റത്ത് ആഇശ(റ)യുടെ 9 വയസ്സ് എന്നുള്ളത് അലകും പിടിയുമില്ലാത്ത വാക്കുകൾ മാത്രമാകുന്നു. അത്തരം പ്രസ്താവങ്ങളിൽ മാത്രമാണ് അവ വന്നിട്ടുള്ളത്. അതൊന്നും ഏതെങ്കിലും ഹദീഥിൽ നിന്നോ വിശുദ്ധ ഖുർആനിൽനിന്നോ തെളിയുന്നില്ല.'(ഹദ്റത്ത് മസീഹ് മൗഊദ്(അ))
- നബി(സ)തിരുമേനി പറഞ്ഞു:എന്റെ എല്ലാ മക്കളിലുംവച്ച് ശ്രേഷ്ഠത സയ്നബിനാകുന്നു. കാരണം ഞാൻ കാരണത്താൽ അവൾക്ക് ബുദ്ധിമുട്ടുണ്ടായി.
- ഇസ്ലാം യുദ്ധാവസരത്തിൽപോലും സ്ത്രീകളെയോ കുട്ടികളെയോ യുദ്ധത്തിൽ പങ്കെടുക്കാത്തവരെയോ വധിക്കാൻ അനുമതി നൽകുന്നില്ല. ഇക്കാര്യത്തിൽ നബി(സ)തിരുമേനി വളരെ കണിശമായ പാഠങ്ങൾ നൽകിയിട്ടുണ്ട്.
- യഥാർഥ നീതി നടപ്പിൽ വരുത്തിയിരുന്നെങ്കിൽ, ഇതൊന്നും സംഭവിക്കില്ലായിരുന്നു. വൻശക്തികൾ തങ്ങളുടെ ഇരട്ടത്താപ്പ് ഇല്ലാതാക്കിയാൽ, ഇത്തരം അശാന്തിയും യുദ്ധങ്ങളും ഒരിക്കലും സംഭവിക്കുന്നതല്ല. ആയതിനാൽ ഈ ഇരട്ടത്താപ്പ് അവസാനിപ്പിക്കുക, അങ്ങനെയായാൽ യുദ്ധങ്ങൾ സ്വയം ഇല്ലാതാകുന്നതാണ്.
- അത്തരം അവസ്ഥകളിൽ മുസ്ലിം രാഷ്ട്രങ്ങൾ കുറഞ്ഞപക്ഷം ബുദ്ധിപൂർവം പ്രവർത്തിക്കേണ്ടതാണ്. ഭിന്നിപ്പുകൾ നീക്കി തങ്ങളുടെ ഐക്യം സ്ഥാപിക്കേണ്ടതാണ്.
- ഒന്നിച്ചു നിൽക്കുകയും ഐക്യപ്പെടുകയുമാണെങ്കിൽ ആ ശബ്ദത്തിനും ഒരു ഊക്കുണ്ടാകുന്നതാണ്. അല്ലാത്തപക്ഷം, നിർദോഷികളായ മുസ്ലിമീങ്ങളുടെ  ജീവനഷ്ടത്തിന് ഇവരും ഉത്തരവാദികളായിരിക്കും. നബി(സ)തിരുമേനി മർദ്ദിതനെയും മർദ്ദകനെയും സഹായിക്കാൻപറഞ്ഞത് എപ്പോഴും മുന്നിൽ ഉണ്ടായിരിക്കണം.
- ഹദ്റത്ത് ആഇശ(റ)യുമായുള്ള നബി(സ)തിരുമേനിയുടെ വിവാഹത്തിന്റെ യുക്തി, വിവാഹ സമയത്ത് ആഇശയുടെ പ്രായത്തിന്മേലുണ്ടായിട്ടുള്ള വിമർശനവീക്ഷണങ്ങളുടെ വിലയിരുത്തൽ, ഹദ്റത്ത് സയ്നബ് ബിൻത് റസൂലുല്ലാഹി(സ)യുടെ മദീനയിലേക്കുള്ള ഹിജ്റത്തിനെ സംബന്ധിച്ചുള്ള വിശദീകരണങ്ങൾ
- ഇസ്റാഈൽ-ഫലസ്തീൻ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ പ്രാർഥനയ്ക്കുള്ള ആഹ്വാനവും ലോകനേതാക്കൾക്കുള്ള ഉപദേശങ്ങളും
- ഡോക്ടർ ബശീർ അഹ്മദ് ഖാൻ സാഹിബ്, ഡോകടർ ശഫീഖ് സഹ്ഗൽ സാഹിബിന്റെ ഭാര്യ വസീമ ബീഗം സാഹിബ എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ നമസ്കാരവും

**ഖുത്ബ ജുമുഅ 2023 ഒക്ടോബർ 13/1402 അഖാ 13**
**മസ്ജിദ് മുബാറക്ക്, ഇസ്ലാമാബാദ്,യു.കെ**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ

أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

നബി(സ)തിരുമേനിയുടെ ജീവിതത്തിൽ ബദ്ർ യുദ്ധാവസരത്തിലോ അല്ലെങ്കിൽ അതിനുശേഷം തൊട്ടടുത്ത സമയത്തോ ഉണ്ടായ സംഭവങ്ങളാണ് അനുസ്മരിച്ചു കൊണ്ടിരിക്കുന്നത്. ഈ സംഭവങ്ങളിൽ നബി(സ)തിരുമേനിയും ഹദ്റത്ത് ആഇശ(റ)യുമായുള്ള വിവാഹത്തിന്റെ പരാമർശവുമുണ്ട്. അതുകൊണ്ട് അതേപ്പറ്റി വിവരിക്കാം. ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ഖദീജയുടെ വഫാത്തിനുശേഷം ഒരു ദിവസം ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊനിന്റെ ഭാര്യ ഖൗല ബിൻത് ഹക്കീം നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി പറഞ്ഞു: യാ റസൂലല്ലാഹ്! അങ്ങ് വിവാഹം ചെയ്യാൻ ഉദ്ദേശിക്കുന്നില്ലേ? നബി(സ)തിരുമേനി ചോദിച്ചു: ആരുമായി?അവർ പറഞ്ഞു: അങ്ങ് കന്യകയെയാണ് ഉദ്ദേശിക്കുന്നതെങ്കിൽ അങ്ങനെയാകാം, അതല്ല വിധവയെയാണ് ആഗ്രഹിക്കുന്നതെങ്കിൽ അങ്ങനെയുമാകാം.നബി(സ)തിരുമേനി ചോദിച്ചു: കന്യക ആരാണ്?അവർ പറഞ്ഞു: ആഇശ ബിൻത് അബൂബക്ർ.' തുടർന്ന് നബി(സ)തിരുമേനി വിധവയാരാണെന്ന് അന്വേഷിച്ചു. അവർ പറഞ്ഞു: സൗദ ബിൻത് സംഅ.അവർ അങ്ങയെ വിശ്വസിക്കുകയും അങ്ങയെ പിൻപറ്റുകയും ചെയ്യുന്നവരാണ്. നബി(സ)തിരുമേനി ഹദ്റത്ത് ഖൗലയോടു പറഞ്ഞു: നിങ്ങൾ പോയി രണ്ടിടത്തും എന്നെ സംബന്ധിച്ച് പറയുക.നബി(സ)തിരുമേനി അനുവാദം കൊടുത്തപ്പോൾ ഹദ്റത്ത് ഖൗല അവിടെനിന്നിറങ്ങി ആദ്യം ഹദ്റത്ത് അബൂബക്റിന്റെ വീട്ടിൽ ഹദ്റത്ത് ആഇശയുടെ വിവാഹ സംബന്ധമായി സംസാരിക്കാൻ പോയി. വീട്ടിൽ ഹദ്റത്ത് അബൂബക്ർ ഉണ്ടായിരുന്നില്ല, അദ്ദേഹത്തിന്റെ ഭാര്യ ഉമ്മു റുമ്മാൻ മാത്രമാണുണ്ടായിരുന്നത്. ഹദ്റത്ത് ഖൗല അവർക്ക് ആശംസകൾ നേർന്നുകൊണ്ട് പറഞ്ഞു: ഉമ്മു റുമ്മാനേ! അല്ലാഹു നിങ്ങളെ എത്രനല്ല നന്മകൾ കൊണ്ടാണ് അനുഗ്രഹിക്കുന്നതെന്ന് നോക്കൂ! അവർ ചോദിച്ചു: ഏത് നന്മകൾ?ഹദ്റത്ത് ഖൗല പറഞ്ഞു: എന്നെ നബി(സ) തിരുമേനി ആഇശയുമായുള്ള  വിവാഹാലോചനയുമായി അയച്ചിരിക്കുകയാണ്. ഉമ്മു റുമ്മാൻ പറഞ്ഞു: അങ്ങനെയാണെങ്കിൽ അബൂബക്ർ വരുന്നതുവരെ കാത്തിരിക്കുക. കുറച്ചു സമയത്തിനകം ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)വീട്ടിലെത്തിയപ്പോൾ ഹദ്റത്ത് ഖൗല അദ്ദേഹത്തോടും ഉമ്മു റുമ്മാനോടു പറഞ്ഞ കാര്യങ്ങൾ ആവർത്തിച്ചു: ഹദ്റത്ത് അബൂബക്ർ ചോദിച്ചു: ഖൗലാ! ഏത് നന്മയെക്കുറിച്ചാണ് പറയുന്നത്?ഹദ്റത്ത് ഖൗല പറഞ്ഞു: എന്നെ നബി(സ)തിരുമേനി ആഇശയുടെ വിവാഹാലോചനയുമായി താങ്കളുടെ അടുക്കൽ അയച്ചിരിക്കുകയാണ്. ഇതു കേട്ടപ്പോൾ ആയഇശയുമായി നബി(സ)തിരുമേനിയുടെ വിവാഹം ശരിയാണോ? നബി(സ)തിരുമേനിയുടെ സഹോദരന്റെ മകളല്ലേ? അദ്ദേഹത്തിന് ഇങ്ങനെയൊരു ചിന്ത വന്നപ്പോൾ ഹദ്റത്ത് ഖൗല, നബി(സ)തിരുമേനിയുടെ സവിധത്തിലെത്തുകയും ഹദ്റത്ത് അബൂബക്ർ പറഞ്ഞ കാര്യങ്ങൾ അറിയിക്കുകയും ചെയ്തപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: തിരിച്ചുപോയി അദ്ദേഹത്തോടു പറയുക, ഇസ്ലാമിൽ ഞാൻ നിങ്ങളുടെ സഹോദരനാണ്. നിങ്ങളെന്റെയും സഹോദരനാകുന്നു. നിങ്ങളുടെ മകളുമായി എന്റെ നിക്കാഹ് അനുവദനീയമാണ്. ശരിഅത്തിൽ അത് തെറ്റല്ല. അങ്ങനെ ഖൗല തിരിച്ചുപോകുകയും ഹദ്റത്ത് അബൂബക്റിനോട് ഇക്കാര്യം പറയുകയും ചെയ്തു. അപ്പോൾ അദ്ദേഹം പറഞ്ഞു: കുറച്ചു കാത്തിരിക്കുക.

അദ്ദേഹം പുറത്തുപോയി. ഹദ്റത്ത് ഉമ്മു റുമ്മാൻ പറഞ്ഞു: മുത്ഇം ബിൻ അദിയ്യ് തന്റെ മകനുവേണ്ടി ഹദ്റത്ത്

**• അല്ലാഹുവിന്റെ കലാം: •**

**നീ ആദ്യമായി നിന്റെ അടുത്ത ബന്ധുക്കൾക്ക് മുന്നറിയിപ്പു നല്കുക. നിന്നെ പിന്തുടർന്ന സത്യവിശ്വാസികൾക്ക് നിന്റെ സ്നേഹത്തിന്റെ ചിറകു താഴ്ത്തിക്കൊടുക്കുക. (വിശുദ്ധ ഖുർആൻ 26:215 – 216)**




tectona
feels more confidence
All Types Of Quality Furniture
താലിബെ ദുആ: Prop.M. SHAFIQ(8075212141),M.MUSTAFA (9188768150),M.MUNEER(9946871947) KARULAI, MALAPPURAM





ആഇശയെ പറ്റി സംസാരിച്ചിരുന്നു. അല്ലാഹുവാണ! അബൂബക്ർ ഒരു ഉടമ്പടിയും ഇക്കാര്യത്തിൽ ചെയ്തിരുന്നില്ല, അതുകൊണ്ട് ഉടമ്പടി ലംഘിച്ചു എന്ന പ്രശ്നവുമുദിക്കുന്നില്ല. അങ്ങനെ അദ്ദേഹം മുത്വ്അം ബിൻ അദിയ്യിന്റെ അടുക്കൽ പോയി. അയാളുടെകൂടെ അയാളുടെ ഭാര്യ ഉമ്മുൽ ഫത്തായുമുണ്ടായിരുന്നു. ആ സ്ത്രീ പറഞ്ഞു: ഇബ്നു ഖുഹാഫാ! നിങ്ങളുടെ വീട്ടിൽ ഞങ്ങളുടെ മകനുമായി വിവാഹം നടത്തിയാൽ നിങ്ങൾ അവനേയും നിങ്ങളുടെ മതത്തിലേക്ക് മാറ്റില്ലേ? ഹദ്റത്ത് അബൂബക്ർ മുത്വ്അം ബിൻ അദിയ്യിനോട് ചോദിച്ചു: നിങ്ങളും ഇതു തന്നെയാണോ പറയുന്നത്? അതായത് ഹദ്റത്ത് അബൂബക്ർ ഭാര്യയോടും ഭർത്താവിനോടും ഇരുവരോടും ചോദിച്ചു. അയാൾ പറഞ്ഞു: ഞാനും അതുതന്നെയാണ് പറയുന്നത്. ഹദ്റത്ത് അബൂബക്ർ(റ) മുത്വ്അമിന്റെ അടുക്കൽനിന്ന് വന്നു. അല്ലാഹു ഇതിലുണ്ടായിരുന്ന അസ്വസ്ഥതകളെല്ലാം അകറ്റി. മകൻ മുസ്‌ലിമാകാൻ പറ്റില്ലെന്ന് അയാൾ പറഞ്ഞതോടുകൂടി ആ വിവാഹാലോചന അവിടെ അവസാനിച്ചു. നിങ്ങൾ വിവാഹാലോചന നടത്തിയാൽ വിവാഹം നടത്താമെന്ന് വാഗ്ദാനം ചെയ്തിരുന്നു, അതിലായിരുന്നു അസ്വസ്ഥത. ആ കാര്യവും ഇവിടെ തീർന്നു. തുടർന്ന് അദ്ദേഹം ഹദ്റത്ത് ഖൗലയോട് പറഞ്ഞു: നിങ്ങൾ നബി(സ)തിരുമേനിയ്ക്ക് എന്റെ സന്ദേശവുമെത്തിക്കുക. അങ്ങനെ ഹദ്റത്ത് ഖൗല പ്രസ്തുത സന്ദേശമെത്തിക്കുകയും നബി(സ)തിരുമേനി ഹദ്റത്ത് ആഇശയെ വിവാഹം കഴിക്കുകയും ചെയ്തു. ഈ സംഭവം മുസ്നദ് അഹ്മദ് ബിൻ ഹമ്പലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാല്യം 8, പേജ് 409-410, മുസ്നദ് ആഇശ, ഹദീഥ് 26288, ആലമുൽകുതുബ് ബെയുറുത്ത് 1998)(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹി(സ), വാല്യം 5, പേജ് 442-443)

ഹദ്റത്ത് ആഇശ(റ)വിവരിച്ചിരിക്കുന്നു: നബി(സ)തിരുമേനി വിവാഹശേഷം എന്നോടു പറഞ്ഞു: ഞാൻ രണ്ടു തവണ വിവാഹത്തിനുമുമ്പേ നിന്നെ സ്വപ്നത്തിൽ കണ്ടിട്ടുണ്ട്. ഒരു മലക്ക് നിന്നെ പട്ടുതുണിയുടെ കഷണത്തിൽ എടുത്തിരിക്കുന്നതായി ഞാൻ കാണുകയുണ്ടായി.

മറ്റൊരു നിവേദനത്തലുണ്ട്. ആ മലക്ക് എന്നോടു പറഞ്ഞു: ഇത് താങ്കളുടെ പരിശുദ്ധ ഭാര്യയാകുന്നു.ഞാൻ മലക്കിനോടു ആ തുണിയൊന്ന് മാറ്റൂ എന്നു പറഞ്ഞു. അങ്ങനെ ആ തുണി നിവർത്തിയപ്പോൾ അതിൽ നീയായിരുന്നു. ഇത് അല്ലാഹുവിന്റെ ഭാഗത്തുനിന്നുള്ള സ്വപ്നമാണെങ്കിൽ പൂർത്തിയാകുമെന്ന് ഞാൻ കരുതി. ഈ നിവേദനം ഹദ്റത്ത് ആഇശ(റ)യെ ഉദ്ധരിച്ചുകൊണ്ട് ബുഖാരിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (സ്വഹീഹുൽബുഖാരി, കിതാബുത്തഅ്ബീർ, ബാബു കശ്ഫുൽ മർഅത്തി ഫിൽമനാമി, ഹദീഥ് 7011)(സ്വഹീഹുൽബുഖാരി, കിതാബുത്തഅ്ബീർ, ബാബു ഥിയാബുൽഹരീർ ഫിൽമനാമി, ഹദീഥ് 7012)

സ്വഹാബാക്കളുടെ അവസ്ഥകളെ സംബന്ധിച്ചു വിവരിക്കുന്ന ഗ്രന്ഥമായ അൽ ഇസ്തീആബിൽ ഹദ്റത്ത് ആഇശ(റ)യിൽനിന്നുള്ള നിവേദനത്തിൽ പറയുന്നു: ഒരിക്കൽ നബി(സ)തിരുമേനിയോടു ഹദ്റത്ത് അബൂബക്ർ(റ)പറഞ്ഞു: യാ! റസൂലല്ലാഹ്, അങ്ങ് അങ്ങയുടെ ഭാര്യയെ കൊണ്ടുപോകാത്തതെന്താണ്? ഹദ്റത്ത് ആഇശയുമായി നിക്കാഹ് നടന്നിരുന്നെങ്കിലും വീടുകൂടൽ നടന്നിരുന്നില്ല. എന്തുകൊണ്ടാണ് വീടുകൂടാത്തതെന്ന് ഹദ്റത്ത് അബൂബക്ർതന്നെ ചോദിക്കുകയുണ്ടായി. നബി(സ)തിരുമേനി പറഞ്ഞു: മഹ്ർ കാരണമാണ് കൊണ്ടുപോകാത്തത്. ഹദ്റത്ത് അബൂബക്ർ, നബി(സ)തിരുമേനിക്ക് 12 ഔഖിയ നൽകി. അതായത് ഒരു ഔഖിയ 40 ദിർഹമിന് തുല്യമാണ്. നബി(സ)തിരുമേനി ഈ തുക അതായത് മഹ്ർ ഞങ്ങളുടെ വീട്ടിൽ അയച്ചു.(അസ്സീറത്തുൽഹൽബിയ്യ, വാല്യം 2, പേജ് 167, പ്രസാധകർ ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റുത്ത്)

വിവാഹ സമയത്ത് ഹദ്റത്ത് ആഇശായുടെ പ്രായത്തെ സംബന്ധിച്ച് ചരിത്രകാരന്മാരുടെയും ജീവചരിത്ര രചയിതാക്കളുടെയും നിവേദകരുടെയും വിവരണങ്ങളിൽ അഭിപ്രായ ഭിന്നതയുണ്ട്. അന്യരായ ആളുകൾ ഇതിൽ ആക്ഷേപമുന്നയിക്കുന്നുമുണ്ട്. എന്നാൽ, പൊതുവിൽ നോക്കിയാൽ ഹദ്റത്ത് ആഇശ(റ)യുടെ വിവാഹ സമയത്തുളള പ്രായത്തെ സംബന്ധിച്ച് അവിടെയുള്ള ആളുകൾക്കിടയിൽ പ്രശ്നമോ ആക്ഷേപമോ ഉണ്ടാകാനിടയുള്ള ഒരു പുതുമയുമില്ലായിരുന്നു.

ആശ്ചര്യപ്പെടുത്തുന്നവിധത്തിൽ എന്തെങ്കിലും അസാധാരണ കാര്യമുണ്ടായിരുന്നെങ്കിൽ മുനാഫിഖീങ്ങളോ എതിരാളികളോ തീർച്ചയായും ആക്ഷേപങ്ങൾ ചൊരിയുമായിരുന്നു. എന്നാൽ, ഒരു ഗ്രന്ഥത്തിലും ഇത്തരത്തിലുള്ള ഒരുവിധ ആക്ഷേപവും രേഖപ്പെടുത്തിയിട്ടില്ല. ഹദ്റത്ത് ആഇശ(റ)യുടെ പ്രായം അസാധാരണമാംവിധം കുറച്ചു രേഖപ്പെടുത്തിയിട്ടുള്ള പുസ്തകങ്ങളിലെ പരാമർശങ്ങളെ നീതിമാനായ വിധികർത്താവ് ഹദ്റത്ത് മസീഹ് മൗഊദ്(അ) തലയും വാലുമില്ലാത്ത വാക്കുകളെന്നാണ് പറഞ്ഞിട്ടുള്ളത്. അവിടന്ന് പറയുന്നു: ഹദ്റത്ത് ആഇശ(റ)യുടെ 9 വയസ്സ് എന്നുള്ളത് അലകും പിടിയുമില്ലാത്ത വാക്കുകൾ മാത്രമാകുന്നു. അത്തരം പ്രസ്താവങ്ങളിൽ മാത്രമാണ് അവ വന്നിട്ടുള്ളത്. അതൊന്നും ഏതെങ്കിലും ഹദീഥിൽ നിന്നോ വിശുദ്ധ ഖുർആനിൽനിന്നോ തെളിയുന്നില്ല.(ആര്യാധർമ്, റൂഹാനീഖസാഇൻ വാല്യം 10, പേജ് 64)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)ഹദ്റത്ത് ആഇശ(റ)യുടെ വിവാഹത്തെ സംബന്ധിച്ച വിവരണത്തിൽ പറയുന്നു: ഹദ്റത്ത് ഖദീജ(റ)യുടെ വഫാത്തിനുശേഷം നബി(സ)തിരുമേനിയുടെ വിവാഹം ഹദ്റത്ത് ആഇശ സിദ്ദീഖ(റ)യുമായി നടന്നു. പ്രവാചക വാദത്തിന്റെ 10-ാം വർഷത്തിലെ ശവ്വാൽ മാസത്തിലായിരുന്നു ഈ നിക്കാഹ്. അന്നേരം ഹദ്റത്ത് ആഇശ(റ)യുടെ പ്രായം 7 വയസ്സായിരുന്നു. എന്നാൽ, അവരുടെ ശാരീരിക വളർച്ച അസാധാരണമായ നിലയിലായിരുന്നു എന്നാണ് മനസ്സിലാകുന്നത്. അല്ലെങ്കിൽ പ്രസ്തുത നിക്കാഹിന് പ്രേരിപ്പിച്ച ഖൗല ബിൻത് ഹക്കീമിന്റെ ചിന്ത ഒരിക്കലും അവരിലേക്ക് തിരിയുകയില്ലായിരുന്നു. എന്നിരുന്നാലും അവർക്കപ്പോൾ പ്രായപൂർത്തിയായിരുന്നില്ല. അതിനാൽ അന്നേരം നിക്കാഹ് കഴിഞ്ഞുവെങ്കിലും വീടുകൂടൽ നടന്നിരുന്നില്ല. അവർ സാധാരണ നിലയിൽ തന്റെ മാതാപിതാക്കളുടെ കൂടെ കഴിയുകയാണ് ചെയ്തത്. പിന്നീട് ഹിജ്റത്തിന്റെ രണ്ടാംവർഷം അതായത് നിക്കാഹിന് അഞ്ചു വർഷത്തിനുശേഷം അവരുടെ പ്രായം 12 വയസ്സായപ്പോൾ അവർ പ്രായപൂർത്തിയായി. അതിനാൽ ഹദ്റത്ത് അബൂബക്ർ(റ)തന്നെ നബി(സ)തിരുമേനിയുടെ സവിധത്തിൽ ഹാജറായി, ഹദ്റത്ത് ആഇശ(റ)യെ കൂട്ടിക്കൊണ്ട് പോകുന്നതിന് അപേക്ഷിച്ചു. അങ്ങനെ നബി(സ) തിരുമേനി മഹ്ർ തയ്യാറാക്കുകയും ഹിജ്റ രണ്ടാം വർഷം ശവ്വാൽ മാസത്തിൽ ഹദ്റത്ത് ആഇശ(റ)തന്റെ മാതാപിതാക്കളുടെ വീട്ടിൽനിന്ന് വിടവാങ്ങി നബി(സ)തിരുമേനിയുടെ ദാമ്പത്യജീവിതത്തിൽ പ്രവേശിക്കുകയും ചെയ്തു.(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ് മദ് സാഹിബ്(റ)എം.എ. പേജ് 423)

ഇതാണ് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബിന്റെ ഗവേഷണം. എന്നാൽ, ചില ചരിത്രകാരന്മാർ അവർക്ക് ഇതിൽ കൂടുതൽ പ്രായമുണ്ടായിരുന്നുവെന്നും പറയുന്നു. വിവാഹ സമയത്ത് ഹദ്റത്ത് ആഇശ(റ)യുടെ മാതാവ് മദീനയിലെ ഗ്രാമങ്ങളിലെ അസ്സുൻഹ് എന്ന സ്ഥലത്തായിരുന്നു താമസിച്ചിരുന്നത്. അങ്ങനെ അൻസ്വാരി (മദീനാ വാസികളായ) സ്ത്രീകൾ അവിടെ ഒത്തുകൂടി ഹദ്റത്ത് ആഇശ(റ)യെ വിവാഹത്തിനു വേണ്ടി ഒരുക്കി. തുടർന്ന് നബി(സ)തിരുമേനി അവിടെ ചെന്നു. അതിനുശേഷം ഹദ്റത്ത് ആഇശ(റ) സ്വന്തം വീട്ടിൽനിന്ന് യാത്രയായി നബി(സ)തിരുമേനിയുടെ ഭവനത്തിലെത്തി.ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ),ഹദ്റത്ത് ആഇശ(റ)യുടെ പ്രത്യേകതകൾ വിവരിച്ചുകൊണ്ടെഴുതുന്നു: ചെറിയ പ്രായമായിരുന്നിട്ടും ഹദ്റത്ത് ആഇശ(റ)യുടെ ബുദ്ധിയും ഓർമശക്തിയും തീക്ഷ്ണമായിരുന്നു. നബി(സ)തിരുമേനിയുടെ ശിക്ഷണത്തിൽ അവർ വളരെ പെട്ടെന്നുതന്നെ അനിതരസാധാരണമായ പുരോഗതി കൈവരിച്ചു. യഥാർഥത്തിൽ അവരെ ചെറുപ്രായത്തിൽ, നബി(സ)തിരുമേനി സ്വന്തം വീട്ടിൽ കൊണ്ടുവന്നതിന്റെ ഉദ്ദേശ്യം ചെറുപ്പം മുതൽത്തന്നെ ഒരു നീണ്ടകാലം തന്റെ കൂടെ നിറുത്തിക്കൊണ്ട് അവർക്ക് തന്റെ ആഗ്രഹപ്രകാരം ശിക്ഷണം നൽകാനും ഒരു ന്യായപ്രമാണ വാഹകനായ പ്രവാചകന്റെ ഭാര്യയുടെ ചുമലിൽവരുന്ന സങ്കീർണവും മഹത്തരവുമായ ഉത്തരവാദിത്വം ഏറ്റെടുക്കാൻ അവരെ കെൽപ്പുള്ളവരാക്കാനുമായിരുന്നു. നബി(സ)തിരുമേനി തീർച്ചയായും ഈ ഉദ്യമത്തിൽ വിജയിക്കുകയുണ്ടായി. ഹദ്റത്ത് ആഇശ(റ)മുസ്‌ലിം സ്ത്രീകളുടെ ശിക്ഷണ സംസ്കരണ രംഗങ്ങളിൽ ചെയ്ത പ്രവർത്തനങ്ങൾക്ക് തത്തുല്യമായത് ലോകചരിത്രത്തിൽത്തന്നെ കാണാൻ സാധ്യമല്ല. ഹദീഥുകളിലെ വലിയൊരു ഭാഗവും ഹദ്റത്ത് ആഇശ(റ)യുടെ നിവേദനങ്ങളുമായി ബന്ധപ്പെട്ടതാണ്. മൊത്തം 2210 നിവേദനങ്ങൾ ഹദ്റത്ത് ആഇശ(റ)യുടേതായി വന്നിട്ടുണ്ട്. അവരുടെ വിജ്ഞാനത്തേയും ദീനീപരമായ അവഗാഹത്തേയും ഉന്നതസ്ഥാനീയരായ സ്വഹാബാക്കൾപോലും അംഗീകരിക്കുകയും അവരിൽനിന്ന് അനുഗ്രഹം തേടുകയും ചെയ്തിരുന്നു. ഹദീഥുകളിൽ പറയുന്നത്, നബി(സ) തിരുമേനിക്കുശേഷം സ്വഹാബാക്കൾക്ക് അഭിമുഖീകരിക്കേണ്ടിവന്ന ഏതു വൈജ്ഞാനിക പ്രശ്നത്തിനും ഹദ്റത്ത് ആഇശ(റ)യുടെ പക്കൽ പരിഹാരമുണ്ടായിരുന്നു. ഉർവ ബിൻ സുബയ്ർ(റ)പറയുന്നു: ഖുർആൻ, പിന്തുടർച്ചാവകാശം, ഹലാൽ-ഹറാം, ഫിഖ്ഹ്, കവിത, വൈദ്യം, അറേബ്യ, വംശാവലി തുടങ്ങിയ വിഷയങ്ങളിൽ ഹദ്റത്ത് ആഇശ(റ)യേക്കാളും വിജ്ഞാനമുള്ള ആരേയും ഞാൻ കണ്ടിട്ടില്ല. ദൈവഭയത്തിലും ഉള്ളതിൽ തൃപ്തിപ്പെടുന്നതിലും അനുപമയായിരുന്ന അവർ ഒരിക്കൽ തനിക്ക് ലഭിച്ച ഒരു ലക്ഷം ദിർഹം വൈകുന്നേരമാകുന്നതിനുമുമ്പേ ദാനമായി വിതരണം ചെയ്യുകയുണ്ടായി. വാസ്തവത്തിൽ വീട്ടിൽ രാത്രിക്കുള്ള ഭക്ഷണം പോലും ഉണ്ടായിരുന്നില്ല. നബി(സ)തിരുമേനിയുടെ കാലം മുതലേ പ്രകടമായിരുന്ന ഈ സൽഗുണങ്ങൾ കാരണം മറ്റാരെക്കാളും നബി(സ) തിരുമേനി അവരെ ഇഷ്ടപ്പെട്ടു. ചില സമയങ്ങളിൽ അവിടന്ന് പറയുമായിരുന്നു, എല്ലാവരിലുംവച്ച് എനിക്കേറ്റവും കൂടുതൽ ഇഷ്ടം ആഇശ(റ)യോടാണ്.ഒരിക്കൽ നബി(സ) തിരുമേനി പറഞ്ഞു: പുരുഷന്മാരിൽ സമ്പൂർണരായ പലരും ഉണ്ടായിട്ടുണ്ട്. പക്ഷേ, സ്ത്രീകളിൽ വളരെക്കുറച്ചു പേരെ അങ്ങനെ ഉണ്ടായിട്ടുള്ളൂ, തുടർന്ന് ഫിർഔനിന്റെ ഭാര്യ ആസ്വിയയുടേയും മർയമി(ബിൻത് ഇംറാൻ)ന്റേയും പേരുകൾ പരാമർശിച്ചുകൊണ്ട് പറഞ്ഞു: അറേബ്യയുടെ ഏറ്റവും മികച്ചഭക്ഷണമായ ഥരീദിന്(കറി, ചായ ഇവയിൽ മുക്കിയ പത്തിരി) മറ്റു ഭക്ഷണങ്ങൾക്ക് മീതെയുള്ള സ്ഥാനംപോലെയാണ് ആഇശക്ക് സ്ത്രീകൾക്കുമേലുള്ള സ്ഥാനം. ഒരിക്കൽ മറ്റു സഹധർമണികൾ ഒരു കുടുംബ കാര്യത്തിൽ ഹദ്റത്ത് ആഇശ(റ)യെക്കുറിച്ച് നബി(സ)തിരു

## • ഹദീഥുന്നബ്വി(സ) •

**'അല്പമുളളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുളളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)**

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

## • കലാമുൽ ഇമാം: •

**"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."(മൽഫൂദാത്ത് വാല്യം 1, പേജ് 220)**

ത്വാലിബെ ദുആ:
C.K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

മേനിയോട് എന്തോ പറയുകയുണ്ടായി. ആദ്യം നബി(സ) തിരുമേനി ഒന്നും പ്രതികരിച്ചില്ല, പക്ഷേ, ആവർത്തിച്ച് പറഞ്ഞപ്പോൾ അവിടന്ന് പറഞ്ഞു: ഞാൻ നിങ്ങളുടെ ഈ പരാതി എന്തു ചെയ്യാനാണ്? പക്ഷേ, ഒരു കാര്യം എനിക്കറിയാം, എനിക്ക് ആഇശയുടെ വിരിപ്പിലല്ലാതെ മറ്റൊരു ഭാര്യയുടെ വിരിപ്പിലും ഒരിക്കലും എന്റെ റബ്ബിന്റെ വഹ്‌യ് ഇറങ്ങിയിട്ടില്ല. സുബ്ഹാനല്ലാഹ്, ഈ സവിശേഷതയുള്ള അവർ എത്ര പരിശുദ്ധയായ ഭാര്യയാണ്! തന്റെ കുടുംബജീവിതത്തിന്റെ നിലവാരം പരിശുദ്ധവും പവിത്രവുമായ ആ ഭർത്താവും എത്ര പരിശുദ്ധനാണ്! ഹദീഥുകളിൽ ഇക്കാര്യവും വരുന്നുണ്ട്, ഹദ്റത്ത് സൗദ(റ), നബി(സ)തിരുമേനിയോടൊപ്പമുള്ള തന്റെ ഊഴം ഹദ്റത്ത് ആഇശ(റ)ക്ക് നൽകിയിരുന്നു. അങ്ങനെ ഹദ്റത്ത് ആഇശ(റ)ക്ക് നബി(സ)തിരുമേനിയുടെ സഹവാസത്തിൽനിന്ന് അനുഗ്രഹം കരസ്ഥമാക്കാൻ ഇരട്ടി അവസരം ലഭിക്കുകയുണ്ടായി. നബി(സ)തിരുമേനി ഹദ്റത്ത് ആഇശ(റ)യുടെ ശിക്ഷണകാര്യത്തിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു, അവരുടെ പ്രായം കുറവുമായിരുന്നു, അവരുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധചെലുത്തേണ്ടതും അനിവാര്യമായിരുന്നു. അതുകൊണ്ട് ഊഴത്തെ സംബന്ധിച്ച ഹദ്റത്ത് സൗദ(റ)യുടെ അഭിപ്രായം നബി(സ)തിരുമേനി അംഗീകരിക്കുകയുണ്ടായി. എങ്കിലും നബി(സ)തിരുമേനി കൃത്യമായി ഹദ്റത്ത് സൗദ(റ)യുടെ അടുക്കൽ പോകുകയും മറ്റു ഭാര്യമാരോടുള്ളതുപോലെ അവരുടെ ആവശ്യങ്ങളും പരിഗണിക്കുകയും ചെയ്തിരുന്നു.

ഹദ്റത്ത് ആഇശ(റ)ക്ക് വിദ്യാഭ്യാസമുണ്ടായിരുന്നോ എന്ന കാര്യത്തിൽ അഭിപ്രായ വ്യത്യാസമുണ്ട്. ബുഖാരിയിൽനിന്ന് മനസ്സിലാകുന്നത് അവരുടെ പക്കൽ വിശുദ്ധ ഖുർആനിന്റെ ഒരു കൈയെഴുത്ത് പ്രതി ഉണ്ടായിരുന്നുവെന്നാണ്. അതിൽ അവർ ഒരു ഇറാഖി മുസ്‌ലിമിനെക്കൊണ്ട് വിശുദ്ധ ഖുർആനിലെ ചില ആയത്തുകളിലെ അക്ഷരതെറ്റുകൾ തിരുത്തിക്കുകയുണ്ടായി. ഇതിൽനിന്ന് മനസ്സിലാകുന്നത് അവർ തീർച്ചയായും വായിക്കാൻ പഠിച്ചിരുന്നുവെന്നാണ്. വിവാഹത്തിനു ശേഷമായിരിക്കാം എഴുതാൻ പഠിച്ചതെന്നാണ് ബലമായ അനുമാനം. എന്നാൽ, ചില ചരിത്രകാരന്മാർ അവർക്ക് എഴുതാൻ അറിയില്ലായിരുന്നുവെന്ന് വിശദീകരിക്കുന്നുണ്ട്. ഹദ്റത്ത് ആഇശ(റ), നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം ഏകദേശം 48 വർഷം ജീവിച്ചിരുന്നു. ഹിജ്റി 58-ൽ റമളാൻ മാസത്തിൽ തന്റെ യഥാർഥ പ്രേമഭാജനത്തിന്റെ അടുത്തേക്ക് യാത്രയായി. അപ്പോൾ അവർക്ക് ഏകദേശം 68 വയസ്സുണ്ടായിരുന്നു. (സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ്(റ) പേജ് 430-432)

ബദ്റിനു തൊട്ടുശേഷം നബി(സ)തിരുമേനിയുടെ ജീവിതത്തിലുണ്ടായ മറ്റൊരു സംഭവം നബി(സ)തിരുമേനിയുടെ മകൾ സയ്നബിന്റേതാണ്. അവർ മക്കയിലായിരുന്നു, പിന്നീട് മദീനയിൽ വന്നു. നബി(സ)തിരുമേനിയുടെ ജാമാതാവ് അബുൽ ആസ്വ് ബിൻ റബീഅ് ബദ്ർ യുദ്ധത്തിൽ മുസ്‌ലിമീങ്ങളുടെ കൈകളാൽ ബന്ദിയാക്കപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ മക്കയിലായിരുന്നു. അവർ ഭർത്താവിന്റെ മോചനദ്രവ്യമായി തന്റെ മാതാവ് ഹദ്റത്ത് ഖദീജ വിവാഹാവസരത്തിൽ നൽകിയ മാല കൊടുത്തു വിട്ടിരുന്നു.

ഈ മോചന ദ്രവ്യവുമായി വന്നത് അബുൽ ആസ്വിന്റെ സഹോദരൻ അംറ് ബിൻ റബീഅ് ആയിരുന്നു. നബി(സ)തിരുമേനി ഈ മാല കണ്ടപ്പോൾ വളരെയെറെ ദു:ഖിതനാകുകയും അവിടത്തെ കണ്ണുകളിൽ കണ്ണീർ നിറയുകയും ചെയ്തു. തുടർന്ന് നബി(സ)തിരുമേനി സ്വഹാബാക്കളോടു പറഞ്ഞു: നിങ്ങൾ ഉചിതമാണെന്ന് കാണുന്നുവെങ്കിൽ സയ്നബിന്റെ ബന്ദിയെ മോചിപ്പിക്കുകയും അവളുടെ ഈ മാല തിരിച്ചു നൽകുകയും ചെയ്യുക. സ്വഹാബാക്കൾ പറഞ്ഞു: തീർച്ചയായും, യാറസൂലല്ലാഹ്. അങ്ങനെ അബുൽ ആസ്വ് മോചിപ്പിക്കപ്പെട്ടു. ഹദ്റത്ത് സയ്നബിന്റെ മാലയും തിരിച്ചു കൊടുത്തു. പക്ഷേ, നബി(സ)തിരുമേനി അബുൽ ആസ്വിനെ മോചിപ്പിക്കുമ്പോൾ അദ്ദേഹം മക്കയിലെത്തിയ ഉടനെ ഹദ്റത്ത് സയ്നബിനെ മക്കയിലേക്ക് പലായനം ചെയ്യാൻ അനുമതി നൽകണമെന്ന നിബന്ധന വെച്ചിരുന്നു. (അസ്സീറത്തുൽഹൽബിയ്യ, വാള്യം 2, പേജ് 264-265, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്, 2002)

ഇബ്നു ഇസ്ഹാഖ് വിവരിക്കുന്നു: മോചനത്തിനുശേഷം അബുൽ ആസ്വ് മക്കയിലെത്തിയപ്പോൾ, നബി(സ) തിരുമേനി സയ്ദ് ബിൻ ഹാരിഥയെയും ഒരു അൻസ്വാരിയെയും ബത്വ്നിയഅ്ജജിൽ തങ്ങാൻ അയച്ചിരുന്നു. ബത്വ്നിയഅ്ജജ് മക്കയിൽനിന്ന് 8 മൈൽ ദൂരെയുള്ള സ്ഥലമാകുന്നു. (നബി(സ)തിരുമേനി പറഞ്ഞു:) സയ്നബ് നിങ്ങളുടെ അടുക്കലെത്തുമ്പോൾ നിങ്ങൾ അവളെയും കൂട്ടി എന്റെ അടുക്കൽ വരേണ്ടതാണ്. അങ്ങനെ അവർ ഉടൻതന്നെ അവിടെനിന്ന് പുറപ്പെട്ടു. ഈ സംഭവം ബദ്ർ യുദ്ധത്തിന് ഏകദേശം ഒരു മാസത്തിനു ശേഷമാണുണ്ടായത്.

അബുൽ ആസ്വ് മക്കയിലെത്തി ഹദ്റത്ത് സയ്നബിനു നബി(സ)തിരുമേനിയുടെ അടുത്തു പോകാൻ അനുമതി നൽകിയപ്പോൾ അവർ യാത്രക്കുള്ള തയ്യാറെടുപ്പുകൾ തുടങ്ങി. ഹദ്റത്ത് സയ്നബപറയുന്നു: ഞാൻ യാത്രയുടെ തയ്യാറെടുപ്പിൽ മുഴുകിയിരിക്കുകയായിരുന്നു. ഇതിനിടയിൽ ഹിന്ദ് ബിൻത് ഉത്ബ എന്നോടു പറഞ്ഞു: മുഹമ്മദി(സ)ന്റെ മകളേ, നീ നിന്റെ പിതാവിന്റെ അടുത്ത് പോകാൻ ആഗ്രഹിക്കുന്നുവെന്ന് ഞാൻ അറിയാൻ ഇടയായിരിക്കുന്നു. ഞാനപ്പോൾ ഹിന്ദിനെ മറ്റെന്തെങ്കിലും പറഞ്ഞു ഒഴിവാക്കാൻ ശ്രമിച്ചു, അപ്പോൾ ഹിന്ദ് പറഞ്ഞു: അല്ലയോ എന്റെ മാതുല പുത്രീ! എന്നോടു ഇങ്ങനെ ഉപായം മെനയേണ്ട, നിനക്ക് യാത്രയ്ക്കുള്ള സാധനങ്ങൾ ആവശ്യമുണ്ടെങ്കിൽ അതല്ല, നിന്റെ പിതാവിന്റെ അടുക്കൽ എത്തുന്നതിനുള്ള സാമ്പത്തിക സഹായമാണ് ആവശ്യമെങ്കിൽ അതെല്ലാം എന്റെ പക്കലുണ്ട്. അക്കാര്യത്തിൽ എന്നോടു സങ്കോചം കാണിക്കേണ്ട ആവശ്യമില്ല. സ്ത്രീകളുടെ ഹൃദയങ്ങളിൽ പുരുഷന്മാരുടെ മനസ്സിലുള്ളതുപോലെ വെറുപ്പും വിദ്വേഷവുമൊന്നുമില്ല. ഹദ്റത്ത് സയ്നബ് പറയുന്നു: അവർ എന്നോടു ഈ കാര്യങ്ങളെല്ലാം ആത്മാർഥമായി പറഞ്ഞുവെന്നാണ് ഞാൻ മനസ്സിലാക്കിയത്. പക്ഷേ, ഞാൻ അവളെ ഭയപ്പെട്ടിരുന്നതിനാൽ ഞാൻ അവളെ ഒഴിവാക്കാൻ ശ്രമിക്കുകയാണുണ്ടായത്. അതിനുവേണ്ടി ഉപായം മെനഞ്ഞു. ഇബ്നു ഇസ്ഹാഖ് പറയുന്നു: ഹദ്റത്ത് സയ്നബ് യാത്രാ തയ്യാറെടുപ്പുകൾ പൂർത്തിയാക്കി കഴിഞ്ഞപ്പോൾ അബുൽ ആസ്വിന്റെ സഹോദരൻ കിനാന ബിൻ റബീഅ് യാത്രയ്ക്കുള്ള സവാരി ഏർപ്പാടാക്കി. കിനാന തന്റെ അമ്പും വില്ലുകളുമായി കൂടെ പുറപ്പെട്ടു. പകൽ വെളിച്ചത്തിൽ ഹദ്റത്ത് സയ്നബിനെ പല്ലക്കിലിരുത്തി യാത്ര ആരംഭിച്ചു. ഖുറയ്ശികൾക്കിടയിൽ ഇതിനെ സംബന്ധിച്ച് ചർച്ചയുണ്ടായപ്പോൾ അവർ അന്വേഷണവുമായി ഇറങ്ങിത്തിരിച്ചു. അങ്ങനെ അവർ ദീത്വുവായിൽ അവരെ കണ്ടുമുട്ടി. ദീത്വുവാ മക്കയിലുള്ള ഒരു താഴ്‌വരയാണ്. ഇതു മസ്ജിദ് ഹറമിൽനിന്ന് അരമൈൽ ദൂരത്താണ് സ്ഥിതി ചെയ്യുന്നത്. ഏതായാലും അവരുടെ ഭാഗത്തുനിന്ന് ഏറ്റവുമാദ്യം ഹബ്ബാർ ബിൻ അസ്‌വദ് ഫിഹ്‌രി വന്നു കുന്തംകൊണ്ട് യാത്രാ മൃഗത്തെ വിറളിപിടിപ്പിക്കാൻ തുടങ്ങി, ഹദ്റത്ത് സയ്നബ് ഗർഭിണിയായിരുന്നു. അവരുടെ ഗർഭം അലസിപ്പോയി. അവരുടെ ഭർതൃസഹോദരൻ അമ്പ് പുറത്തെടുത്ത് ആരെങ്കിലും തന്റെ അടുക്കൽ വന്നാൽ അമ്പുകൾക്ക് ഇരയാകുമെന്ന് വിളംബരപ്പെടുത്തുകയും ചെയ്തു. ഒരു നിവേദനത്തിൽ പറയുന്നു: ഹബ്ബാർ യാത്രാ മൃഗത്തെ അമ്പുകൊണ്ട് ആക്രമിച്ചപ്പോൾ ഹദ്റത്ത് സയ്നബ് അതിൽനിന്ന് ഒരു കല്ലിൽ അടിച്ചു വീഴുകയുണ്ടായി. അവർ ഗർഭിണിയായിരുന്നു, അവരുടെ ഗർഭം അലസുകയും ചെയ്തു. ഈ സംഭവങ്ങളെല്ലാം കണ്ടപ്പോൾ ആളുകൾ അവരുടെ അടുത്തുനിന്ന് പിന്മാറി. തുടർന്ന് അബൂസുഫിയാനും ഖുറയ്ശി മൂപ്പന്മാരും വന്ന് അയാളോടു പറഞ്ഞു, കുട്ടീ, അമ്പെയ്യരുത്. ഞങ്ങൾക്ക് നിന്നോട് സംസാരിക്കാനുണ്ട്. അങ്ങനെ അയാൾ അമ്പെയ്ത്ത് നിറുത്തി. അബൂ സുഫിയാൻ പറഞ്ഞു: നിങ്ങൾ ചെയ്തത് ശരിയല്ല. വളരെ പരസ്യമായ നിലയിൽ ഈ സ്ത്രീയെയുംകൊണ്ട് പുറപ്പെട്ടിരിക്കുന്നു. വാസ്തവത്തിൽ നിനക്ക് ഞങ്ങളുടെ പ്രയാസത്തെയും മുഹമ്മദ്(സ)ന്റെ പ്രവർത്തനങ്ങളേയും സംബന്ധിച്ച് നല്ലപോലെ അറിയാം. നീ മുഹമ്മദ്(സ)ന്റെ മകളെ ഇങ്ങനെ പരസ്യമായി കൊണ്ടുപോകുകയാണെങ്കിൽ ജനങ്ങൾ അത് തങ്ങളുടെ ദൈന്യതയും നിന്ദ്യതയുമായി ഗണിക്കുന്നതാണ്. അത് ഞങ്ങൾക്ക് ക്ഷീണം ചെയ്യും. അദ്ദേഹം പറഞ്ഞു: എന്റെ ജീവിതമാണ! നമുക്ക് അവരെ തടയേണ്ട ഒരു കാര്യവുമില്ല. അവർക്കെതിരിൽ രോഷമോ അമർഷമോ ഇല്ല. പക്ഷേ, ഇപ്പോൾ നിങ്ങൾ അവരെ തിരിച്ചു കൊണ്ടു പോരുക. അങ്ങനെ അവസ്ഥകൾ നന്നാകുകയും ശാന്തമാകുകയും ഞങ്ങൾ അവളെ തിരിച്ചയച്ചുവെന്ന് ജനങ്ങൾക്ക് ബോധ്യപ്പെടുകയും ചെയ്യുമ്പോൾ നീ അവളെ ആരുമറിയാതെ അവളുടെ പിതാവിന്റെ അടുക്കലെത്തിക്കുക.അങ്ങനെ കിനാന ഈ പദ്ധതിയനുസരിച്ച് പ്രവർത്തിച്ചു. ഇബ്നു ഇസ്ഹാഖ് പറയുന്നതനുസരിച്ച് ഹദ്റത്ത് സയ്നബ് മൂന്നുനാലു ദിവസം മക്കയിൽ തങ്ങി. കിംവദന്തികളെല്ലാം കെട്ടടങ്ങിയപ്പോൾ രാത്രിനേരത്ത് ആരുമറിയാതെ ഹദ്റത്ത് സയ്നബിനെ, ഹദ്റത്ത് സയ്ദിനെയും അദ്ദേഹത്തിന്റെ കൂട്ടുകാരനെയും ഏൽപ്പിച്ചു. അവർ രാത്രി നേരത്ത് ഹദ്റത്ത് സയ്നബിനെ നബി(സ)തിരുമേനിയുടെ അടുക്കലെത്തിച്ചു.

ഇമാം ബയ്ഹഖി ഹദ്റത്ത് ആഇശയിൽനിന്ന് ഹദ്റത്ത് സയ്നബ് മക്കയിൽനിന്നു വന്ന സംഭവം വിവരിച്ചുകൊണ്ട് പറയുന്നു: നബി(സ)തിരുമേനി തന്റെ മോതിരം ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥക്ക് നൽകിക്കൊണ്ട് ഹദ്റത്ത് സയ്നബിനെ കൊണ്ടുവരുന്നതിനുവേണ്ടി മക്കയിലേക്ക് പറഞ്ഞയച്ചു. അദ്ദേഹം ബുദ്ധിപൂർവം ഈ മോതിരം ഒരു ആട്ടിടയൻ മുഖേന ഹദ്റത്ത് സയ്നബിന്റെ അടുക്കലെത്തിച്ചു. ഹദ്റത്ത് സയ്നബ് പ്രസ്തുത മോതിരം തിരിച്ചറിയുകയും ഇതാരാണ് നിനക്ക് നൽകിയതെന്ന് അയാളോടു ചോദിക്കുകയും ചെയ്തു. അയാൾ പറഞ്ഞു:മക്കയുടെ പുറത്തുള്ള ഒരാളാണ് എനിക്ക് ഇതു നൽകിയത്.തുടർന്ന് ഹദ്റത്ത് സയ്നബ് രാത്രി മക്കയിൽനിന്ന് പുറത്തിറങ്ങി അയാൾക്കു പിന്നിൽ യാത്രചെയ്ത് അയാൾ അവരെ മദീനയിൽ കൊണ്ടുവന്നു.

നബി(സ)തിരുമേനി പറയാറുണ്ടായിരുന്നു, സയ്നബ് എന്റെ പെൺമക്കളിലേറ്റവും ശ്രേഷ്ഠയാകുന്നു. ഞാൻ കാരണം അവൾക്ക് ഒരുപാട് പ്രയാസങ്ങൾ അനുഭവിക്കേണ്ടി വന്നിട്ടുണ്ട്.(അസ്സീറത്തുന്നബ്‌വിയ്യ ലി ഇബ്നി കഥീർ, വാള്യം 2 പേജ് 516-518, ദാറുൽമഅ്‌രിഫ, ബെയ്റുത്ത് 1976)(അസ്സീറത്തുന്നബ്‌വിയ്യ ലി ഇബ്നി ഹിശാം, പേജ് 445 അടിക്കുറിപ്പ്, പ്രസാധകർ ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റുത്ത് 2001)(ഫർഹങ്കെ സീറത്ത്, പേജ് 59, 180, പ്രസാധകർ, സവാർ അക്കാഡമി കറാച്ചി)

ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ്(റ)തന്റെ സീറത്തു ഖാത്തമുന്നബിയ്യീൻ എന്ന ഗ്രന്ഥത്തിൽ ഈ സംഭവം വിവരിച്ചുകൊണ്ടെഴുതുന്നു: നബി(സ)തിരുമേനി രൊക്കം ഫിദ്‌യക്കു പകരമായി അബുൽ ആസ്വുമായി, അദ്ദേഹം മക്കയിലെത്തി, സയ്നബിനെ മദീനയിൽ അയക്കണമെന്ന നിബന്ധനയാണ് വെച്ചത്. അങ്ങനെ ഒരു വിശ്വാസിയുടെ ആത്മാവ് അവിശ്വാസികളുടെ ഭവനത്തിൽനിന്ന് മോചിതമായി. കുറച്ചു കഴിഞ്ഞപ്പോൾ അബുൽ ആസ്വും മുസ്‌ലിമായി മദീനയിൽ ഹിജ്റത്തു ചെയ്തു വന്നു. അങ്ങനെ ഭാര്യാഭർത്താക്കന്മാർ വീണ്ടും ഒരുമിച്ചുകൂടി. ഹദ്റത്ത് സയ്നബിന്റെ ഹിജ്റത്തിനെ കുറിച്ച് നിവേദനത്തിൽ പറയുന്നു: അവർ മക്കയിൽനിന്ന് മദീനയിലേക്ക് പുറപ്പെട്ടപ്പോൾ ചില ഖുറയ്ശികൾ അവരെ ബലംപ്രയോഗിച്ച് തിരിച്ചുകൊണ്ടുപോകാൻ ആഗ്രഹിച്ചു. അവർ അതിന് വിസമ്മതിച്ചപ്പോൾ ഒരു ദുർഭഗൻ ഹബ്ബാർ ബിൻ അസ്‌വദ് വളരെ മൃഗീയമായ രീതിയിൽ അവരെ കുന്തംകൊണ്ട് ആക്രമിച്ചു. അതേ തുടർന്നുണ്ടായ ഭയവും ദുഃഖവും കാരണം അവരുടെ ഗർഭം അലസിപ്പോയി. മാത്രമല്ല ആ സമയത്തുണ്ടായ ദുഃഖഭാരം കാരണം അതിനുശേഷം പിന്നീടൊരിക്കലും അവർക്ക് ആരോഗ്യം വീണ്ടെടുക്കാൻ കഴിഞ്ഞില്ല. ഒടുവിൽ ഈ ക്ഷീണം നിമിത്തം അവർ അകാലത്തിൽ മരണപ്പെടുകയും ചെയ്തു.(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്‌മദ് സാഹിബ് എം.എ(റ)പേജ് 368-369)

ഇപ്പോൾ ഞാൻ ഇത്ര മാത്രമേ വിവരിക്കുന്നുള്ളൂ. ഇനി ഞാൻ ഒരു ദുആക്കുവേണ്ടി പറയാനാഗ്രഹിക്കുന്നു. അത് ഇപ്പോഴുള്ള ലോകസ്ഥിതിയെ കുറിച്ചുള്ളതാണ്. കഴിഞ്ഞ ഏതാനും ദിവസമായി ഹമാസും ഇസ്റാഈലും തമ്മിൽ യുദ്ധം നടക്കുകയാണ്. അതു കാരണം ഇരുപ

ക്ഷത്തുമുള്ള സ്ത്രീകളും കുട്ടികളും വൃദ്ധന്മാരും വ്യത്യാസമൊന്നുമില്ലാതെ കൊല്ലപ്പെട്ടുകൊണ്ടിരിക്കുന്നു, കൊല്ലപ്പെടുകയും ചെയ്തിരിക്കുന്നു.

ഇസ്‌ലാം യുദ്ധാവസരത്തിൽപോലും സ്ത്രീകളെയോ കുട്ടികളെയോ യുദ്ധത്തിൽ പങ്കെടുക്കാത്തവരെയോ വധിക്കാൻ അനുമതി നൽകുന്നില്ല. ഇക്കാര്യത്തിൽ നബി(സ) തിരുമേനി വളരെ കണിശമായ പാഠങ്ങൾ നൽകിയിട്ടുണ്ട്. (സുനൻ അബീദാവൂദ്, കിതാബുൽ ജിഹാദ്, ബാബു ഫീ ദുആ, അൽമുശ്‌രിക്കീൻ, ഹദീഥ് 2614)

ഈ യുദ്ധത്തിന് തുടക്കംകുറിച്ചത് ഹമാസാണെന്നും ഇസ്‌റാഈലി പൗരന്മാർ വകഭേദമില്ലാതെ കൊല്ലപ്പെട്ടുവെന്നുമാണ് ലോകം പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇതിനുമുമ്പേ ഇസ്‌റായേൽ പട്ടാളം ഇങ്ങനെ എത്രയധികം നിരപരാധികളായ ഫലസ്തീനികളെ കൊന്നൊടുക്കിയെന്നത് മറ്റൊരു കാര്യം. പക്ഷേ, മുസ്‌ലിമീങ്ങൾ എല്ലായ്പ്പോഴും ഇസ്‌ലാമിക അധ്യാപനമനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്.

ഇസ്‌റാഈൽകാരുടേയും പട്ടാളത്തിന്റേയും ഇത്തരം കാര്യങ്ങൾ പരിഹരിക്കുന്നതിന് മറ്റു മാർഗങ്ങളുണ്ടായിരുന്നു. അനുവദനീയമായ യുദ്ധമാണെങ്കിൽപ്പോലും അത് പട്ടാളക്കാരുമായാണ് ചെയ്യേണ്ടിയിരുന്നത്. സ്ത്രീകൾക്കും കുട്ടികൾക്കും നിരപരാധികൾക്കും നേരെയല്ല വേണ്ടിയിരുന്നത്. ഈ നിലക്ക് ഹമാസിന്റെ നീക്കം തികച്ചും തെറ്റായിരുന്നു; അത് ഗുണത്തേക്കാളേറെ ദോഷമാണുണ്ടാക്കിയത്. ഏതായാലും അതിനുള്ള ശിക്ഷയോ യുദ്ധമോ ഹമാസിനെതിരെ മാത്രമാകേണ്ടതായിരുന്നു. അത് ശരിയായ ആർജവവും ധൈര്യവുമുള്ള പ്രതികരണമാകുമായിരുന്നു. എന്നാൽ, ഇപ്പോൾ ഇസ്‌റാഈൽ സർക്കാർ ചെയ്യുന്നതും വളരെ ഭയാനകമാണ്. ഇക്കാര്യങ്ങളുടനെ അവസാനിക്കുമെന്ന് തോന്നുന്നില്ല. എത്രമാത്രം നിർദോഷികളായ സ്ത്രീകളുടെയും കുട്ടികളുടെയും ജീവൻ നഷ്ടപ്പെടുമെന്നും അറിയില്ല. അതേക്കുറിച്ച് സങ്കൽപിക്കാൻപോലും കഴിയുന്നില്ല.

ഇസ്‌റാഈൽ സർക്കാർ ഗാസയെ പൂർണമായും ഉന്മൂലനം ചെയ്യുമെന്ന് വിളംബരപ്പെടുത്തുകയും അതിന് അവർ കണക്കില്ലാതെ ബോംബുവർഷം നടത്തുകയും ചെയ്യുന്നു. ഗാസയെ ചാരക്കൂമ്പാരമാക്കി മാറ്റുകയും ചെയ്യുന്നു. പുതിയ സംഭവവികാസമെന്തെന്നാൽ, ഗാസയിൽനിന്ന് ഒരു മില്യൺ ആളുകളൊഴിഞ്ഞു പോകണമെന്നാണ് അവർ പറയുന്നത്. ചിലർ ഇപ്പോൾത്തന്നെ ഇവിടം വിട്ടു പോകാനും തുടങ്ങിയിരിക്കുന്നു. ഒരു നല്ല കാര്യമെന്തെന്നാൽ മൃതപ്രായമായ ശബ്ദമാണെങ്കിലും, യു.എൻ.ഒ ഉയർത്തുന്നുണ്ട്. ഇത് മനുഷ്യാവകാശ ലംഘനമാണെന്നും ഇതു തെറ്റാണെന്നും ഇതുമൂലം പ്രശ്നങ്ങൾ ഉണ്ടാകുമെന്നും ഇസ്‌റായീൽ തങ്ങളുടെ കൽപനയെപറ്റി പുനർവിചിന്തനം ചെയ്യണമെന്നും പറയുന്നു. ശക്തമായി ഇതു തെറ്റാണെന്ന് പറയുന്നതിനുപകരം ഇപ്പോഴും അവരോട് അപേക്ഷിച്ചു ലാകം ഇസ്‌റാഈൽ സ്ത്രീകളെയും കുട്ടികളെയും സാധാരണക്കാരെയും നിരപരാധികളായി മനസ്സിലാക്കുന്നുവെങ്കിൽ, ഈ ഫലസ്തീനികളും നിരപരാധികൾ തന്നെയാണ്. ഈ ഗ്രന്ഥാനുസാരികളുടെ അധ്യാപനം, അവരോട് ഇത്തരം കൊല്ലും കൊലയും അനുവദനീയമല്ലെന്ന് പറയുന്നു. മുസ്‌ലിമീങ്ങൾ ചെയ്യുന്നത് തെറ്റാണെന്ന് ആക്ഷേപിക്കുന്നവർ തങ്ങളിലേക്കു തന്നെ ഒന്നു നോക്കണം.

ഏതായാലും നമ്മൾ ഒരുപാട് ദുഃആ ചെയ്യേണ്ടതാണ്. ഫലസ്തീൻ അംബാസഡർ ഇവിടെ ബി.ബി.സിക്കോ മറ്റോ നൽകിയ അഭിമുഖത്തിൽ ഒരു ചോദ്യത്തിന് മറുപടിയായി പറയുന്നു: ഹമാസ് ഒരു തീവ്രവാദ ഗ്രൂപ്പാണ്, അത് സർക്കാരല്ല. ഫലസ്തീൻ സർക്കാരിന് അവരുമായി ഒരു ബന്ധവുമില്ല. അതോടൊപ്പം അദ്ദേഹം ഒരു ചോദ്യം ഉന്നയിക്കുകയുണ്ടായി. യഥാർഥ നീതി നടപ്പിൽ വരുത്തിയിരുന്നെങ്കിൽ, ഇതൊന്നും സംഭവിക്കില്ലായിരുന്നു. വൻശക്തികൾ തങ്ങളുടെ ഇരട്ടത്താപ്പ് ഇല്ലാതാക്കിയാൽ, ഇത്തരം അശാന്തിയും യുദ്ധങ്ങളും ഒരിക്കലും സംഭവിക്കുന്നതല്ല. ആയതിനാൽ ഈ ഇരട്ടത്താപ്പ് അവസാനിപ്പിക്കുക, അങ്ങനെയായാൽ യുദ്ധങ്ങൾ സ്വയം ഇല്ലാതാകുന്നതാണ്.

ഇക്കാര്യങ്ങളെല്ലാം ഇസ്‌ലാമിക അധ്യാപനങ്ങളുടെ വെളിച്ചത്തിൽ ഞാൻ കുറേക്കാലമായി പറഞ്ഞു കൊണ്ടിരിക്കുന്നു. അവർ മുന്നിലിരുന്ന് ഇതൊക്കെ ശരിയാണെന്ന് സമ്മതിക്കുന്നുവെങ്കിലും പ്രവർത്തനത്തിൽ കൊണ്ടുവരാൻ തയ്യാറല്ല.

ഇപ്പോൾ വൻശക്തികളും പാശ്ചാത്യശക്തികളും നീതിയെ ഒരു ഭാഗത്ത് മാറ്റിവെച്ച് ഫലസ്തീനികൾക്കുമേൽ ആക്രമണം നടത്താൻ ഒന്നിക്കുകയാണ്. എല്ലാ ഭാഗത്തും സൈന്യങ്ങളെ അയക്കുന്നതിനെക്കുറിച്ചുള്ള ചർച്ചകളാണ് നടക്കുന്നത്.

മർദ്ദിതരുടെ ചിത്രങ്ങൾ കാണിച്ചുകൊണ്ട് ഇങ്ങനെയെല്ലാം ആക്രമണങ്ങൾ നടക്കുന്നുവെന്ന് പറയുന്നു. തെറ്റായ വാർത്തകൾ മാധ്യമങ്ങൾ കൊടുക്കുന്നു. ഒരു ദിവസം വന്ന വാർത്തയിൽ ഇസ്‌റാഈലി സ്ത്രീകൾക്കും കുട്ടികൾക്കും വളരെ പരിതാപകരമായ അവസ്ഥയാണെന്ന് കാണിച്ചിരുന്നു. അടുത്ത ദിവസംതന്നെ അതൊന്നും ഇസ്‌റാഈലികളുടേതല്ലെന്നും എല്ലാം യഥാർഥത്തിൽ ഫലസ്തീനികളുടേതാണെന്നും മനസ്സിലായി. എന്നാൽ, ഇക്കാര്യത്തിൽ മാധ്യമങ്ങൾ ഖേദം പ്രകടിപ്പിക്കുകയോ സഹാനുഭൂതി പ്രകടിപ്പിക്കുകയോ ചെയ്യുന്നില്ല. കൈയൂക്കുള്ളവൻ കാര്യക്കാരൻ എന്ന നിലയ്ക്കാണ് പ്രവർത്തിക്കുന്നത്. ലോകം സമ്പന്ന ശക്തികൾക്കു മുന്നിലാണ് പ്രണമിക്കുന്നത്.

കാര്യങ്ങൾ വിശകലനം ചെയ്യുകയാണെങ്കിൽ വൻശക്തികൾ ഈ യുദ്ധം തണുപ്പിക്കുന്നതിനു പകരം ആളിക്കത്തിക്കാനാണ് ശ്രമിക്കുന്നതെന്ന് കാണാം. അവർ യുദ്ധം അവസാനിപ്പിക്കാൻ ആഗ്രഹിക്കുന്നില്ല. ഒന്നാം ലോകമഹായുദ്ധത്തിനുശേഷം, യുദ്ധങ്ങൾക്ക് അറുതി വരുത്താൻ വൻശക്തികൾ ലീഗ് ഓഫ് നേഷൻസ് ഉണ്ടാക്കിയിരുന്നു. പക്ഷേ, നീതി പാലിക്കാത്തതും തങ്ങളുടെ മേൽക്കോയ്മ സ്ഥാപിക്കാൻ ശ്രമിക്കുന്നതും കാരണം അത് പരാജയപ്പെട്ടു, പിന്നെ രണ്ടാം ലോകമഹായുദ്ധമുണ്ടായി. 7 കോടിയിലധികം ജീവനുകളാണ് അതിൽ നഷ്ടപ്പെട്ടത്. ഇപ്പോൾ യു.എന്നിന്റെ സ്ഥിതിയും ഇതുതന്നെയാണ്. ലോകത്ത് നീതി നടപ്പാക്കാനും മർദ്ദിതരെ സഹായിക്കാനും യുദ്ധങ്ങൾ അവസാനിപ്പിക്കാനുമാണ് ഇതുണ്ടാക്കിയത്. പക്ഷേ, ഈ കാര്യങ്ങളൊന്നും വിദൂരമായിപ്പോലും കാണപ്പെടുന്നില്ല. എല്ലാവരും സ്വാർഥലാഭം മാത്രമാണ് നോക്കുന്നത്. ഇനി ഈ അനീതിമൂലം യുദ്ധം ഉണ്ടാകുകയാണെങ്കിൽ സാധാരണക്കാർക്ക് അതിന്റെ ഭവിഷ്യത്തിനെ കുറിച്ച് ചിന്തിക്കാൻ പോലും സാധ്യമല്ല. സംഭവിക്കാൻ പോകുന്നത് എത്ര വലിയ നാശമാണ് എല്ലാ വൻശക്തികൾക്കുമറിയാം. എന്നിട്ടും നീതി സ്ഥാപിക്കാൻ ശ്രദ്ധിക്കുന്നതു പോലുമില്ല, അങ്ങനെ ശ്രദ്ധിക്കാൻ ആരും തയ്യാറാകുന്നുമില്ല. ഇത്തരം സാഹചര്യത്തിൽ മുസ്‌ലിം രാഷ്ട്രങ്ങളെങ്കിലും ബുദ്ധിപൂർവം നീങ്ങേണ്ടതാണ്. തങ്ങളുടെ ഭിന്നതകൾ മാറ്റിവെച്ച് ഐക്യപ്പെടേണ്ടതാണ്. ഗ്രന്ഥാനുസാരികളുമായുള്ള ബന്ധം മെച്ചപ്പെടുത്താൻ അല്ലാഹു മുസ്‌ലിമീങ്ങൾക്ക് നൽകിയ ഉപദേശം തആലൗ ഇലാ കലിമത്തിൻ സവാഇൻ ബയ്നനാ ബയ്നക്കും (3:65)എന്നതാണ്. അതായത് ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ തുല്യസമ്മതമായ ഒരു കാര്യത്തിലേക്ക് വരിക എന്നതാണ്. അത് അല്ലാഹുവിന്റെ അസ്തിത്വമാകുന്നു.

മുസ്‌ലിമീങ്ങളുടെ കലിമ തികച്ചും ഏകമാണ്. അത്തരം അവസ്ഥകളിൽ മുസ്‌ലിം രാഷ്ട്രങ്ങൾ കുറഞ്ഞപക്ഷം ബുദ്ധിപൂർവം പ്രവർത്തിക്കേണ്ടതാണ്. ഭിന്നിപ്പുകൾ നീക്കി തങ്ങളുടെ ഐക്യം സ്ഥാപിക്കേണ്ടതാണ്. ഇതു തന്നെയാണ് ലോകത്തുനിന്ന് കലാപങ്ങൾ ഇല്ലാതാക്കാനുള്ള മാർഗം. നീതിയുടെ തേട്ടങ്ങൾ പൂർത്തിയാക്കുന്നതിനു വേണ്ടിയും മർദ്ദിതന്റെ അവകാശങ്ങൾ എല്ലായിടത്തും സ്ഥാപിക്കുന്നതിനുവേണ്ടിയും ഒരുമിച്ചുനിന്ന് ശബ്ദമുയർത്തണം. ഒന്നിച്ചു നിൽക്കുകയും ഐക്യപ്പെടുകയുമാണെങ്കിൽ ആ ശബ്ദത്തിനും ഒരു ഊക്കുണ്ടാകുന്നതാണ്. അല്ലാത്തപക്ഷം, നിർദോഷികളായ മുസ്‌ലിമീങ്ങളുടെ ജീവനഷ്ടത്തിന് ഇവരും ഉത്തരവാദികളായിരിക്കും. നബി(സ) തിരുമേനി മർദ്ദിതനെയും മർദ്ദകനെയും സഹായിക്കാൻ പറഞ്ഞത് എപ്പോഴും മുന്നിൽ ഉണ്ടായിരിക്കണം. ഈ ശക്തികളും സുപ്രധാനമായ ഈ സംഗതി മനസ്സിലാക്കേണ്ടിയിരിക്കുന്നു. അല്ലാഹു മുസ്‌ലിംഭരണകൂടങ്ങൾക്ക് ബുദ്ധിയും വിവേകവും നൽകുമാറാകട്ടെ, അവർക്ക് ഒന്നിച്ചു അല്ലാഹു അല്ലാഹു മുസ്‌ലിം ഭരണകൂടങ്ങൾക്ക് ബുദ്ധിയും വിവേകവും നല്കുമാറാകട്ടെ. ഒന്നിച്ചു നിന്നുകൊണ്ട് നീതി സ്ഥാപിക്കാൻ അവർക്ക് കഴിയുമാറാകട്ടെ. അവൻ ലോകശക്തികൾക്കും ലോകത്തെ നാശത്തിലേക്ക് തള്ളിയിടുന്നതിനു പകരം അവരെ രക്ഷിക്കാൻ ശ്രമിക്കാനും തങ്ങളുടെ അഹങ്കാരത്തിൽ അഭിരമിക്കുന്നത് തങ്ങളുടെ ഉദ്ദേശ്യ ലക്ഷ്യമാക്കാതിരിക്കാനും ബുദ്ധിയും വിവേകവും നൽകുമാറാകട്ടെ, നാശം സംഭവിക്കുമ്പോൾ ഈ ശക്തികൾപോലും സുരക്ഷിതമായിരിക്കില്ലെന്ന് എപ്പോഴും ഓർമവേണം.

ഏതായാലും നമ്മുടെ പക്കൽ ദുഃആ എന്ന ആയുധം മാത്രമാണുള്ളത്. അത് അഹ്മദികൾ നേരത്തേതിലും അധികമായി ഉപയോഗപ്പെടുത്തേണ്ടതാണ്. ഗാസയിൽ ചില അഹ്മദി വീടുകളും വലയത്തിലാണുള്ളത്. അല്ലാഹു അവരേയും എല്ലാ നിരപരാധികളായ മർദ്ദിതരേയും സംരക്ഷിക്കുമാറാ കട്ടെ.

അല്ലാഹു ഹമാസിനും ബുദ്ധി നൽകുമാറാകട്ടെ. അവർ സ്വന്തം ആളുകൾക്കുമേൽ ദ്രോഹം ചെയ്യുന്നതിന്റെ ഉത്തരവാദികളാകാതിരിക്കട്ടെ, ആരേയും ദ്രോഹിക്കാതിരിക്കട്ടെ.

അല്ലാഹു വൻ ശക്തികൾക്കും ഇരുപക്ഷത്തെയും നീതിയുടെ തേട്ടങ്ങൾ നിറവേറ്റിക്കൊണ്ട് സമാധാനം സ്ഥാപിക്കുന്നവരാകാനും ഒരു ഭാഗത്തുമാത്രം ചായാതെയും മറ്റുള്ളവരുടെ അവകാശങ്ങൾ ധ്വംസിക്കാതെയും അക്രമത്തിലും അനീതിയിലും മുന്നോട്ടു പോകാതിരിക്കാനും സൗഭാഗ്യം നൽകുമാറാകട്ടെ. ലോകത്ത് ശാന്തിയും സമാധാനവും പുലർന്ന് കാണാൻ അല്ലാഹു നമുക്ക് തൗഫീഖ് നൽകുമാറാകട്ടെ.

നമസ്കാരത്തിനുശേഷം ഞാൻ രണ്ടു ജനാസയും നമസ്കരിപ്പിക്കുന്നതാണ്. അതിലൊരു ജനാസ ഹാജരാണ്. ജനാസ വന്നില്ലേ?

ജനാസ ഹാജർ ഡോക്ടർ ബശീർ അഹ്മദ് ഖാൻ സാഹിബിന്റേതാകുന്നു. ഇദ്ദേഹം യു.കെ.യിലെ മസ്ജിദ് ഫള്ൽ ഹൽഖയിലാണ് താമസിച്ചിരുന്നത്. കഴിഞ്ഞ ദിവസം 92-ാമത്തെ വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.

ഇദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി ഹദ്റത്ത് മീർ അഹ്മദ് സാഹിബ്(റ)ന്റെ ദൗഹിത്രനും സർഹദ് സംസ്ഥാനത്തിലെ മുൻ അമീർ ഹദ്റത്ത് ഖാളി മുഹമ്മദ്

## • കലാമുൽ ഇമാം: •

'ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയിലല്ല; പ്രത്യുത നബി(സ)തിരുമേനിയുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചുകൊണ്ട്. അവിടത്തെ പദവികളുടേയും നിലകളുടേയും അഭിവൃദ്ധിക്കുവേണ്ടി. അവിടത്തെ വിജയത്തിനുവേണ്ടി.'(മൽഫൂദാത്ത് വാല്യം 3, പേജ് 38)

## • അല്ലാഹുവിന്റെ കലാം: •

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാല്യം 3, പേജ് 38)**


## തൊഴിലാളികളെ ആവശ്യമുണ്ടോ?

നിങ്ങൾക്ക് ഡ്രൈവർ, കല്ലാശാരി, ഇലക്ട്രീഷ്യൻ, അല്ലെങ്കിൽ മറ്റു തൊഴിലാളികളെ ആവശ്യമുണ്ടോ? അധ്വാനികളും വിശ്വസ്തരുമായ തൊഴിലാളികൾക്ക് ഞങ്ങളുമായി ബന്ധപ്പെടുക

KHAIRUL ISLAM, JAYGAM -WEST BENGAL - Phone: 97348 44732

ത്വാലിബെ ദുആ: T.A. SAJEER
AHMADIYYA JAMA-ATH, ALLEPPEY Ph:92497 38840

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ര്‍ വീക്കിലി ഖാദിയാന്‍ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-8 Thursday 16 November 2023 Issue-46

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

യൂസുഫ് സാഹിബിന്റെ ജാമാതാവും പിശാവറിലെ ഖവാസ് ഖാൻ സാഹിബിന്റെ പുത്രനുമായിരുന്നു. പരേതൻ നമസ്കാരത്തിലും നോമ്പിലും കൃത്യനിഷ്ഠയുള്ളയാളും ഖിലാഫത്തിൽ അഗാധമായ വിശ്വാസമുള്ളയാളും സാധു സംരക്ഷകനും ആത്മാർഥതയുള്ള വ്യക്തിയുമായിരുന്നു.

ജീവിതം വഖ്ഫു ചെയ്ത് നുസ്വ്റത്ത് ജഹാൻ സ്കീമിനു കീഴിൽ ഘാനയിലെ ടേച്ചിമാനിലെ അഹ്മദിയ്യാ ഹോസ്പിറ്റലിൽ ജോലി ചെയ്തിരുന്നു. അവിടെ അദ്ദേഹത്തിന് കുറച്ചുകാലം സേവനത്തിന് അവസരം ലഭിച്ചു. ഘാനയിൽനിന്ന് തിരിച്ചുവന്നശേഷം ഇസ്‌ലാമാബാദിലെ ഗ്രാമീണ പ്രദേശങ്ങളിൽ അഹ്മദി ഡോക്ടർമാരോടൊപ്പം മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കാൻ അവസരം ലഭിച്ചിട്ടുണ്ട്. അദ്ദേഹം യു.കെ.യിലേക്ക് മാറിയപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ കാലത്ത് ജുമുഅ ഖുത്വ്ബകൾ പരിഭാഷപ്പെടുത്താനും സംഗ്രഹം തയ്യാറാക്കാനുമുള്ള സേവനവും വളരെ നല്ല രീതിയിൽ ചെയ്യുകയുണ്ടായി. വിശുദ്ധ ഖുർആനോടു നല്ല സ്നേഹമായിരുന്നു. കൃത്യമായി ശ്രദ്ധാപൂർവം വിശുദ്ധ ഖുർആൻ പാരായണം ചെയ്തിരുന്നു. തന്റെ മക്കൾക്ക് തർജമ പഠിപ്പിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

ചെറുപ്രായത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ അനുഗൃഹീത കാലഘട്ടത്തിൽ നീണ്ടകാലം ഖാദിയാനിൽ വന്ന് സമയം ചെലവഴിക്കാൻ അവസരം ലഭിച്ചിട്ടുണ്ട്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ നിരവധി പ്രഭാഷണങ്ങൾ അദ്ദേഹത്തിന് മനഃപാഠമായിരുന്നു, അതുപോലെ തന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളിലെ പല ഉദ്ധരണികളും പദ്യങ്ങളും അദ്ദേഹം ഹൃദിസ്തമാക്കിയിരുന്നു. പരേതൻ മൂസ്വിയായിരുന്നു. സന്തപ്ത കുടുംബത്തിൽ ഭാര്യയെ കൂടാതെ ഒരു മകനും ആറ് പെൺമക്കളുമുണ്ട്. ജാമാതാവ് ഡോകടർ മുസ്‌ലിം മാദ്റോബി സാഹിബ് പറയുന്നു: (പരേതൻ) കൃത്യമായി തഹജ്ജുദ് അനുഷ്ഠിച്ചിരുന്നു. വളരെ നിഷ്കളങ്കനായ വിശ്വാസിയായിരുന്നു. മുത്തഖിയും ധീരനുമായിരുന്നു. ഖിലാഫത്തിനോടും ജമാഅത്തിനോടും അനിതര സാധാരണമായ സ്നേഹബന്ധമായിരുന്നു. ഞാൻ അദ്ദേഹത്തിൽനിന്നാണ് ഖലീഫമാരോടുള്ള അകൈതവമായ സ്നേഹബന്ധം എന്താണെന്ന് പഠിച്ചത്. അദ്ദേഹത്തിന് തബ്‌ലീഗിലും നല്ല താൽപര്യമുണ്ടായിരുന്നു. അതിനുള്ള ഒരു അവസരവും നഷ്ടപ്പെടുത്തിയിരുന്നില്ല. മുസ്‌ലിം സാഹിബ് പറയുന്നു: ഞാൻ സിറിയയിലും ജോർദാനിലുമായിരുന്നപ്പോൾ എന്റെയടുത്ത് വരുമ്പോഴെല്ലാം വളരെ വേഗം അയൽവാസികളുമായി സൗഹാർദ്ദത്തിലാകുന്നതും എന്റെ ഗാർഡുകളുമായും ജീവനക്കാരുമായും നല്ല ബന്ധമുണ്ടാക്കി അവർക്ക് ജമാഅത്തിനെ കുറിച്ച് പറഞ്ഞു കൊടുക്കുന്നതും കണ്ടിട്ടുണ്ട്.

അദ്ദേഹത്തിന്റെ ഭാര്യ സുബയ്ദ സാഹിബ പറയുന്നു: മൂന്നാം ഖിലാഫത്തു കാലത്ത് നുസ്വ്റത്ത് ജഹാൻ സ്കീമിനു കീഴിൽ അദ്ദേഹത്തിന് പശ്ചിമാഫ്രിക്കയിൽ പോകാൻ ഉത്തരവു ലഭിച്ചപ്പോൾ പരിപൂർണ അനുസരണത്തോടെ ഉടൻതന്നെ പോകാനുള്ള തയ്യാറെടുപ്പുകൾ ആരംഭിച്ചു. അദ്ദേഹം വളരെ ത്വരിതഗതിയിൽ തയ്യാറെടുപ്പ് നടത്തുന്നത് കണ്ടപ്പോൾ ഞാൻ പോലും അത്ഭുതപ്പെട്ടുപോയി. ഞങ്ങളുടെ മകൾക്ക് രണ്ടുമാസമായിരുന്നു പ്രായം. പക്ഷേ, അദ്ദേഹം പറഞ്ഞു, ഇമാമിന്റെ കൽപനയാണ്, ഉടൻതന്നെ തയ്യാറെടുപ്പു നടത്തണം. അങ്ങനെ ഞങ്ങൾ നാലുമക്കളേയും കൂട്ടി റബ്‌വയിലെത്തി. ഹുദൂറുമായി കൂടിക്കാഴ്ച നടത്തി മാർഗനിർദേശങ്ങൾ കരസ്ഥമാക്കുകയും ചെയ്തു. തിരിച്ച് ബനൂൻ എന്ന സ്ഥലത്തെത്തി, ദുആ ചെയ്യാനും തുടങ്ങി. അന്ന് ഡോക്ടർമാർക്ക് രാജ്യത്തിനു പുറത്തു പോകാൻ നിയന്ത്രണങ്ങളുണ്ടായിരുന്നു. ഏതായാലും ഭൂട്ടോ സാഹിബിന്റെ കാലമായിരുന്നു. അദ്ദേഹത്തിന് അനുമതി ലഭിക്കുകയും പുറപ്പെടുകയും ചെയ്തു. ജമാഅത്തായി നമസ്കരിക്കാൻ അവസരം കിട്ടുന്നതിനും പ്രയാസങ്ങൾ അകലുന്നതിനുംവേണ്ടി എപ്പോഴും ദുആ ചെയ്തിരുന്നു. അല്ലാഹു എപ്പോഴും പരിഹാരങ്ങളുണ്ടാക്കുകയും ജമാഅത്തായി നമസ്കരിക്കാൻ തൗഫീഖു നൽകുകയും ചെയ്തിരുന്നു. അല്ലാഹു ഞങ്ങൾക്ക് ഒരു വാഹനം വാങ്ങാൻ തൗഫീഖ് നൽകിയപ്പോൾ മസ്ജിദിലേക്ക് പോകുമ്പോഴും വരുമ്പോഴും മറ്റുള്ളവരേയും അതിൽ കയറ്റുകയും അക്കാര്യത്തിൽ വലിയ സന്തോഷം പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. മസ്ജിദ് ഫള്ലിനടുത്ത് വീട് ലഭിച്ചപ്പോൾ അഞ്ചുനേരം മസ്ജിദിൽ പോയി നമസ്കരിക്കാൻ അവസരം ലഭിച്ചതിൽ അദ്ദേഹം ഏറെ സന്തോഷവാനായിരുന്നു. സ്വഷ്ടിസേവനത്തിനുള്ള എല്ലാ മാർഗങ്ങളും രീതികളും അവലംബിച്ചിരുന്നു. തബ്‌ലീഗിനുള്ള ഒരു അവസരവും പാഴാക്കിയിരുന്നില്ല. ചന്ദകൾ യഥാസമയം കൊടുക്കുകയും അക്കാര്യത്തിൽ ഞങ്ങളെ ഉപദേശിക്കുകയും ചെയ്തിരുന്നു. അല്ലാഹു അദ്ദേഹത്തോടു പൊറുമയോടും കരുണയോടും വർത്തിക്കുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും അദ്ദേഹത്തിന്റെ നന്മകൾ തുടരാൻ തൗഫീഖ് ലഭിക്കുമാറാകട്ടെ.

ഒരു ജനാസ ഗാഇബുമുണ്ട്. അത് ഡോകടർ ശഫീഖ് സഹ്ഗൽ സാഹിബിന്റെ ഭാര്യ വസീമ ബീഗം സാഹിബയുടെതാണ്. ശഫീഖ് സഹ്ഗൽ സാഹിബ് മുൽത്വാൻ മുൻ ജില്ലാ അമീറായിരുന്നു. പിന്നീട് നാഇബ് വക്കീലുത്തസ്വ്നീഫുമായി. വസീമ ബീഗം സാഹിബ 89-ാമത്തെ വയസ്സിലാണ് വഫാത്തായത്. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.

മർഹൂമ മൂസ്വിയ ആയിരുന്നു. സന്തപ്ത കുടുംബത്തിൽ ഭർത്താവിനെ കൂടാതെ മൂന്ന് ആൺമക്കളുമുണ്ട്.

അവരുടെ ഭർത്താവ് ഡോക്ടർ മുഹമ്മദ് ശഫീഖ് സഹ്ഗൽ സാഹിബ് എഴുതുന്നു: എന്റെ ഭാര്യ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി ഹദ്റത്ത് ശേഖ് മുശ്താഖ് അഹ്മദ് സാഹിബ്(റ)ന്റെ പൗത്രിയും ലാഹോറിലെ മർഹൂം ജസ്റ്റീസ് ശേഖ് ബശീർ അഹ്മദ് സാഹിബിന്റെ പുത്രിയും സയ്യിദ ഉമ്മു വസീം സാഹിബയുടെ സഹോദരി പുത്രിയുമായിരുന്നു. എല്ലാ ഖിലാഫത്തു കാലത്തും അവർക്ക് ഖിലാഫത്തിനോടു ആഴത്തിലുള്ള ബന്ധമായിരുന്നു. വളരെ കൂറോടുകൂടി എല്ലാ കാലത്തും ഖിലാഫത്തുമായി പ്രതിബദ്ധത പുലർത്തിയിരുന്നു.

അവരുടെ പൗത്രൻ മുഹയുദ്ദീൻ സാഹിബ് പറയുന്നു: എന്റെ മാതാമഹിക്ക് വലിയ ത്യാഗമനോഭാവമായിരുന്നു. റൂഹാനി ഖസാഇൻ നല്ലപോലെ പാരായണം ചെയ്തിരുന്നു. എന്റെ പിതാമഹൻ ജീവിതം വഖ്ഫു ചെയ്ത ആളായിരുന്നു. ഒരിക്കൽ ഞാൻ മാതാമഹിയോടു ചോദിച്ചു: നിങ്ങളും വഖ്ഫു ചെയ്തിട്ടുണ്ടോ? അതിന് മറുപടിയായി അവർ പറഞ്ഞു: വഖ്ഫു ചെയ്ത ആളുടെ ഭാര്യമാരും വഖ്ഫിലാണെന്ന് ഖലീഫമാർ പറഞ്ഞിട്ടുണ്ട്. അവരുടെ മകന്റെ ഭാര്യയും സഹോദര പുത്രിയുമായ ആഇശ പറയുന്നു: എന്റെ അമ്മായി എല്ലാവരോടും സ്നേഹമുള്ള മഹതിയായിരുന്നു. അവർ ലജ്നയുടെ പ്രതിജ്ഞയിലുള്ള ഞാൻ എന്റെ ജീവനേയും സമ്പത്തിനേയും സമയത്തേയും സന്തതികളേയും ത്യാഗം ചെയ്യാൻ സദാ സന്നദ്ധയായിരിക്കും എന്നതിന്റെ ജീവൽ പ്രതീകമായിരുന്നു. എന്റെ വിവാഹത്തിനുശേഷം ഒരുപാട് തർബിയ്യത്തീ കാര്യങ്ങളിൽ അവർ എനിക്ക് മാർഗനിർദേശങ്ങൾ തന്നിട്ടുണ്ട്. എനിക്ക് വിശുദ്ധ ഖുർആൻ വാക്കർഥവും പഠിപ്പിച്ചു തന്നിട്ടുണ്ട്.

അവരുടെ സഹോദരീ പുത്രിയും മറ്റൊരു മകന്റെ ഭാര്യയുമായ സക്കിയ സാഹിബ പറയുന്നു: എന്റെ എളാമ സാധു സംരക്ഷകയും മാതൃകാ വനിതയും എല്ലാവരേയും സ്നേഹിക്കുന്ന സ്വഭാവത്തിനുടമയുമായിരുന്നു. ഭർത്താവ് പറയുന്ന ഒരു കാര്യവും തിരസ്കരിച്ചിരുന്നില്ല. മറ്റുള്ളവർക്ക് എപ്പോഴും ഉപകാരം ചെയ്യാൻ സന്നദ്ധമായ പ്രകൃതമായിരുന്നു.

അവരുടെ സഹോദരി നയീമ ജമീൽ സാഹിബ പറയുന്നു: അവരെന്നോട് ഉമ്മയെപ്പോലെ വാത്സല്യം കാണിച്ചിരുന്നു. ഞാൻ അമ്പതാമത്തെ വയസ്സിൽ വിധവയായപ്പോൾ അല്ലാഹു എനിക്കുവേണ്ടി അവരെ മാലാഖയാക്കുകയുണ്ടായി. എപ്പോഴും എന്നെ സഹായിക്കുകയും ഉപദേശിക്കുകയും ചെയ്തിരുന്നു. ഇബാദത്തുകൾ അനുഷ്ഠിക്കുന്നതോടൊപ്പം സമസൃഷ്ടി സേവനത്തിലും ബദ്ധശ്രദ്ധയായിരുന്നു. നിരവധി പെൺകുട്ടികളുടെ വിവാഹം ഏറ്റെടുത്ത് നടത്തികൊടുത്തിട്ടുണ്ട്. ദരിദ്രരായ ഗ്രാമീണ വാസികളെയും മോശമായി ഗണിച്ചിരുന്നില്ല. സഹായം ആവശ്യമായിരുന്ന ജോലിക്കാരെ സാമ്പത്തികമായും സഹായിക്കൻ ശ്രമിച്ചിരുന്നു.

അല്ലാഹു അവരോടു പൊറുമയോടും കരുണയോടും വർത്തിക്കുമാറാകട്ടെ. അവരുടെ മക്കൾക്കും അവരുടെ നന്മകൾ തുടരാൻ തൗഫീഖ് നല്കുമാറാകട്ടെ. (വിവർത്തനം: എച്ച്. ശംസുദ്ദീൻ കാവശ്ശേരി)

---

**(പേജ് 1 ൽനിന്ന്)**

എന്നതിനെഴുതിയ വ്യാഖ്യാനത്തിൽ പറയുന്നു:

അബ്ദൻ മ്മിൻഇബാദിനാ: വിശുദ്ധ ഖുർആനിൽ നബി(സ)തിരുമേനിയെ *അബ്ദൻ* എന്ന പദംകൊണ്ട് സ്മരിക്കപ്പെട്ടിരിക്കുന്നു. സൂറത്തുൽജിന്നിൽ അല്ലാഹു പറയുന്നു: വ അന്നഹൂ ലമ്മാ ഖാമ അബ്ദുല്ലാഹി യദ്ഊഹു കാദൂ യകൂനൂന അലയ്ഹി ലിബദാ (72:20)

അവിടന്ന് നമസ്കാരത്തിനുവേണ്ടി നിൽക്കുമ്പോൾ ആളുകൾ അദ്ദേഹത്തിനുമേൽ കൂട്ടംകൂടി ചാടി വീഴാറാകുന്നു. സ്വൂഫി വര്യന്മാർ എത്രത്തോളം ചർച്ച ചെയ്തിട്ടുണ്ടെന്നാൽ, അബ്ദിന്റെ സ്ഥാനം എല്ലാ പദവികളെക്കാളും വലിയപദവിയും ഉന്നത സ്ഥാനവുമാണ്. നബി(സ)തിരുമേനിയല്ലാതെ ഒരാളും സമ്പൂർണ അബദായിട്ടില്ല. ആത്തയ്നാഹു റഹ്മത്തൻമ്മിൻ ഇൻദിനാ എന്നതിലും ആ മഹാത്മാവ് തന്നെയാണ് സൂചിപ്പിക്കപ്പെട്ടിരിക്കുന്നത്. വമാ അർസൽനാക്ക ഇല്ലാ റഹ്മത്തൻല്ലിൽആലമീൻ(21:108) അതായത് നാം നിന്നെ ലോകത്തിന് ഒരു കാരുണ്യമായി മാത്രമാണ് അയച്ചിട്ടുള്ളത് എന്നു പറഞ്ഞതുപോലെ. അല്ലംനാഹു മിൻല്ലദുന്നാ ഇൽമൻ മുമ്പേയുള്ള ആർക്കും കിട്ടിയിട്ടില്ലാത്ത പ്രത്യേക അറിവ് അദ്ദേഹത്തിന് നല്കപ്പെട്ടിരിക്കുന്നു. സൂറത്തുന്നിസാഇൽ അല്ലാഹു പറയുന്നു:വ അല്ലമക്ക മാലം തകുൻ തഅ്‌ലമു വകാന ഫള്‌ലുല്ലാഹി അലയ്ക്ക അള്വീമൻ(4:114). അല്ലയോ റസൂലേ!നീ അറിയാതിരുന്നത് നാം നിനക്ക് പഠിപ്പിച്ചുതരികയും ചെയ്തിരിക്കുന്നു. നിന്നിൽ ഇതുമുഖേന വളരെ വലിയ അനുഗ്രഹം ചെയ്തിരിക്കുന്നു. ഇപ്രകാരംതന്നെ പറയുന്നു:വ ഉല്ലിംത്തും മ്മാലം തഅ്‌ലമൂ അൻതും വലാ ആബാഉക്കും(6:92) അതായത് ഈ നബി മുഖേന ഇതിനുമുമ്പേ ആർക്കും നല്കപ്പെട്ടിട്ടില്ലാത്ത അറിവ് നിങ്ങൾക്ക് നല്കപ്പെട്ടിരിക്കുന്നു. മുമ്പേയുള്ളവരിൽ മൂസായും ഈസായും അടങ്ങിയിരിക്കുന്നു. ഇപ്രകാരം തന്നെ അല്ലാഹു പറയുന്നു:വ ഇന്നക്ക ലതുലഖൽ ഖുർആന മിൻല്ലദുൻ ഹക്കീമിൻ അലീമിൻ(27:7)തീർച്ചയായും യുക്തിജ്ഞനും സർവജ്ഞനുമായ അല്ലാഹുവിൽനിന്ന് ഈ ഖുർആൻ നിനക്ക് പഠിപ്പിക്കപ്പെടുന്നു. ഇപ്രകാരം നബി(സ)തിരുമേനിക്ക് ദുആ പഠിപ്പിക്കപ്പെട്ടു, ഖുൽർറബ്ബി സിദ്നീ ഇൽമാ(20:115) അതായത് ഏ മുഹമ്മദേ! നീ അല്ലാഹുവിനോടു ദുആ ചെയ്തുകൊണ്ടിരിക്കുക ഇലാഹീ! എന്റെ അറിവ് ഇനിയും വർധിപ്പിച്ചാലും. എന്റെ അറിവ് ഇനിയും വർധിപ്പിച്ചാലും.(തഫ്സീറെ കബീർ വാല്യം 4, പേജ് 476, പ്രസാധനം 2010 ഖാദിയാൻ)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin